# പെരിങ്ങളം
# ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണം





# വികസനരേഖ
## 1996

14-5—8

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## പെരിങ്ങളം ഗ്രാമപഞ്ചായത്ത്
## വികസന സെമിനാർ

**1996 നവംബർ 30 ശനി**

**എൻ.എ.എം. ഹൈസ്ക്കൂൾ**
**പെരിങ്ങത്തൂർ**

# വികസന റിപ്പോർട്ട്

# എഡിറ്റോറിയൽ ബോർഡ്

*എഡിറ്റർ* : ടി. ദാമോദരൻ

*അംഗങ്ങൾ* : കെ.പി. കമല

ഇ.എ. നാസർ

കെ.പി. പ്രദീപ് കുമാർ

നിടൂർ മുഹമ്മദ്

സി.എച്ച്. സ്വാമിദാസൻ

അലി. കുയ്യാലിൽ

പി.കെ. മുസ്തഫ

ദേവദാസൻ മത്തത്ത്



❒

*ഡി.ടി.പി., ലേഔട്ട് & പ്രിൻറിംഗ് :*

പ്രിൻറ് മീഡിയ

ചെറൂട്ടി റോഡ്

കോഴിക്കോട് - 673 032


**''ഗ്രാമകുടിൽ വ്യവസായങ്ങളോടൊപ്പം വൈദ്യുതി, കപ്പൽ നിർമ്മാണം, ഇരുമ്പു രുക്ക് വ്യവസായം ഒക്കെസഹവർത്തിക്കുന്നത് ഞാൻ ഭാവന ചെയ്യുന്നു. പക്ഷെ മുൻഗണന കൃത്യമായും നിർവചിക്കപ്പെടേണ്ടതുണ്ട്. ഇതുവരെയും വ്യവസായ വൽക്കരണം ഗ്രാമങ്ങളെയും ഗ്രാമ - കുടിൽ വ്യവസായങ്ങളേയും നശിപ്പിക്കുന്ന രീതിയിലാണ് നടപ്പിലാക്കപ്പെട്ടിട്ടുള്ളത്. ഭാവിയിൽ അത് ഗ്രാമങ്ങളെയും അവയുടെ വ്യവസായങ്ങളേയും സേവിക്കുന്ന തരത്തിലാവണം.''**

**ഗാന്ധിജി**

# പെരിങ്ങളം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി

| | | | |
|---|---|---|---|
| 1. | കെ.പി. കമല | : | പ്രസിഡണ്ട് |
| 2. | ഇ.എ. നാസർ | : | വൈസ് പ്രസിഡണ്ട് |
| 3. | നിടൂർ മുഹമ്മദ് | : | സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ |
| 4. | വടക്കെ ചാമ്പേത്ത് സ്വാമിദാസൻ | | |
| 5. | കെ. കമല | | |
| 6. | നെല്ലയിൽ ലീല | | |
| 7. | എൻ.പി. കുഞ്ഞിമൊയ്തു മാസ്റ്റർ | | |
| 8. | കൂടത്തിൽ കുഞ്ഞബ്ദുള്ള മാസ്റ്റർ | | |
| 9. | എം.പി. മോഹൻ ദാസ് | | |

# മുൻകാല പ്രസിഡണ്ടുമാരും വൈസ് പ്രസിഡണ്ടുമാരും

| | പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് |
|---|---|---|
| 1954-63 | വി.പി. അഹമ്മദ് ഹാജി | സി.എം. ഗോപാലൻ |
| 1963-69 | പി.ഇ. കുഞ്ഞിരാമൻ നമ്പ്യാർ. | എൻ.എ. മമ്മുഹാജി |
| 1969-73 | പി.പി. അഹമ്മദ് ഹാജി | — |
| 1979-84 | പി.പി. കുഞ്ഞിമൂസ്സ മാസ്റ്റർ | കളത്തിൽ രാമൻ മാസ്റ്റർ |
| 1988-95 | നിടൂർ മുഹമ്മദ് | ടി.വി. മുഹമ്മദ് |
| | കൂടത്തിൽ കുഞ്ഞബ്ദുള്ള | പി.വി. ബാലകൃഷ്ണൻ |

***പഞ്ചായത്തിലെ സർക്കാർ ഓഫീസുകൾ:***

പഞ്ചായത്ത് ഓഫീസ്
കൃഷി ഭവൻ
ഗ്രാമവികസന ഓഫീസ്
പ്രൈമറി ഹെൽത്ത് സെൻറർ
മാതൃശിശു സംരക്ഷണ കേന്ദ്രം
ആയുർവ്വേദ ആശുപത്രി
മൃഗാശുപത്രി
ടെലഫോൺ എക്സ്ചേഞ്ച്
പോസ്റ്റ് ഓഫീസ്

# ഉള്ളടക്കം


I. ആമുഖം

II. പൊതു വിവരങ്ങളും ഭരണ ചരിത്രവും

III. സാമൂഹിക സാംസ്കാരിക ചരിത്രം

IV. ഭൂപ്രകൃതിയും വിഭവങ്ങളും

V. വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം
5. വ്യവസായം
6. പാർപ്പിടവും സാമൂഹ്യക്ഷേമവും
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടിക ജാതി - പട്ടിക വർഗ്ഗക്ഷേമം
12. വിഭവസമാഹരണം

VI. ഉപസംഹാരം

# വികസന റിപ്പോർട്ട് തയ്യാറാക്കിയവർ:

### കൃഷി - ജലസേചനം
സി.എച്ച്. സ്വാമിദാസൻ
പി. ജയരാജൻ മാസ്റ്റർ
കെ. കുട്ടികൃഷ്ണൻ മാസ്റ്റർ
വട്ടപ്പറമ്പത്ത് ബാലൻ
പി. ലീന
പി. കുഞ്ഞിരാമൻ നമ്പ്യാർ
കോത്താൻറവിട നാണു
തട്ടാൻറവിട ബാലൻ
പി.സി. മാധവൻ നമ്പ്യാർ

### മത്സ്യബന്ധനം - മൃഗപരിപാലനം
നെല്ലയിൽ ലീല
ദേവദാസൻ മത്തത്ത്
കെ. ബാലൻ
ഡോ. ഉണ്ണികൃഷ്ണൻ

### വിദ്യാഭ്യാസം
പ്രൊഫസർ. കെ. ധ്രുവകുമാരൻ
വി. ഗോപാലൻ മാസ്റ്റർ
എം. സുലൈമാൻ മാസ്റ്റർ
കെ. ദാമോദരൻ നമ്പ്യാർ
കെ.പി. ശിവദാസൻ
കെ. അച്ചുതൻ മാസ്റ്റർ
എൻ. പത്മനാഭൻ മാസ്റ്റർ

### ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
എൻ.പി. കുഞ്ഞിമൊയ്തു മാസ്റ്റർ
പി.കെ. മുസ്തഫ
കെ. സി. കുഞ്ഞിക്കോരൻ
ഡോ. ടി. മുഹമ്മദ്
എം.ജി. നമ്പ്യാർ
പി. മിനു നാദിറ

### ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
കൂടത്തിൽ കുഞ്ഞബ്ദുള്ള
കെ.പി. പ്രദീപ് കുമാർ
പി.വി. ജയൻ
കെ.പി. ശ്രീധരൻ

### പാർപ്പിടവും സാമൂഹ്യക്ഷേമവും
നിടൂർ മുഹമ്മദ്
കെ.കെ. പുരുഷോത്തമൻ മാസ്റ്റർ
പി.കെ. മോഹനൻ
കെ.കെ. വിജയൻ

### വ്യവസായം
കെ.പി. കമല
എം.ടി. മുഹമ്മദ് മാസ്റ്റർ
പി. ഹരീന്ദ്രൻ
കെ. ശ്രീധരൻ
കെ. ദാസൻ
കെ.കെ. ദിനേശൻ

### സംസ്കാരം
ടി. ദാമോദരൻ മാസ്റ്റർ
കെ. കുഞ്ഞികണ്ണൻ മാസ്റ്റർ
ജി. മുകുന്ദൻ മാസ്റ്റർ

### വനിത
കെ. കമല
പി.പി. പ്രമീള
വി.കെ. ബാലകൃഷ്ണൻ മാസ്റ്റർ
സുജാത എം.കെ.

### സഹകരണം
അലി. കുയ്യാലിൽ
കെ. സുകുമാരൻ
വി.ടി. ദാസൻ
കെ.പി. രമേശൻ
കെ. ശശികുമാർ

### പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം
രമണി ടീച്ചർ
എം.പി. മോഹൻ ദാസ്
പരിപ്പയിൽ സദാനന്ദൻ

### വിഭവസമാഹരണം
ഇ.എ. നാസർ
വി. പി. വിജയരാഘവൻ
എൻ. കെ. ഭാസ്കരൻ മാസ്റ്റർ
കെ. മൊയ്തു

I

# ആമുഖം

മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി യശ്ശശരീരനായ പ്രധാനമന്ത്രി രാജീവ് ഗാന്ധി കൊണ്ടു വന്ന ബിൽ പിന്നീട് 73-74 ഭരണഘടനാ ഭേദഗതി വഴി ഇന്ത്യൻ പാർലമെൻറ് അംഗീകരിക്കുകയും 1994ൽ ഏപ്രിൽ 23ന് കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരികയും ചെയ്തതോടെ അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമായി. വികേന്ദ്രീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് കേരളത്തിൽ ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി രൂപാന്തരപ്പെടുത്താനുള്ള പ്രക്രിയ നാടൊട്ടുക്കും നടന്നു വരികയാണല്ലൊ. ഈ പ്രവർത്തനത്തിലൂടെ നമ്മുടെ വികസന സങ്കല്പങ്ങൾക്ക് ഒരു പുതിയ മാനം കൈവരികയാണ്. വികസന പദ്ധതികൾ താഴെ തട്ടിൽ നിന്നും ആസൂത്രണം ചെയ്യുകയും ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുമ്പോൾ ഭരണം ഇന്നത്തേതിൽ നിന്നും സുതാര്യമാവുമെന്നുറപ്പാണ്. വികസനം എന്നാൽ സ്ഥായിയും നീതിപൂർവ്വവും ദ്രുതഗതിയിലുമുള്ളതുമായ സാമ്പത്തിക വളർച്ചയാണ്. പെരിങ്ങളം ഗ്രാമപഞ്ചായത്ത് സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചുവെങ്കിലും സാമ്പത്തിക വികസനത്തിൽ എന്നും പിൻനിരയിൽ തന്നെ ആയിരുന്നുവെന്ന് പറയാതെ വയ്യ. കാർഷിക - വ്യവസായിക മേഖലകളിൽ മുരടിപ്പ് മാറ്റാൻ ബോധപൂർവ്വമായ ഇടപെടലുകൾ ഇവിടെ ഉണ്ടായിട്ടില്ല. കേന്ദ്രീകൃത ആസൂത്രണത്തിൻെറ പരാജയവും കാര്യക്ഷമതയില്ലായ്മയും പഴശ്ശി കനാൽ പദ്ധതിയുടെ ദുരവസ്ഥയിലൂടെ നേരിട്ട് അനുഭവിച്ചറിയുന്നവരാണ് ഈ നാട്ടുകാർ. വികസന പദ്ധതികളുടെ ബാക്കിപത്രമായ ഗുണമേന്മക്കുറവും അഴിമതിക്കഥകളും കണ്ടും കേട്ടും പരിചയിച്ചതിൻെറ ഫലമായി ജനങ്ങളിൽ കടുത്ത നിരാശാബോധവും നിഷ്ക്രിയത്വവും നിറഞ്ഞു നിൽക്കുന്നു. തൽഫലമായി ഭൂരിപക്ഷം ആളുകളും വ്യക്തി ജീവിതം സുരക്ഷിതമാക്കുകയെന്ന ഏകലക്ഷ്യത്തോടെ സ്വാർത്ഥതയുടെ കൂടാരങ്ങളിൽ അഭയം തേടുന്ന കാഴ്ചയാണ് എങ്ങും കാണുന്നത്. ഈ ചിന്താഗതിയുടെ ഫലമായി ഉണ്ടാകുന്ന ഉപഭോഗജീവിതരീതിയും കൊട്ടാരസംസ്കാരവും നമ്മുടെ സാമൂഹ്യ ജീവിതത്തെയാ കെ ഗ്രസിച്ചിരിക്കുന്നു. കൂട്ടായ്മയിലൂടെ കൈവരിച്ച പല നേട്ടങ്ങളുടെയും ഗുണമേന്മ നിലനിർത്താൻ നമുക്കിന്നു സാധിക്കുന്നില്ല. സന്നദ്ധ പ്രവർത്തനരംഗത്ത് ക്രിയാത്മക ചലനങ്ങളുണ്ടാകുന്നേയില്ല. ഇങ്ങിനെയൊരു സ്ഥിതി വിശേഷത്തിൽ ജനകീയാസൂത്രണ പദ്ധതി നമ്മുടെ ഗ്രാമീണ ജനങ്ങളിൽ ആശയുടെയും ആവേശത്തിൻെറയും അലയൊലികൾ ഉയർത്തീട്ടുണ്ടെന്ന കാര്യം തീർച്ചയാണ്. വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തവും അവിടെ ഉയർന്നു വന്ന വികസനപ്രശ്നങ്ങളും സാധ്യതകളും നിർദ്ദേശങ്ങളുമെല്ലാം തന്നെ ആരോഗ്യകരമായ ഒരു മാറ്റത്തിൻെറ സൂചനകളാണ്.

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടു ഈ പഞ്ചായത്തിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1996 സപ്തംബർ 3,4,5 തീയ്യതികളിൽ പാലയാട് ഡയറ്റിൽ നടന്ന ജില്ലാ റിസോർസ് പേഴ്സൺസ് ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും ആറ് പ്രതിനിധികളും

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരും പങ്കെടുത്തു. പ്രചരണത്തിൻെറ ഭാഗമായി സെപ്റ്റംബർ 11-ാംന് പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ജനകീയാസൂത്രണ ദീപമാല തെളിയിച്ചു. സെപ്റ്റംബർ 13ന് പെരിങ്ങത്തൂർ എൻ.എ.എം. മെമ്മോറിയൽ ഹൈസ്ക്കൂളിൽ നടന്ന ശില്പശാലയിൽ 55 പ്രാദേശിക റിസോർസ് പേഴ്സൻസ് അടക്കം 70 പർ പരിശീലനം നേടി. സപ്റ്റംബർ 14 മുതൽ ഒക്ടോബർ 2 വരെ ഒൻപതു വാർഡുകളിലും വിശേഷാൽ ഗ്രാമ സഭകൾ ചേർന്നു. ഈ ഗ്രാമസഭകളിലെല്ലാം സാമാന്യം നല്ല ബഹുജനപങ്കാളിത്തം ഉണ്ടായിരുന്നു.

പഞ്ചായത്ത് തലത്തിൽ എയ്ഡ്സ് മദ്യവിരുദ്ധ ബോധവൽക്കരണവും, പട്ടികജാതി ക്ഷേമ ബോധവൽക്കരണവും, കാർഷിക സെമിനാറും, മണ്ണ് ജലസംരക്ഷണ സെമിനാറും നടത്തി.

ഒക്ടോബർ 5 മുതൽ ദ്വിതീയ സ്ഥിതി വിവരണ കണക്കെടുപ്പ് ആരംഭിച്ചു. ഒക്ടോബർ 20,21 തീയ്യതികളിൽ നാലു ഗ്രൂപ്പുകൾ പഠനപര്യടനം (Transect walk) നടത്തി ഭൂപ്രകൃതി വിഭാഗങ്ങളുടേയും മറ്റും വിവരങ്ങൾ ശേഖരിച്ചു. ഒക്ടോബർ 19ന് ബ്ലോക്ക് തല ജനാധികാര കലാജാഥ പഞ്ചായത്തിൽ മൂന്നു കേന്ദ്രങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചു. ഒക്ടോബർ 26,27,28 തീയ്യതികളിൽ കൂത്തുപറമ്പിൽ നടന്ന രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നു പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി എന്നിവരും 9 ഡി.ആർ.പി. മാരും പങ്കെടുക്കുകയുണ്ടായി. നവംബർ 1ന് പുനർപ്പണ ദിനമായി ആചരിച്ചു. തുണ്ടായി പീടിക - ചായിലോട്ട് റോഡിൻെറ വീതി കൂട്ടൽ പ്രവർത്തനം ആരംഭിച്ചു കൊണ്ട് പഞ്ചായത്ത് തല സന്നദ്ധ പ്രവർത്തനങ്ങളുടെ ഉൽഘാടനം നടത്തി. നവംബർ 27ന് പ്രാദേശിക റിസോർസ് പേഴ്സൺസിനു വേണ്ടി ഏകദിന ശില്പശാല നടത്തുകയും വിവിധ തുറകളിലെ ഉദ്യോഗസ്ഥന്മാരുടെയും വിദഗ്ദ്ധന്മാരുടെയും സഹായത്തോടെ പഞ്ചായത്ത് വികസനറിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ ക്രോഡീകരണത്തിലൂടെ ലഭിച്ച കാര്യങ്ങളും വിവിധ മേഖലകളിൽഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുന്ന സ്ഥിതി വിവരകണക്കുകളും പഠനപര്യടനത്തിലൂടെ ആർജിച്ച അറിവുകളും പഴയ ആളുകളുമായി നടത്തിയ സംഭാക്ഷണങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സമയപരിമിതിയും സന്നദ്ധ പ്രവർത്തകരുടെ കുറവും കൃത്യമായ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിലുള്ള ബുദ്ധിമുട്ടുകളും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രയാസങ്ങളുണ്ടാക്കിയിട്ടുണ്ട്. അതുകാരണം ഈ വികസന രേഖ സമഗ്ര രൂപത്തിലുള്ളതല്ലെന്നു ഞങ്ങൾക്കറിയാം. എന്നിരുന്നാലും മഹത്തായ ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി നടത്തിയ ഒരു ക്രിയാത്മക സന്നദ്ധ പ്രവർത്തനമാണിതെന്ന അഭിമാനബോധത്തോടെ ഈ റിപ്പോർട്ടിൻെറ പണിപ്പുരയിൽ പ്രവർത്തിച്ച മുഴുവൻ പേർക്കും ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് ഞങ്ങളീ റിപ്പോർട്ട് പൊതു ജനസമക്ഷം സമർപ്പിക്കുന്നു.□

**സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന്**
**എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ**
**അപ്പോൾ മാത്രമെ ഇന്ത്യ പൂർണസ്വാതന്ത്ര്യം നേടി എന്നു ഞാൻ പറയൂ**

**ഗാന്ധിജി**

# II

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | പെരിങ്ങളം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | പെരിങ്ങത്തൂർ വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : | തലശ്ശേരി |
| താലൂക്ക് | : | തലശ്ശേരി |
| അസംബ്ലി മണ്ഡലം | : | പെരിങ്ങളം |
| വിസ്തീർണ്ണം | : | 10.65 ച.കി.മീറ്റർ |
| അതിരുകൾ | : | വടക്ക് പാനൂർ പഞ്ചായത്ത് തെക്ക് കരിയാട് പഞ്ചായത്ത് പെരിങ്ങളം, മാഹിപ്പുഴ കിഴക്ക് പെരിങ്ങളം പുഴ എലിത്തോട് പാനൂർ പഞ്ചായത്ത് പടിഞ്ഞാറ് പന്ന്യന്നൂർ, ചൊക്ലിപഞ്ചായത്തുകൾ |
| ജനസംഖ്യ | : | 17040 (1991ലെ സെൻസെസ് പ്രകാരം) |
| പുരുഷന്മാർ | : | 7897 |
| സ്ത്രീകൾ | : | 9143 |
| ജനസാന്ദ്രത | : | 1600 (ച.കി.മീറ്ററിന്) |
| സാക്ഷരത | : | 93.7% |
| വാർഡുകളുടെ എണ്ണം | : | 9 |
| പ്രസിഡണ്ട് | ; | കെ.പി. കമല |
| വൈസ് പ്രസിഡണ്ട് | : | ഇ.കെ. നാസർ |

## ഭരണചരിത്രം

പഴയ മലബാർ ഡിസ്ട്രിക് ബോർഡിനു കീഴിലായിരുന്ന പെരിങ്ങളത്ത് പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നത് 1950ലാണ്. ആദ്യത്തെ നോമിനേറ്റഡ് പ്രസിഡണ്ട് എൻ.സി.ആർ. നാരായണൻ നമ്പ്യാർ ആയിരുന്നു.

1954-55 കാലത്താണ് തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത്. തിരഞ്ഞെടുപ്പിനു ഹാജരായവർ ഒത്തുകൂടി കൈ പൊക്കി വോട്ടു ചെയ്താണ് വാർഡടിസ്ഥാനത്തിൽ അംഗങ്ങളെ തിരഞ്ഞെടുത്തത്. എട്ടംഗങ്ങളുള്ള ബോർഡിൻെറ പ്രസിഡണ്ട് പി.പി. അഹമ്മദ് ഹാജിയും വൈസ് പ്രസിഡണ്ട് സി.എം. ഗോപാലനുമായിരുന്നു. 1963ൽ കരിയാടും പെരിങ്ങളവും ചേർത്ത് പെരിങ്ങത്തൂർ പഞ്ചായത്തായി. ആ കൊല്ലം നടന്ന തെരെഞ്ഞെടുപ്പിൽ പി.ഇ. കുഞ്ഞിരാമൻ നമ്പ്യാർ പ്രസിഡണ്ടായും എൻ.എ. മമ്മുഹാജി വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതി നിലവിൽ വന്നു. 1969ൽ നടന്ന പഞ്ചായത്ത് പുനർവിഭജനമനുസരിച്ച് വീണ്ടും പെരിങ്ങളമായി. നിലവിലുള്ള ഭരണസമിതി പിരിച്ചുവിടുകയും നോമിനേറ്റ് ചെയ്ത നാലംഗങ്ങളെ ഭരണമേല്പിക്കുകയും ചെയ്തു. പി.പി. അഹമ്മദ്ഹാജി തന്നെയായിരുന്നു പ്രസിഡണ്ട്. 1973 സെപ്തംബറിലാണ് പഞ്ചായത്ത് ഓഫീസ് സ്വന്തം കെട്ടിടത്തിലേക്കു മാറ്റിയത്. 1979ൽ നടന്ന തെരെഞ്ഞെടുപ്പിനെ തുടർന്ന് പി.പി. കുഞ്ഞിമൂസ്സ മാസ്റ്റർ പ്രസിഡണ്ടും കളത്തിൽ രാമൻ മാസ്റ്റർ വൈസ് പ്രസിഡണ്ടുമായി. 1984-88 കാലത്ത് ഉദ്യോഗസ്ഥഭരണമായിരുന്നു. 1988 ഏപ്രിലിൽ നടന്ന തെരെഞ്ഞെടുപ്പിനെ തുടർന്ന് പുതിയ ഭരണസമിതി നിലവിൽ വന്നു. 1995 വരെയുള്ള കാലയളവിൽ രണ്ടു ഘട്ടങ്ങളിലായി നിടൂർ മുഹമ്മദും കൂടത്തിൽ കുഞ്ഞബ്ദുള്ളയും പ്രസിഡണ്ടുമാരായി. ടി.വി. മുഹമ്മദ്, പി.വി. ബാലകൃഷ്ണൻ എന്നിവർ വൈസ്പ്രസിഡണ്ട് പദവി വഹിച്ചു. പുതിയ തിരഞ്ഞെടുപ്പിനെ തുടർന്ന് 1995 ഒക്ടോബർ 2ന് നിലവിലുള്ള ഭരണസമിതി അധികാരമേറ്റു.

# III

# സാമൂഹിക സാംസ്കാരിക ചരിത്രം

പൂർവ്വ സ്മൃതികളിൽ നിന്നുയിർകൊണ്ട ഐതിഹ്യങ്ങളുടെ നിഴലും അംഗീകൃത വസ്തുതകളുടെ വെളിച്ചവും ഉൾച്ചേർന്ന ഒരു ചരിത്രഭൂമികയാണ് പെരിങ്ങളത്തിൻേറത്. കനകമലയുടെ തലയെടുപ്പും പെരിങ്ങളം - മാഹി പുഴയുടെ തന്ത്രപരമായ സ്ഥാനവും പെരിങ്ങളത്തെ പണ്ടുകാലം മുതൽക്കെ എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമാക്കി. ഐതിഹ്യങ്ങൾ മുഖ്യമായും കനകമലയെ ചൂഴ്ന്നു നി ൽക്കുന്നതാണ്. രാമായണ കഥ നടക്കുന്ന കാലത്ത് ശ്രീരാമഭക്തനായ കനകമുനി ഈ മലയിൽ വസിച്ചിരുന്നവത്രെ. ലങ്കയിൽ നിന്നും സീതയെ വീണ്ടെടുത്തു അയോദ്ധ്യയിലേക്ക് പോകും വഴി ഇവിടം സന്ദർശിക്കാമെന്ന് രാമൻ വാക്കു കൊടുത്തതുപ്രകാരം മുനി കാത്തിരിക്കുകയും അത് നടക്കാത്തതിൽ നിരാശനായി സ്വീകരണത്തിനൊരുക്കിയ കനകമടക്കമുള്ള ദ്രവ്യങ്ങളും കമണ്ഡലവും ഇവിടെ തന്നെ കമിഴ്ത്തിവെച്ചുവെന്നുമാണ് ഒരൈതീഹ്യം. ഇസ്ലാം മത പ്രബോധനത്തിന് വേണ്ടി അറേബ്യയിലെ കൂഫായിൽ നിന്നും അലിയൂൽകൂഫി എന്നൊരു ദിവ്യൻ കടൽ കടന്ന് ഈ പ്രദേശത്ത് എത്തി. കനകമലയിലെ ഗുഹയിൽ അവധൂതനായി താമസിച്ചിരുന്നുവത്രെ. അദ്ദേഹം പെരിങ്ങത്തൂരിലെ രാവാരിനായർ മൂപ്പൻെറ ഏകമകളുടെ മാറാരോഗം ചികിത്സിച്ചു ഭേദമാക്കുകയും അതിൻെറ ഉപകാര സ്മരണക്കായി രാവാരി മൂപ്പൻ തൻെറ ഉടമസ്ഥതയിലുള്ള സ്ഥലം ആരാധനയ്ക്കായി ദാനമായി നൽകിയെന്നുമുള്ള വിശ്വാസം പരക്കെ പ്രചാരത്തിലുണ്ട്. എത്രയോ കാലമായി പെരിങ്ങത്തൂർ പള്ളിയിൽ ഹിന്ദുക്കൾ അടക്കമുള്ളവർ ഉദ്ദേശസിദ്ധിക്ക് വേണ്ടി വിവിധ തരം നേർച്ചകൾ നടത്തിവരുന്നത് ഈ പ്രദേശത്ത് നില നിന്നുവന്ന മതസൗഹാർദ്ദത്തിൻെറ ഉത്തമ നിദർശനമാണ്.

പെരിങ്ങളത്തെ മുക്കിൽ പീടികയിലുള്ള പാറാൽ പറമ്പിലും, കണ്ണംവെള്ളിയിലെ എക്കരത്ത് കണ്ടി, പാറേമ്മൽ പറമ്പുകളിൽ നിന്നും കണ്ടെത്തിയ നന്നങ്ങാടികൾ (ഗുഹാശവകുടീരങ്ങൾ) മൺപാത്രങ്ങൾ എന്നിവ മഹാശിലായുഗകാലത്തെ സംബന്ധിച്ച അറിവു നൽകുന്നു.

വളരെ മുമ്പ് തന്നെ ഫ്യൂഡൽ വ്യവസ്ഥിതി അതിൻെറ ഘടനാപരമായ സവിശേഷതകളോടെ ഇവിടെ നിലനിന്നതായി കാണാം. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആദ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന തലശ്ശേരി രേഖകളിൽ ഈ പ്രദേശത്തെ പറ്റിയുള്ള പരാമർശങ്ങൾ നിറയെ ഉണ്ട്. കടത്തനാടിനോട് ഓരം ചേർന്നുകിടക്കുന്ന ഇരുവഴി നാടിൽ (ഇരുവനാട്) ഉൾപ്പെട്ടതായിരുന്നു പെരിങ്ങളം. പെരിങ്ങളത്തിൻെറ അധിപർ അക്കാലത്ത് നാരങ്ങോളി കുടുംബക്കാരായിരുന്നു. ഏറ്റവും പ്രബല ഭൂഉടമകളും രാഷ്ട്രീയ ശക്തിയും അവർ തന്നെയായിരുന്നുവെന്ന് പഴശ്ശി രേഖകൾ സൂചന നൽകുന്നു. അണിയാരം ശിവക്ഷേത്രത്തിന് സമീപം കാണുന്ന നാരങ്ങോളി കൊട്ടാരത്തിൻെറ അവശിഷ്ടങ്ങളും ജീർണ്ണാവസ്ഥയിൽ ഉള്ള വിശാലമായ ചിറയും അവരുടെ നഷ്ടപ്രതാപത്തെ വിളിച്ചറിയിക്കുന്നു. ശിവ

ക്ഷേത്രത്തിലെ മുഖമണ്ഡപത്തിലുള്ള ദാരികവധം ചിത്രീകരിക്കുന്ന ദാരുശില്പങ്ങൾ അതിവിശിഷ്ടമായ കലാചാതുരി പ്രകടമാക്കുന്നു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ വാണിജ്യമേധാവിത്വത്തിന് വേണ്ടി നടന്ന മത്സരങ്ങൾ ഉയർന്ന കുന്നുകളും നദീമുഖങ്ങളും കൈവശം വെക്കുവാൻ വേണ്ടിയായിരുന്നു. പെരിങ്ങത്തൂർ കേന്ദ്രീകരിച്ച് കുരുമുളക് ശേഖരിക്കുവാൻ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും പരസ്പരം മത്സരിച്ചു. 1752 കാലത്ത് മയ്യഴി പുഴയുടെ പശ്ചാത്തലത്തിലുള്ള പെരിങ്ങത്തൂരും കനകമലയും ഫ്രഞ്ചുകാർ കൈവശപ്പെടുത്തിയതായി പഴയ രേഖകൾ സൂചിപ്പിക്കുന്നു. പുക്കോം - മേക്കുന്ന് - മോന്താൽ റോഡ് ടിപ്പുവിൻെറ പടയോട്ട കാലത്തിന് മുമ്പ് തന്നെ നിലവിൽ ഉണ്ടായിരുന്നു. ഇന്നത്തെ പെരിങ്ങത്തൂർ ടൗൺ ഉൾക്കൊള്ളുന്ന ചെറിയൊരു ദേശമായിരുന്ന പെരിങ്ങളം പിന്നീട് പഞ്ചായത്തിൻേറയും നിയോജക മണ്ഡലത്തിൻേറയും പേരായി അറിയപ്പെടുന്നത് അതിൻെറ ചരിത്രപരമായ പ്രാധാന്യം കൊണ്ടു തന്നെ ആയിരിക്കണം. പെരിങ്ങത്തൂർ പാലം വരുന്നതിന് വളരെ മുമ്പു തന്നെ ഇവിടം പ്രമുഖ വാണിജ്യകേന്ദ്രമായിരുന്നു. കുടകിൽ നിന്നും ദിനേന ലോഡ് കണക്കിന് നെല്ലും മറ്റും ഇവിടെ എത്തിച്ചേർന്നിരുന്നു. പുഴയിൽ കൂടി മഞ്ചു വഴി ഇവ സമീപ പ്രദേശങ്ങളായ ഓർക്കാട്ടേരി, പുതിയങ്ങാടി ഭാഗങ്ങളിലേക്ക് കൊണ്ടുപോയിരുന്നു. പുനത്തിൽ മമ്മദ് ഹാജി, ചരണോത്ത് മമ്മദ് തുടങ്ങിയവർ അക്കാലത്തെ വ്യാപര പ്രമുഖരായിരുന്നു.

ഇവിടുത്തെ സ്ഥലനാമങ്ങളുടെ ഉല്പത്തി അന്വേഷിച്ചിറങ്ങുമ്പോൾ ലഭിക്കുന്നവിവരങ്ങൾ ഏറെ കൗതുകമുണർത്തുന്നു. പെരിയ യുദ്ധക്കളം എന്നർത്ഥം വരുന്ന പെരുംകളം ആണ് പെരിങ്ങളം ആയി മാറിയത് എന്ന് കരുതാം പെരിങ്ങത്തൂരിലെ മൈതാനി മൊട്ട, മേപ്പാടി പറമ്പ്, കണ്ടം പുനം പറമ്പ് എന്നിവിടങ്ങളിൽ നിന്ന് പറമ്പ് കിളക്കുമ്പോഴും മറ്റും പഴയകാലത്തെ ഈയം കൊണ്ടുള്ള വെടിയുണ്ടകളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കിട്ടാറുണ്ട്. പെരിങ്കുളത്ത് ഊര് പെരിങ്ങത്തൂർ ആയി. അക്കാലത്തെ പ്രദേശങ്ങളിൽ ഏറ്റവും ശ്രേഷ്ടമായത് എന്ന ധ്വനിയുള്ള മണിഹാരം ഗ്രാമമാണ് പിന്നീട് അണിയാരമായി മാറിയത്. ക്ഷേത്രങ്ങളുടെ മുമ്പിലുള്ള വിശാലമായ വീഥി അഥവാ നട എന്നർത്ഥം വരുന്ന വിധത്തിലാണ് പൂക്കോം എന്ന സ്ഥലനാമം ഉൽഭവിച്ചതത്രെ.

ബ്രിട്ടീഷുകാർക്കെതിരായ യുദ്ധത്തിൽ പഴശ്ശിരാജാവിനെ സഹായിച്ചതിൻെറ പേരിൽ നാരങ്ങോളിക്കാരുടെ രാഷ്ട്രീയാധികാരം എടുത്തു കളയുകയും നഷ്ടപരിഹാരം എന്ന നിലയിൽ മാലിഖാനം നൽകുകയും ചെയ്തു. ബ്രിട്ടീഷുകാർ പ്രാദേശികാധികാരികളുമായി നടത്തിയ അവസരവാദപരമായ കരാറുകളും അവർ ചുമത്തിയ ഭീമമായ ഭൂനികുതിയും ഈ പ്രദേശത്തെ ഫ്യൂഡൽ വ്യവസ്ഥിതിയുടെ അടിത്തറയ്ക്ക് ഇളക്കം തട്ടിച്ചു. ഇടത്തരം ജന്മിമാരിൽ പലർക്കും ഭൂമി നഷ്ടപ്പെട്ടത് നികുതിബാക്കിക്കും കാണത്തിനു വെച്ചും ചാർത്തികൊടുത്തുമാണ്. ആയിരം തേങ്ങക്ക് ഏഴര ഉറുപ്പിക വിലയും കർഷക തൊഴിലാളികൾക്ക് ദിവസക്കൂലി അരക്കാലുമായിരുന്നു. അക്കാലത്ത് ഭൂനികുതി ഏക്കറിന് 15-20ക.യായിരുന്നുവെന്നത് അവിശ്വസനീയമായി തോന്നിയേക്കാം. സവർണ്ണജന്മിമാരുടെ ഭൂമിയിലധികവും വന്നുചേർന്നത് വ്യാപാരത്തിലുടനീളം സമ്പത്താർജ്ജിച്ച മുസ്ലീം കുടുംബങ്ങളുടെ കൈകളിലായിരുന്നു. എടച്ചേരി വീട്ടിൽ അണ്ടത്തോടൻ, മൂർക്കോത്ത് കണ്ടി, മുയ്യാരികണ്ടി, കുരുന്നൻകണ്ടി എന്നീ കുടുംബങ്ങളാണ് പിന്നീട് ജന്മിമാരായിത്തീർന്നത്. പ്രതാപികളായിരുന്ന ഇവരുടെ കാലഘട്ടത്തിൽ സാമൂഹ്യ - സാമ്പത്തികരംഗത്ത് മുസ്ലീങ്ങൾ പുരോഗതി കൈവരിച്ചു. ഭൂപരിഷ്കരണ നിയമത്തെ തുടർന്ന് ഇവരുടെ സിംഹഭാഗം സ്വത്തും കുടിയാന്മാരുടെ കൈകളിൽ വന്നുചേർന്നു. ഈ പ്രക്രിയയിൽ നാരങ്ങോളി കുടുംബത്തിൻെറ ഭൂമിയിൽ ഗണ്യമായി കൈമോശം വന്നിട്ടുണ്ട്. ഈ പ്രദേശത്തുണ്ടായിരുന്ന കൊട്ടിയൂർ ദേവസ്വത്തിൻെറയും കാട്ടുമാടം ഇല്ലത്തിൻെറയും തലശ്ശേരി കേയി കുടുംബത്തിൻേറയും മറ്റും ഭൂമി കാണകുടിയാന്മാർ ചാർത്തി വാങ്ങിച്ചു.

ജന്മിത്വം അതിൻെറ ഭീകര മുഖം പ്രദർശിപ്പിച്ച സംഭവങ്ങൾ മുമ്പേറെ ഉണ്ടായിട്ടുണ്ട്. ജന്മിമാരുടെ മുമ്പിൽ സാധാരണ ജനങ്ങൾ നല്ല വസ്ത്രം ധരിച്ചും തലക്കെട്ട് കെട്ടിയും ചെരിപ്പിട്ട് നടക്കാനും പാടില്ലായിരുന്നു. സവർണ ജന്മി കുടുംബങ്ങളുള്ള ഇടങ്ങളിൽ അയിത്തവും ആചരിക്കപ്പെട്ടിരുന്നു. ജാതി വ്യത്യാസത്തിനെതിരെ ഒറ്റപ്പെട്ട ചെറുത്തു നിൽപുകൾ ഉണ്ടായിട്ടുണ്ട്. സാമ്പത്തിക അളവുകോൽ വെച്ചുള്ള സാമൂഹ്യ ഉച്ചനീചത്വങ്ങൾ ശരിക്കും നിലനിന്നിരുന്നു. കേരളത്തിലെ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതോടെ കുടിയാന്മാർക്ക് കൈവശ ഭൂമി സ്വന്തമാകുകയും അങ്ങിനെ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാവുകയും ചെയ്തതിനേക്കാൾ അവർക്ക് സാമൂഹ്യ അടിമത്തത്തിൽ നിന്നും മോചനം നേടാൻ സാധിച്ചു എന്നത് വലിയ നേട്ടമായി കരുതണം. മറ്റു സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ പ്രദേശത്തെ കർഷക തൊഴിലാളികൾ അധികവും ഉച്ചവരെ മാത്രം കൂലിവേല ചെയ്ത് ശേഷം ബാക്കിസമയം സ്വന്തം കൃഷിയിടങ്ങളിലും മറ്റ് ജോലി ചെയ്തിരുന്നത് അവരുടെ സാമൂഹ്യ പദവിയിലും ജീവിതനിലവാരത്തിലുമുണ്ടായിരുന്ന പുരോഗതി സൂചിപ്പി

ക്കുന്നു. മുസ്ലീങ്ങൾ വളരെ മുമ്പ് തന്നെ കച്ചവടത്തിന് വേണ്ടി ബർമ്മ, സിലോൺ, സിംഗപ്പൂർ, പാക്കിസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിൽ പോകുന്നവരായിരുന്നു. ഇന്നത്തെ ഗൾഫുകാരെ പോലെയാണ് അന്നത്തെ ആളുകൾ ഇവരെ കണ്ടിരുന്നത്. മുസ്ലീം സാമൂഹിക പുരോഗതിക്ക് അന്യ രാജ്യങ്ങളുമായുള്ള സമ്പർക്കം നിമിത്തമായിട്ടുണ്ട്.

ദേശീയ പ്രസ്ഥാന കാലത്ത് പെരിങ്ങളത്ത് ശക്തമായ ചലനങ്ങൾ ഒന്നുമുണ്ടായിട്ടില്ലെങ്കിലും അപൂർവ്വം ചിലർ സ്വാതന്ത്ര്യസമരത്തിൽ ത്യാഗോജ്ജ്വലമായ പങ്ക് വഹിച്ചിട്ടുണ്ട്. പരേതനായ ടി.സി. പണിക്കർ, കക്കാടൻെറ വിട കുഞ്ഞമ്പു എന്നിവർ 1942ലെ ക്വിറ്റ് ഇൻഡ്യ സമരത്തിൽ പങ്കെടുത്തത്തിൻെറ പേരിൽ ആലിപ്പൂർ, വെല്ലൂർ ജയിലുകളിൽ തടവ് ശിക്ഷ അനുഭവിച്ചിട്ടുണ്ട്. വലിയാണ്ടി പീടികയിലെ കൂറ്റേരിമീത്തൽ ഗോവിന്ദൻ സുഭാഷ് ചന്ദ്രബോസിൻെറ ഐ.എൻ.എ.യിൽ ചേർന്ന് പോരാടി ജയിൽവാസം വരിച്ചിരുന്നു. ആദ്യകാലത്ത് കോൺഗ്രസ്സ് പ്രസ്ഥാനത്തിന് വേരോട്ടം നൽകിയതും ഖാദി, ഹിന്ദി പ്രചരണ രംഗത്ത് പ്രവർത്തിച്ചതും ടി.സി. പണിക്കർ, വി.ഒ. ശങ്കരൻ നമ്പ്യാർ എന്നിവർ ആയിരുന്നു. നിരവധി ദേശീയ നേതാക്കൾ പെരിങ്ങളം സന്ദർശിച്ചിട്ടുണ്ട്. 1936ൽ മൗലാന ഷൗക്കത്തലി പെരിങ്ങത്തൂരിൽ വന്നിരുന്നു. മൊയാരത്ത് ശങ്കരൻ ആദ്യകാല കോൺഗ്രസ് പ്രവർത്തനങ്ങളുമായി പുക്കോം, അണിയാരം ഭാഗത്ത് ബന്ധപ്പെട്ടിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികൾ അതിൻെറ ആരംഭദശയിൽ തന്നെ ഇവിടെ പ്രവർത്തനം നടത്തിയിട്ടുണ്ട്. പി.ആർ. കുറുപ്പിൻെറ സജീവ പ്രവർത്തനമേഖലയായതുകൊണ്ട് 1950 നു മുമ്പ് തന്നെ ഈ പ്രദേശം എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി. പെരിങ്ങത്തൂർ പഞ്ചായത്തിൻെറ വൈസ് പ്രസിഡണ്ടും സാമൂഹ്യസാംസ്കാരിക രംഗത്ത് നിറഞ്ഞു നിന്നിരുന്ന വ്യക്തിയുമായ എൻ.എ. മമ്മുഹാജി പെരിങ്ങളം മണ്ഡലത്തെ പ്രതിനിധീകരിച്ചും ഈ പഞ്ചായത്തുകാരനായ പി.വി. കുഞ്ഞികണ്ണൻ മലമ്പുഴ, കൂത്തുപറമ്പ് മണ്ഡലങ്ങളെ പ്രതിനിധീകരച്ചും അസംബ്ലിയിൽ എത്തിയിട്ടുണ്ട്.

സാംസ്കാരിക - വിദ്യാഭ്യാസ രംഗങ്ങളിൽ പെരിങ്ങളം സമ്പന്നമായ പാരമ്പര്യം നിലനിർത്തിയിരുന്നു. അണിയാരത്തെ കേളോത്ത് സ്ക്കൂൾ, കാടാങ്കുനി യു.പി. സ്ക്കൂൾ, പുല്ലൂക്കര കുന്നും മൊയിലോത്ത് സ്ക്കൂൾ, തയ്യുള്ളതിൽ മുസ്ലീം സ്ക്കൂൾ, കുളങ്ങരകണ്ടി സ്ക്കൂൾ എന്നിവ ഈ നൂറ്റാണ്ടിൻെറ ആരംഭ ദശയിൽ തന്നെ പ്രവർത്തനം തുടങ്ങിയവയാണ്. ആദ്യകാലത്ത് കൈവരിച്ച പുരോഗതി പിന്നീട് ഈ പ്രദേശത്ത് നിലനിർത്താൻ കഴിഞ്ഞില്ല. 1995ൽ മാത്രമാണ് പഞ്ചായത്തിൽ പെരിങ്ങത്തൂരിൽ ഒരു ഹൈസ്ക്കൂൾ ആരംഭിച്ചത്.

സാംസ്കാരിക പ്രവർത്തന രംഗത്തെ ഒരു നാഴികക്കല്ലായിരുന്നു അണിയാരം കാടാങ്കുനി പ്രദേശത്തെ നവകേസരി വായനശാലയുടെ സ്ഥാപനം. 1938ൽ മുൻ ഇന്ത്യൻ പ്രസിഡണ്ട് വി.വി. ഗിരിയാണ് വായനശാലക്ക് തറക്കല്ലിട്ടത്. പ്രമുഖ ദേശീയ നേതാക്കളായ കെ.കേളപ്പൻ, എൻ.പി. ദാമോദരൻ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. വാസനാ സമ്പന്നനായ സരസ കവിയും പിൽകാലത്ത് മലയാള മനോരമ പത്രാധിപരുമായ കെ.സി. നാരായണൻ നമ്പ്യാർ കണ്ണംവെള്ളിയിലെ പുലിക്കോട്ട് മടത്തിൽ എന്ന ഭവനത്തിലാണ് ജനിച്ചതെന്ന് അദ്ദേഹത്തിൻെറ അപൂർണ്ണമായ ആത്മകഥയിൽ പറയുന്നു. രുഗ്മാംഗദ ചരിതം, സുഭദ്രാഹരണം, നൈഷധം തുടങ്ങിയ നാടകങ്ങൾ അര നൂറ്റാണ്ടിന് മുമ്പ് അരങ്ങത്ത് അവതരിപ്പിച്ച കലാകാരൻമാരിൽ ചിലർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. കോൽക്കളി, രാജസൂയം, കളരിപയറ്റ്, പരിചമുട്ട് എന്നീ കലാരൂപങ്ങൾ പലയിടത്തും പരിശീലിപ്പിച്ചിരുന്നു. മുക്കിൽ പീടികയിലും കൊച്ചി അങ്ങാടിയിലും പൂക്കോത്തും ദശകങ്ങൾക്കു മുമ്പ് വായനശാലകൾ പ്രവർത്തിച്ചിരുന്നു. ഇതൊക്കെ ആണെങ്കിലും കലാസാംസ്കാരിക രംഗത്ത് ഇന്നും മുരടിപ്പാണുള്ളത്. സാമൂഹ്യ പ്രവർത്തന രംഗത്ത് സ്ത്രീകൾ മുൻകാലത്ത് തന്നെ പിൻ നിരയിലാണെന്നുള്ളതും യാഥാർത്ഥ്യമാണ്. 1974ൽ കനകമലയിൽ ഗുരുനിത്യചൈതന്യ യതിയുടെ പ്രവർത്തനഫലമായി സ്ഥാപിതമായ ശ്രീനാരായണഗുരുകുലത്തിന് അന്തർദേശീയ അംഗീകാരം ഉണ്ട്.

സാമൂഹ്യ - സന്നദ്ധ പ്രവർത്തന മേഖലയിൽ മാതൃകാപരമായ നേട്ടങ്ങൾ മുൻകാലത്ത് കൈവരിച്ചിരുന്നു. പുക്കോം - കണ്ണംവള്ളി റോഡ്, കീഴ്മാടം മുക്കിൽ പീടിക റോഡ്, മുക്കിൽ പീടിക - കൊച്ചിയങ്ങാടി റോഡ്, പെരിങ്ങത്തൂർ - പുല്ലൂക്കര റോഡ്, ബാവാച്ചി റോഡ് എന്നിവയും എലിത്തോട്ട് പഴയമരപ്പാലവും പഴയ തലമുറയുടെ നിസ്വാർത്ഥ സേവനപ്രവർത്തനങ്ങളുടെ സ്മാരകങ്ങളാണ്. ഈ രംഗത്ത് പ്രവർത്തിച്ചവരിൽ സ്മരണീയർ നല്ലൂർ അണ്ടത്തോടൻ പക്യകുട്ടി, കാടൻ കുന്നുമ്മൽ മമ്മദ്, കിഴക്കുമ്പ്രത്ത് കുഞ്ഞിത്തുവയി ഹാജി, മൂർക്കോത്ത്കണ്ടി ഇ.എ.മമ്മദ് ഹാജി, കെ.എം. ബാവാച്ചി തുടങ്ങിയവരാണ്. നാട്ടിൽ ഇന്നു പലേടങ്ങളിലും കണ്ടു വരുന്ന കാലപ്പഴക്കമുള്ള ചുമടുതാങ്ങികൾ, പൊതുകിണറുകൾ, കൽത്തളങ്ങൾ മുതലായവ പോയ കാലത്തെ ഉദാരമതികളുടെ സാമൂഹ്യാവബോധത്തിൻെറ നിദർശനങ്ങളാണ്.

സാമ്പത്തിക വികസനത്തിൻെറ പാതയിൽ ഏറെ മുന്നേറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നതൊരു യാഥാർത്ഥ്യമാണ്. ഇന്നലെയുടെ ഉൽകൃഷ്ടമായ ചരിത്ര പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നതോടൊപ്പം നമുക്ക് ഇന്നിൻെറ വെല്ലുവിളികളെ ദൃഢചിത്തതയോടെ നേരിടേണ്ടതുണ്ട്. ഈ യജ്ഞത്തിൽ കഴിഞ്ഞ കാലം നൽകുന്ന അറിവും അനുഭവങ്ങളും മാർഗ്ഗദീപങ്ങളായി തീരുമെന്ന് ന്യായമായും ഉറപ്പിക്കാം.❑

IV

# ഭൂപ്രകൃതിയും വിഭവങ്ങളും

കണ്ണൂർ ജില്ലയുടെ തെക്കെ അതിർത്തിയായ മയ്യഴി പുഴയോട് ചേർന്നു കിടക്കുന്ന പ്രദേശമാണ് പെരിങ്ങളം ഗ്രാമപഞ്ചായത്ത്. വിലങ്ങാട് മലകളിൽ നിന്നുത്ഭവിച്ച് മയ്യഴിയിൽ വെച്ച് അറബിക്കടലിൽ പതിക്കുന്ന മയ്യഴി പുഴ പഞ്ചായത്തിൻെറ തെക്കു കിഴക്ക് ഭാഗത്തുകൂടി ഒഴുകുന്നു. കനകമല, കുറുക്കൻ കുന്ന്, കച്ചേരി കുന്ന് തുടങ്ങിയ കുന്നുകളും ചെരിവുകളും താഴ്‌വരകളും കൂടിചേർന്നതാണ് പെരിങ്ങളം ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൻെറ ആകെ വിസ്തൃതി 10.65 ച.കി.മീറ്ററാണ്.

## അതിരുകൾ:

വടക്ക് പാനൂർ പഞ്ചായത്ത്, കിഴക്ക് പാനൂർ പഞ്ചായത്ത് എലിത്തോട്, പെരിങ്ങത്തൂർ പുഴ എന്നിവയും തെക്ക് കരിയാട് പഞ്ചായത്ത്, പെരിങ്ങത്തൂർ പുഴ എന്നിവയും പടിഞ്ഞാറ് പന്ന്യന്നൂർ, ചൊക്ലി പഞ്ചായത്തുകളും അതിരുകളായി നിൽക്കുന്നു.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിക്കാം.

1. ഉയർന്ന ലാറ്ററൈറ്റ് പ്രദേശം
2. ചെരിവ് പ്രദേശം
3. താഴ്ന്ന സമതലം

ഇവയിൽ ഒരോന്നിൻെറയുംവിസ്തൃതി പട്ടിക 1ൽ കൊടുക്കുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 40 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്നും 40 മീറ്ററിൽ കൂടുതൽ ഉയർന്ന പ്രദേശങ്ങളാണ് കനകമല, കച്ചേരിക്കുന്ന്, കുറുക്കൻ കുന്ന്, മയിലാടി കുന്ന് എന്നിവ. സമുദ്ര നിരപ്പിൽ നിന്നും 150 മീറ്ററിൽ കൂടുതൽ ഉയർന്ന പ്രദേശമാണ് കനകമല. പഞ്ചായത്തിൻെറ 70% പ്രദേശത്തും ലാറ്ററൈറ്റ് മണ്ണാണുള്ളത് ശേഷം ഭാഗത്ത് അലൂവിയൽ മണ്ണും കാണപ്പെടുന്നു.

## ജൈവവൈവിധ്യം

പഞ്ചായത്തിലെ കനകമല ജൈവവൈവിധ്യം നിറഞ്ഞതാണ്. ഇതിൻെറ കിഴക്കൻ ചെരിവുകളിൽ നിത്യഹരിത വനത്തിൽ കണ്ടു വരുന്ന ഏതാനും വൃക്ഷങ്ങളും ഒട്ടനവധി ഔഷധികളും വള്ളികളും കണ്ടു വരുന്നു. ഷഡ്പദ ഭോജിയായ ഡ്രോസിറ എന്ന സസ്യത്തെയും ഇവിടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. കാട്ടുപൂച്ച, വെരുക്, മുള്ളൻ പന്നി, കല്ലുണ്ണി (മരപ്പട്ടി) തുടങ്ങിയ വന്യജീവികളുടെയും ആവാസകേന്ദ്രം കൂടിയാണിവിടം.

പനങ്കാക്ക (Indian roller), തീക്കുരുവി (orange minivet), വേലിതത്ത (Bee eater), തിത്തിരിപക്ഷി (Lapwing), ബുൾബുൾ, ആനറാഞ്ചി (Black drongo), കാടുമുഴക്കി (Racket

പട്ടിക 1

| ഭൂപ്രകൃതി | വിസ്തീർണ്ണം (ച.കി.മീ.) | ശതമാനം |
|---|---|---|
| ഉയർന്ന ലാറ്ററൈറ്റ് പ്രദേശം | 2.13 | 20 |
| ചെരിവ് പ്രദേശം | 4.26 | 40 |
| താഴ്ന്ന സമതലം | 4.26 | 40 |

(അവലംബം ദ്വിതീയ വിവരശേഖരം)

tailed drongo) തുടങ്ങിയ പക്ഷികളെയും സതേൺ ബേർഡ് വിംഗ്, ബ്ലു ബോട്ടിൽ, ക്രിംസൺ റോസ്, കോമൺ ജസ്ബൽ, മോട്ടിൽഡ് എമിഗ്രൻറ്, ബാരോനറ്റ്, പീകോക്ക്, പാൻസി, ബ്ലുമോർമൺ തുടങ്ങി വിവിധ ഇനം ചിത്രശലഭങ്ങളെയും ഇവിടെ കണ്ടു വരുന്നു. അറ്റ്ലസ് മോത്ത് എന്ന അപൂർവ്വ ഇനം നിശാശലഭ ത്തെയും പഞ്ചായത്തിൻെറ ചില ഭാഗങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. കനകമലയുടെ മറ്റൊരു സവിശേഷ തയാണ് ഏത് കൊടിയ വേനൽകാലത്തും വറ്റാത്ത നീരുറവകൾ.

പഞ്ചായത്തിൻെറ കിഴക്കൻ അതിർത്തിയായ പാല ത്തായി പുഞ്ചവയലിൽ കേരളത്തിൽ അപൂർവ്വമായി കാണപ്പെടുന്ന കരുവാരകുരു (White necked stork), ചായമുണ്ടി (Purple Heron) എന്നീ ഭീമൻ കൊറ്റികളെ കണ്ടു വരാറുണ്ട്. സാധാരണയായി ജനവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് ഇവയെ കണ്ടു വരാറുള്ളത്. ഇതു കൂടാതെ ചേരക്കോഴി, കൊച്ചുനീർകാ ക്ക, പുള്ളിമീൻകൊത്തി തുടങ്ങിയ ഒട്ടനവധി പക്ഷിക ളെയും ഈ പ്രദേശങ്ങളിൽ കണ്ടു വരുന്നു.

പഞ്ചായത്തിനകത്ത് നൈസർഗ്ഗികമായി വളരുന്ന ധാ രാളം ഔഷധ സസ്യങ്ങൾ കാണപ്പെടുന്നു. ഈശ്വരമുല്ല, നറുനീണ്ടി, ഓരില, ഓരില താമര, ആടലോടകം, കുറു ന്തോട്ടി, മുയൽച്ചെവിയൻ, ഛായപ്പുല്ല്, കീഴാർ നെല്ലി, ആര്യവേപ്പ്, വയമ്പ്, മുക്കുറ്റി, കൂവ്വ, തിപ്പലി, ആനച്ചുവ ടി, നിലപ്പന, ശതാവരി, വാടക്കിഴങ്ങ്, മരമഞ്ഞൾ, തുള സി, മുത്തങ്ങ, എരിക്ക് തുടങ്ങിയ അനേകം ഔഷധസ സ്യങ്ങൾ ധാരാളമായുണ്ട്. ഇവയിൽ മിക്കതും അപ്രത്യ ക്ഷമായികൊണ്ടിരിക്കുകയാണ് ഇന്ന്.

ഇത്തരം ജൈവസമ്പത്തുകൾ സംരക്ഷിച്ചുകൊണ്ടാ യിരിക്കണം നാടിൻെറ വികസനപ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യപ്പെടേണ്ടത്.

## ജനപ്രകൃതി

1991ലെ കാനേഷുമാരി കണക്കനുസരിച്ച് പെരിങ്ങ ളത്തെ ആകെ ജനസംഖ്യ 17040 ആണ്. ഇതിൽ 7897 പുരുഷന്മാരും 9143 സ്ത്രീകളുമാണ്. പഞ്ചായത്തിലെ ശരാശരി ജനസാന്ദ്രത ച.കി.മീറ്ററിന്ന് 1600 ആണ്. ജനസംഖ്യയിൽ 93.7% പേർ സാക്ഷരരാണ്. ഇതിൽ പുരുഷസാക്ഷരതാ നിരക്ക് 97.3 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 90.6 ശതമാനവും ആണ്. പഞ്ചായ ത്തിൽ ആകെ ആൾതാമസമുള്ള 2584 വീടുകൾ ഉണ്ട്. ശരാശരി വീടൊന്നിന് 7 ആളുകൾ അധിവസിക്കുന്നു. ജനസംഖ്യയിൽ ഭൂരിഭാഗവും കർഷകതൊഴിലാളികൾ ആണ്. വ്യവസായ തൊഴിലാളികൾ ഒരു ശതമാനത്തിൽ കുറവാണ്. സേവന മേഖലയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ അടക്കമുള്ളവർ രണ്ട് ശതമാനം വരും. അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർ 5.5 ശതമാനവും വിദേശത്ത് ജോലി ചെയ്യുന്നവർ 4.6 ശതമാനവും ആണ്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഇവിടെ രൂക്ഷമാണ്. തൊഴിൽ മേഖലകളിലെ മുരടിപ്പ് കാരണം വൻതോതിൽ യുവാക്കൾ ഗൾഫ് രാജ്യങ്ങളി ലേക്ക് ചേക്കേറി വരുന്നു. എന്നാൽ ഗൾഫ് പണം ഉൽപാദന രംഗത്ത് ഫലപ്രദമായി വിനിയോഗിക്കുന്ന ഒരു പദ്ധതിയും നാളിതുവരെ ഇവിടെ ആരംഭിച്ചിട്ടില്ല. മനുഷ്യവിഭവം വേണ്ടത്ര ഉണ്ടെങ്കിലും സന്നദ്ധ പ്രവർ ത്തനരംഗം മുൻകാലത്തെ അപേക്ഷിച്ച് നിർജ്ജീവമാ ണ്. വലിയ വിഭാഗം ജനങ്ങളും വിവിധ രാഷ്ട്രീയ സംഘടനകളിൽ പ്രവർത്തിക്കുന്നവരാണെങ്കിലും ചെറി യൊരു വിഭാഗം ആളുകൾ മാത്രമെ ജനക്ഷേമകരമായ പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തുന്നു ള്ളു. അധികാരവികേന്ദ്രീകരണ പ്രക്രിയ യാഥാർത്ഥ്യമാ കണമെങ്കിൽ നാട്ടിലെ ജനശക്തിയെ വികസന പ്രക്രി യയിൽ ഫലപ്രദമായി ഉപയോഗിച്ചേ മതിയാകൂ.

## ജല പ്രകൃതി

നമ്മുടെ പഞ്ചായത്തില ജലലഭ്യത പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചാണിരിക്കുന്നത്. ജൂൺ, ജൂ ലായ്, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കു ന്നത്. സമതലങ്ങളിൽ ജലലഭ്യത ഉയർന്ന തോതിലാണ്. എന്നാൽ ഉയർന്ന പ്രദേശങ്ങളായ കനകമല, കുറുക്കൻ കുന്ന്, മയിലാടികുന്ന്, കച്ചേരി കുന്ന് എന്നിവിടങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. എന്നാൽ കനകമല യുടെ കിഴക്കും പടിഞ്ഞാറുമുള്ള ചെരിവുകളിൽ എല്ലാ മാസങ്ങളിലും ഭൂഗർഭജലം ലഭ്യമാണ്. പഞ്ചായത്ത് അ തിർത്തിയിലൂടെ കടന്നുപോകുന്ന മയ്യഴി പുഴ, എലി ത്തോട്, കനകമലയിലെ നീരുറവകൾ, മറ്റ് തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് പ്രധാന ജലസ്രോ തസ്സുകൾ. പഞ്ചായത്തിൽ ആകെയുള്ള 29 കുളങ്ങളിൽ മിക്കവയും വറ്റാത്തതാണ്. കൂടാതെ പഴശ്ശി പദ്ധതിയുടെ ഭാഗമായുള്ള കനാലുകളും പഞ്ചായത്തിലൂടെ കടന്നു പോകുന്നുണ്ട്. ❑

# വികസനമേഖലകൾ



## 1. കൃഷിയും ജലസേചനവും

പെരിങ്ങളം നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ വിദേശീയരുടേതടക്കം ശ്രദ്ധ പിടിച്ചു പറ്റിയ ഒരു കാർഷിക മേഖലയായിരുന്നു. മികച്ചയിനം കുരുമുളകും നാളികേരവും ഉൽപാദിച്ചിരുന്ന ഒരു പ്രദേശമായിരുന്നു ഇത്.

കുന്നിൽ പ്രദേശങ്ങളും ചെരിവുകളും താഴ്‌വരകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രകൃതി. തികച്ചും കാർഷിക ഗ്രമമായ പെരിങ്ങളത്തിന്റെ വിസ്തീർണ്ണം റവന്യൂ സെറ്റിൽമെന്റ് രേഖ അനുസരിച്ച് 980 ഹെക്ടർ ആണ്.

ചരിത്രരേഖകൾ പരിശോധിച്ചാൽ യുറോപ്യൻ ശക്തികൾ ഇവിടെ കോളനി മത്സരത്തിന്റെ ആദ്യത്തെ കരുക്കൾ നീക്കിയത് മലബാറിൽ സുലഭമായിരുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ വിപണി കയ്യടക്കിക്കൊണ്ടായിരുന്നുവെന്ന് കാണാം. പെരിങ്ങളം പഞ്ചായത്തിലെ പെരിങ്ങത്തൂർ കേന്ദ്രീകരിച്ച് സുഗന്ധ വ്യഞ്ജനങ്ങൾ ശേഖരിക്കുവാൻ വേണ്ടി ഫ്രഞ്ചുകാരും ഡച്ചുകാരും പരസ്പരം മത്സരിച്ചിരുന്നതായി ചരിത്ര രേഖകൾ പറയുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഇന്നത്തെ പെരിങ്ങളം ഉൾപ്പെടുന്ന പ്രദേശം ഇരുവഴിനാട് എന്ന പേരിലായിരുന്നു അറിയപ്പെട്ടത്. ഇരുവഴി നാട് നമ്പ്യാൻമാരിൽ നാരാങ്ങോളി കുടുംബത്തിനായിരുന്നു ഇവിടുത്തെ രാഷ്ട്രീയാധിപത്യം. ഭൂപ്രഭുക്കന്മാർ രാഷ്ട്രീയാധിപത്യം കയ്യാളുന്ന സ്ഥിതി വിശേഷമാണ് ഇരുവഴിനാട്ടിൽ കണ്ടു വന്നിരുന്നത്.

ഇന്ത്യ സ്വതന്ത്ര്യമായതിനു ശേഷവും, കേരളത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതു വരെ കുഴിക്കാണം എന്ന പാട്ട വ്യവസ്ഥയായിരുന്നു നിലനിന്നിരുന്നത്. ഭൂപരിഷ്കരണം നിലവിൽ വന്നതോടെ പെരിങ്ങളത്തെ 1200 ഓളം കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ഭൂമി സ്വന്തമായി ലഭിച്ചു.

ഇങ്ങനെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വയലുകൾ നികത്തി വീടു വെക്കുവാനും അധികം പരിചരണം ആവശ്യമില്ലാത്ത തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളകൾ കൃഷി ചെയ്യുവാനും തുടങ്ങി. പിന്നീട് ഇടത്തരം കർഷകരും പാടങ്ങൾ നികത്തിതുടങ്ങി. ഈ പ്രക്രിയ വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപം കൊണ്ടു. ചില സ്ഥലങ്ങളിൽ നീർക്കെട്ടുകളും മറ്റു ചില സ്ഥലങ്ങളിൽ ജലദൗർലഭ്യതയും അനുഭവപ്പെട്ടതോടെ വർഷത്തിൽ രണ്ടു വിളവും മൂന്ന് വിളവും എടുത്തിരുന്ന നെൽപാടങ്ങളിൽ കൃഷി ഒറ്റ വിളവു മാത്രമായി ചുരുങ്ങി. ആ ഇടക്കാണ് പെരിങ്ങളത്തിന്റെ ഏതാണ്ട് മധ്യഭാഗത്തുകൂടി പഴശ്ശി പദ്ധതിയുടെ മാഹി ബ്രാഞ്ച് കനാൽ കടന്നു വരുന്നത്. പഞ്ചായത്തിലെ പ്രധാന കൃഷിയിടങ്ങളിലൂടെയാണ് ഇത് കടന്നു വരുന്നത്. ഈ അവസരം മുതലാക്കിക്കൊണ്ട് ധാരാളം കർഷകർ തങ്ങളുടെ പാടശേഖരങ്ങൾ കനാലിന്റെ മണ്ണ് ഉപയോഗിച്ച് നികത്തുകയും ചെയ്തു. ഇതും വയലിന്റെ നീരൊഴുക്കിന്റെ ക്രമം തെറ്റിക്കാൻ ഇടയാക്കി. നെൽ കൃഷി അവതാളത്തിലുമായി.

പെരിങ്ങളത്തെ ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. അതിൽ കൂടുതൽ പേർക്കും പത്തോ ഇരുപതോ സെന്റ് ഭൂമിയാണുള്ളത്. ഇതു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| പട്ടിക 1<br>അവലംബം കൃഷിഭവൻ രേഖ | | |
|---|---|---|
| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
| 1. | ഒരു ഹെക്ടറിൽ താഴെ | 2943 |
| 2. | ഒരു ഹെക് ടറിനും 2 ഹെക്ടറിനും ഇടയിൽ | 42 |
| 3. | 2 ഹെക്ടറിന് മുകളിൽ | 5 |

## ഭൂപ്രകൃതി

(അവലംബം റവന്യു സെറ്റിൽമെൻറ് രേഖ, കൃഷിഭവൻ രേഖ, പഠന പര്യടനം)

നിമ്നോന്നതാവസ്ഥയെ അടിസ്ഥാനമാക്കി പെരിങ്ങളത്തെ 3 ഭൂപ്രകൃതി വിഭാഗങ്ങളായി തരം തിരിക്കാം.

### 1. ഉയർന്നപ്രദേശങ്ങൾ

പെരിങ്ങളം പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 20% സ്ഥലവും (196 ഹെക്ടർ) ഉയർന്ന പ്രദേശമാണ്. സമുദ്രനിരപ്പിൽ നിന്നും 40 മീറ്ററിൽ അധികം ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ ഭാഗത്ത് കനകമലയുടെയും കുറുക്കൻ കുന്നിൻെറയും മയിലാടികുന്നിൻെറയും കച്ചേരികുന്നിൻെറയും ഉയർന്ന ഭാഗങ്ങൾ ഉൾപ്പെടുത്താം. കശുമാവ്, തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയവ ഇവിടെ കൃഷി ചെയ്തു വരുന്നു. ഇവിടങ്ങളിൽ കൂടുതലായി കണ്ടു വരുന്നത് ലാറ്ററൈറ്റ് മണ്ണാണ്. മണ്ണൊലിപ്പ് വ്യാപകമായ തോതിൽ കാണപ്പെടുന്നു.

### 2.ചെരിവു പ്രദേശം

ഭൂവിസ്തൃതിയിൽ 40 ശതമാനത്തോളം (396 ഹെക്ടർ) കാണപ്പെടുന്നത് സമുദ്രനിരപ്പിൽ നിന്ന് 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ വരുന്ന ഭാഗമാണ് ഇതിൽ ഉൾപ്പെടുന്നത്. കണ്ണംവെള്ളി, പുക്കോം, അണിയാരം, പുല്ലൂക്കര പ്രദേശങ്ങളുടെ ഉയർന്ന ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. തെങ്ങ്, കമുങ്ങ്, വാഴ, കശുമാവ്, കുരുമുളക് തുടങ്ങിയ വിളകൾ വ്യാപകമായ നിലയിൽ കൃഷി ചെയ്തു വരുന്നു. മണ്ണൊലിപ്പ് ശക്തമായ തോതിൽ കാണപ്പെടുന്ന ഇവിടെ ലാറ്ററൈറ്റ് മണ്ണാണ് കൂടുതലായി കണ്ടു വരുന്നത്.

### 3. താഴ്വരകൾ

സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 20 മീറ്റർ അടി ഉയരത്തിൽ വരുന്ന ഭാഗമാണിത്. പഞ്ചായത്തിൻെറ മൊത്തം ഭൂവിസ്തൃതി 40 ശതമാനത്തോളം (396 ഹെക്ടർ) വരുന്ന ഭാഗത്ത് പെരിങ്ങളത്തെ പാടശേഖരങ്ങളും കുനിപ്രദേശങ്ങളും ഉൾപ്പെടുന്നു. നെല്ല്, മരച്ചീനി, തെങ്ങ്, കവുങ്ങ്, പച്ചക്കറികൾ ഇവിടെ കൃഷി ചെയ്തു വരുന്നു. അലുവിയൽ മണ്ണാണ് ഈ ഭാഗത്ത് കൂടുതലായി കണ്ടു വരുന്നത്. കുറച്ച് ഭാഗങ്ങളിൽ ലാറ്ററൈറ്റ് മണ്ണും കണ്ടു വരുന്നു.

### 4. ഭൂവിനിയോഗം

പെരിങ്ങളം പഞ്ചായത്തിൻെറ വിസ്തീർണ്ണം 1934 റവന്യു സെറ്റിൽമെൻറ് രജിസ്ട്രർ പ്രകാരം 980 ഹെക്ടർ ആണ്. ഭൂവിസ്തൃതി 94 ശതമാനത്തോളം സ്ഥലവും (920 ഹെക്ടർ) പുരയിടമാണ്. മുഖ്യ വിളകളായി കൃഷി ചെയ്തു വരുന്നത് തെങ്ങ്, നെല്ല്, കവുങ്ങ്, കുരുമുളക്, മരച്ചീനി, കശുമാവ് തുടങ്ങിയവ ആണ്. മൊത്തം ഭൂവിസ്തൃതിയുടെ 20.2 ശതമാനം (217.80 ഹെക്ടർ ) സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്ന വയലുകൾ ആയിരുന്നു. എന്നാൽ ഇപ്പോൾ പഞ്ചായത്തിൽ അവശേഷിക്കുന്ന നെൽകൃഷി മൊത്തം ഭൂവിസ്തൃതിയുടെ 1.7% സ്ഥലത്ത് (17 ഹെക്ടർ)മാത്രമാണ്. അതായത് ചുരുങ്ങിയ കാലം കൊണ്ട് 92% നെൽവയലുകളും - 200.80 ഹെക്ടർ - നികത്തപ്പെട്ടു എന്നർത്ഥം.

| പട്ടിക 2.<br>ഭൂവിനിയോഗം 1934<br>(അവലംബം റവന്യു സെറ്റിൽമെൻറ് രജിസ്ട്രർ) | | |
|---|---|---|
| നമ്പർ | ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടറിൽ |
| 1. | പുരയിടം | 704.32 |
| 2. | നിലം | 217.80 |
| 3. | പുറമ്പോക്ക് | 23.08 |
| 4. | തരിശ് | 34.80 |
| | ആകെ | 980.00 |

## പട്ടിക 3
## ഭൂവിനിയോഗം 1995-96
## (അവലംബം കൃഷിഭവൻ രേഖ)

| നമ്പർ | ഭൂവിനിയോഗം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1. | നെല്ല് | 17 |
| 2. | തെങ്ങ് | 920 |
| 3. | കശുമാവ് | 23 |
| 4. | വാഴ | 2 |
| 5. | കവുങ്ങ് | 2 |
| 6. | മരച്ചീനി | 1 |
| 7. | കൃഷിയോഗ്യമായ തരിശ് | 9 |
| 8. | കൃഷിയോഗ്യമല്ലാത്ത തരിശ് | 3 |
| 9. | ജലാശയങ്ങൾ | 3 |
| | ആകെ | 980 |

ഇപ്പോൾ പെരിങ്ങളം ഗ്രാമപഞ്ചായത്തിൽ അവശേഷിക്കുന്ന 17 ഹെക്ടർ പാടശേഖരം 105ഓളം ഭൂഉടമകളുടെ കയ്യിലാണ്. കള്ളംവെള്ളി, അണിയാരം, പുല്ലൂക്കര എന്നിവിടങ്ങളിലായാണ് നെൽകൃഷി വ്യാപിച്ചു കിടക്കുന്നത്.

## പാടശേഖരം - ഭൂമി സംബന്ധിച്ച വിവരങ്ങൾ (കൃഷി ഭവൻ രേഖ)

| നമ്പർ | സ്ഥലം | ഭൂവുടമകൾ | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|
| 1. | കണ്ണംവെള്ളി | 35 | 5 |
| 2. | നെല്ലൂർത്താഴെകുനി | 32 | 5 |
| 3. | പുഞ്ചവയൽ | 38 | 7 |
| | ആകെ | 105 | 17 |

ഇതിൽ ഒന്നാം വിള സമയത്ത് 17 ഹെക്ടർ സ്ഥലത്ത് നിന്ന് 40800 കി.ഗ്രാം നെല്ലും (ഉൽപാദനക്ഷമത ഹെക്ടറിന് 2400 കി.ഗ്രാം) രണ്ടാം വിള സമയത്ത് 5 ഹെക്ടർ സ്ഥലത്ത് നിന്നും 11500 കി.ഗ്രാം നെല്ലും (ഉൽപാദനക്ഷമത ഹെക്ടറിന് 2300 കി.ഗ്രാം.) ലഭിക്കുന്നു. മൂന്നാം വിള തീരെ എടുക്കാറില്ല. തൊണ്ണൂറാൻ, വടക്കൻ, ഒറ്റൽ, മുണ്ടോൻ, ചിറ്റേനി, തവളക്കണ്ണൻ തുടങ്ങിയ നാടൻ നെല്ലിനങ്ങളായിരുന്നു ഇവിടങ്ങളിൽ മുമ്പ് കൃഷി ചെയ്തിരുന്നത്. ഇപ്പോൾ 5 ഹെക്ടർ സ്ഥലത്ത് ജയയും 7 ഹെക്ടർ സ്ഥലത്ത് ജ്യോതിയും 10 ഹെക്ടർ സ്ഥലത്ത് നാടൻ നെല്ലിനങ്ങളുമാണ് കൃഷി ചെയ്തു വരുന്നത്. അടുത്ത കാലം വരെ പാടങ്ങളിൽ വ്യാപകമായി മൂന്നാം വിള സമയത്ത് വെള്ളരി, പാവൽ, മത്തൻ, ചീര, വെണ്ട തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്യാറുണ്ടായിരുന്നു. നെല്ലിൻെറ ഉൽപാദനം കുറഞ്ഞതുപോലെ തന്നെ പച്ചക്കറി കൃഷിയും കുറഞ്ഞു വന്നു. ഇന്ന് 0.5 ഹെക്ടർ സ്ഥലത്ത് മാത്രമെ പച്ചക്കറികൾ കൃഷി ചെയ്യുന്നുള്ളു. ഒരു ഹെക്ടർ സ്ഥലത്ത് പയറും രണ്ട് ഹെക്ടർ സ്ഥലത്ത് വാഴയും ഒരു ഹെക്ടർ സ്ഥലത്ത് മരച്ചീനിയും കൃഷി ചെയ്തു വരുന്നുണ്ട്. കൃഷിക്കുപയോഗിക്കുന്ന 9 ഹെക്ടറോളം സ്ഥലം തരിശായി കിടക്കുന്നുണ്ട്. അതുപോലെ തന്നെ ഒന്നാം വിള കഴിഞ്ഞാൽ ഏതാണ്ട് 12 ഹെക്ടർ നെൽവയലുകളും തരിശിടുകയാണ്ചെയ്യുന്നത്. മുൻ കാലങ്ങളിൽ നെല്ല്, പയർ, പച്ചക്കറി എന്നിങ്ങനെയായിരുന്നു പാടങ്ങളിലെ സാധാരണ വിളക്രമം. ഇന്ന് സ്ഥിതി മാറി. പെരിങ്ങളത്തിനാവശ്യമായ പച്ചക്കറികളുടെ ഒരു ശതമാനം പോലും ഇവിടെ നിന്നും ഉൽപാദിപ്പിക്കുന്നില്ല.

തെങ്ങ് കൃഷി മുഖ്യമായും പുരയിട കൃഷിയായാണ് ചെയ്തു വരുന്നത്. 1934ലെ സെറ്റിൽമെൻറ് വ്യവസ്ഥ പ്രകാരം 704 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന പുരയിട കൃഷി ഇന്ന് 904 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് 216 ഹെക്ടർ സ്ഥലത്തുകൂടി പുരയിട കൃഷി വ്യാപിച്ചു. ഇത് നേരത്തെ പാടശേഖരമായിരുന്നു. ചുരുങ്ങിയ കാലം കൊണ്ട് ഈ നിലം മണ്ണിട്ട് നികത്തുകയും കോൺക്രീറ്റ് മന്ദിരങ്ങൾ പണിയുകയും ദീർഘകാല വിളകളായ തെങ്ങും കവുങ്ങും മറ്റും വെച്ചു പിടിപ്പിക്കുകയും ചെയ്തു.

മുഖ്യവിളയായ തെങ്ങിൻെറ ഉൽപാദന ക്ഷമത ഇവിടെ 40 നാളികേരമാണ് (സംസ്ഥാന ശരാശരി 38). 161000 തെങ്ങുകളിൽ നിന്ന് ഒരു വർഷം 6440000 നാളികേരം ഉൽപാദിപ്പിക്കുന്നതായാണ് കണക്ക്. പെരിങ്ങളത്തെ 95% തെങ്ങുകളും നാടൻ തെങ്ങുകളാണ്. 5% മാത്രമെ സങ്കരയിനത്തിൽ പെട്ട തെങ്ങുകളുള്ളു. നല്ലയിനം നാടൻ വിത്തു തേങ്ങകൾ സ്വന്തം കൃഷിയിടങ്ങളിൽ നിന്നു തന്നെ സംഭരിക്കുകയും അവ തൈകളാക്കി പുരയിടത്തിൽ വെച്ച് പിടിപ്പിക്കുകയുമാണ് ചെയ്ത് വരുന്നത്. പൊതുവെ രോഗപ്രതിരോധ ശേഷി കൂടുത

ലുള്ള തെങ്ങ് വിളകളാണ് ഇവിടങ്ങളിൽ കണ്ടു വരുന്നത്. 95-96ൽ 70 തെങ്ങുകൾക്ക് കൂമ്പ് ചീയ്യൽ രോഗവും 90 തെങ്ങുകൾക്ക് ചെന്നീരൊലിപ്പ് രോഗവും കാണുകയുണ്ടായി. ഇടവിളകൃഷിക്ക് പമ്പ് സെറ്റ് ഉപയോഗിച്ച് ജലസേചനം നടത്തുന്ന 66 കർഷകർ ഈ പഞ്ചായത്തിലുണ്ട്.

കശുമാവ് കൂടുതലായി കൃഷി ചെയ്തു വരുന്നത് കനകമലയിലും പരിസര പ്രദേശങ്ങളിലുമാണ്. പഞ്ചായത്തെ ഏതാണ്ട് 23 ഹെക്ടർ സ്ഥലത്തെ കശുമാവ് കൃഷിയിൽ നിന്നും 23,000 കി.ഗ്രാം കശുവണ്ടി ഉൽപാദിപ്പിക്കുന്നുണ്ട്. (ഉൽപാദന ക്ഷമത 1000കി.ഗ്രാം./ഹെക്ടർ).

കുരുമുളക് കൃഷിക്ക് ഏറ്റവും അനുയോജ്യമായ മണ്ണും കാലാവസ്ഥയുമാണെങ്കിലും ഉൽപാദനം 5 ഹെക്ടർ സ്ഥലത്തുനിന്നും 2,500 കി.ഗ്രാം മാത്രമാണ് (ഉൽപാദനക്ഷമത 500 കി.ഗ്രാം/ഹെക്ടർ) മതിയായ പരിചരണം ലഭ്യമാക്കാത്തതിനാലും പുതിയ തൈകൾ വെച്ചുപിടിപ്പിക്കാൻ കർഷകർ ശ്രദ്ധിക്കാത്തതിനാലും കുരുമുളക് കൃഷി നേരത്തെ ഉള്ളതിൻെറ 20% മാത്രമായി ചുരുങ്ങി.

**പട്ടിക 5**
**വിള വിസ്തീർണ്ണവും ഉൽപാദനവും**
**(കൃഷി ഭവൻ രേഖ)**

| വിള | വിസ്തീർണ്ണം (ഹെ.) | മൊത്തം ഉൽപാദനം കി.ഗ്രാമിൽ | ഉൽപാദന ക്ഷമത ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 17 | 40800 | 2400കി.ഗ്രാം |
| നെല്ല് (രണ്ടാം വിള) | 5 | 11500 | 2300 ,, |
| പയർ | 1 | 600 | 600 |
| പച്ചക്കറികൾ | 0.5 | 1250 | 2500 ,, |
| തെങ്ങ് | 920 | 6440000 തേങ്ങ | 40nuts/palam/yr |
| വാഴ | 2 | 50000 | 25000കി.ഗ്രാം |
| കശുമാവ് | 23 | 23000 | 1000 ,, |
| മരച്ചീനി | 1 | 9000 | 9000 ,, |
| കുരുമുളക് | 5 | 25000 | 500 ,, |

പെരിങ്ങളം പഞ്ചായത്തിൽ 1991ൽ 3 പാടശേഖര കമ്മറ്റികളുണ്ടായിരുന്നു. കാടാങ്കുനി പാടശേഖര കമ്മറ്റി, പുഞ്ചവയൽ പാടശേഖര കമ്മറ്റി, നല്ലൂർ താഴക്കുനി പാടശേഖരകമ്മിറ്റി എന്നിവ. ഇവിടെ പ്രവർത്തനം ഒന്നും തന്നെ ഫലപ്രദമായ രീതിയിൽ നടന്നില്ല.

## വളപ്രയോഗം

പഞ്ചായത്തിലെ 65% കൃഷിക്കാരും കൃഷിക്കുപയോഗിക്കുന്നത് ജൈവവളങ്ങളാണ്. രാസവളം ചേർക്കുന്നവർ 35 % മാത്രമെ വരു. ചൊക്ലി സർവ്വീസ് കോ. ഓപ്പറേറ്റിവ് ബാങ്കിൻെറ കീഴിൽ പ്രവർത്തിപ്പിക്കുന്ന 2 വളം ഡിപ്പോകളാണ് പഞ്ചായത്തിലുള്ളത്. പെരിങ്ങത്തൂരിലും കാട്ടിമുക്കിലും അതിൽ പെരിങ്ങത്തൂരിലെ വളം ഡിപ്പോ മാത്രമെ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളു. കർഷകർ കൂടുതലും ആശ്രയിക്കുന്നത് തലശ്ശേരിയിലേയും പാനൂരിലെയും വളം ഡിപ്പോകളെയാണ്. 1993 ൽ 10 ടൺ നൈട്രജനും 45 ടൺ ഫോസ്ഫ്രസും 15 ടൺ പൊട്ടാസ്യവും 1994ൽ 11 ടൺ നൈട്രജനും 45 ടൺ ഫോസ്ഫ്രസും 16 ടൺ പൊട്ടാസ്യവും 1995ൽ 16 ടൺ നൈട്രജനും 6 ടൺ ഫോസ്ഫ്രസും 19 ടൺ പൊട്ടാസ്യവും കൃഷിക്കുപയോഗിച്ചതായാണ് ഏകദേശ കണക്ക്.

**പട്ടിക 6**
**രാസവളത്തിൻെറ ഉപയോഗം (കൃഷിഭവൻ രേഖ)**

| വർഷം | നൈട്രജൻ | ഫോസ്ഫ്രസ് | പൊട്ടാസ്യം |
|---|---|---|---|
| 1993 | 10 ടൺ | 4 ടൺ | 15 ടൺ |
| 1994 | 11 ,, | 4,, | 16 ,, |
| 1995 | 14 ,, | 6 ,, | 19 ,, |

മണ്ണ് പരിശോധന നടത്തി ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്തുന്ന സമ്പ്രദായം ഈ പഞ്ചായത്തിലില്ല. മണ്ണ് പരിശോധന നടത്തുന്നതിനു വേണ്ടി 93-94ൽ 145 പേരും 95-96ൽ 125 പേരും കൃഷി ഭവൻ മണ്ണ് സാമ്പിൾ കൊടുത്തുവെങ്കിലും ഇതുവരെയായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കൃഷിഭവൻ മുഖേന വിതരണം ചെയ്ത ഒരു ട്രില്ലറും 5 റോക്ക്സ്പെയറും 5 നാപ് സ്റ്റോക്ക് സ്പ്രെയറും 3 തെങ്ങു കയറ്റി യന്ത്രവും അഞ്ച് നാടൻ കലപ്പകളും പഞ്ചായത്തിലെ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കു

ന്നുണ്ട്.

കീടനാശിനികൾ ഉപയോഗിക്കുന്നത് നെല്ല്, വാഴ, പച്ചക്കറികൾ എന്നീ വിളകൾക്കാണ്. ഇത്തരം വിളകളുടെ കൃഷി വളരെ കുറവായതിനാൽ കീടനാശിനി പ്രയോഗവും പരിമിതമായ തോതിൽ മാത്രമെ ഉള്ളു.

ഏതാണ്ട് 2990 കർഷക കുടുംബങ്ങൾ പെരിങ്ങളം പഞ്ചായത്തിലുണ്ട്. അതിൽ ഏതാണ്ട് 20 ശതമാനത്തോളം കുടുംബങ്ങൾ കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവരാണ്. 650ഓളം കർഷക തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്.

പുരുഷന്മാരുടെ ശരാശരി കൂലിനിരക്ക് 100 രൂപയും സ്ത്രീകളുടേത് 65 രൂപയുമാണ്.

കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തതുകൊണ്ടു തന്നെ കൃഷിക്കാരിൽ പലർക്കും ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് താൽപര്യം കുറഞ്ഞു വരുന്നു. കർഷക തൊഴിലാളികളെ യഥാസമയം ലഭിക്കാത്തതും രാസവളത്തിന്റെ വിലവർദ്ധനവും വർദ്ധിച്ച കൂലിചെലവും കൂടാതെ ജലസേചനത്തിന്റെ അഭാവവും കാർഷിക രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. നാളികേരം ഉണക്കി കൊപ്രയാക്കി മധ്യവർത്തികൾ മുഖേന വടകരയിൽ കൊണ്ടു പോയാണ് ഭൂരിഭാഗം കർഷകരും വിപണനം നടത്തുന്നത്.

## വിത്ത് - വായ്പ

കൃഷിഭവൻ മുഖേന ശേഖരിക്കുന്ന വിത്തുകളും പ്രാദേശികമായി ശേഖരിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി ചെയ്തു വരുന്നത്. ഫലവൃക്ഷ തൈ വിതരണം സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

**പട്ടിക 7**
**ഫലവൃക്ഷതൈ വിതരണം 1994-95**
**(അവലംബം കൃഷിഭവൻ രേഖ)**

| നമ്പർ | ഇനം | എണ്ണം | ലഭിച്ച കർഷകരുടെ എണ്ണം |
|---|---|---|---|
| 1. | കശുമാവ് | 64 | 5 |
| 2. | കുടം പുളി | 10 | 5 |
| 3. | അയിനിപ്ലാവ് | 10 | 15 |
| 4. | ജാതിക്ക | 50 | 10 |

**പട്ടിക 8**
**1993-94 ഫലവൃക്ഷ തൈ വിതരണം**

| നമ്പർ | ഇനം | എണ്ണം | ലഭിച്ച കർഷകരുടെ എണ്ണം |
|---|---|---|---|
| 1. | ചേന | 20 | 20 |
| 2. | ഒട്ടുമാവ് | 110 | 61 |
| 3. | കവുങ്ങ് (മംഗള) | 95 | 59 |
| 4. | സപ്പോട്ട | 12 | 10 |
| 5. | പേര | 5 | 4 |
| 6. | മാങ്കോസ്റ്റിൻ | 5 | 5 |
| 7. | ചെറുനാരകം | 15 | 15 |
| 8. | കുറ്റ്യാട്ടൂർ മാവ് | 110 | 110 |
| 9. | ജാതിക്ക | 25 | 25 |
| 10. | മാവ് | 115 | 93 |

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികൾ

പ്രകൃതിക്ഷോഭ ദുരിതാശ്വാസപദ്ധതി പ്രകാരം 1994-95 വർഷത്തിൽ 19118 രൂപയും 1995-96ൽ 11640 രൂപയും 1996-97ൽ 29296 രൂപയും കൃഷിഭവൻ മുഖേന കൊടുക്കുകയുണ്ടായി.

യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ 1995-96ൽ 90 പേർ അംഗങ്ങളായി.

സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 1995-96ൽ 41 പമ്പുസെറ്റുകൾക്കും 18 കിണറുകൾക്കും സഹായം അനുവദിച്ചു. 1994-95ൽ 24 കിണറുകൾക്ക് 60000 രൂപയും 25 പമ്പുസെറ്റുകൾക്ക് 62459 രൂപയും അനുവദിച്ചു.

കശുകീട നിയന്ത്രണ പദ്ധതിപ്രകാരം ഹെക്ടറിന് 300 രൂപ പ്രകാരം 3000 രൂപ സബ്സിഡി കൊടുത്തു.

1995-96 വർഷം 17 ഹെക്ടർ നെൽകൃഷിക്ക് ഹെക്ടറിന് 250 ക. പ്രകാരം 3750 സബ്സിഡി കൊടുത്തു.

1995-96ൽ വിള ഇൻഷുറൻസ് പദ്ധതിയിൽ 51 പേർ അംഗങ്ങളായി.

## ജലവിഭവങ്ങൾ

പ്രധാനമായും മഴയെ ആശ്രയിച്ചാണ് പെരിങ്ങളം

പഞ്ചായത്തിൽ കാർഷിക മേഖലയുടെ നിലനിൽപ്. ജൂൺ, ജൂലായ് മാസങ്ങളിലും ആഗസ്റ്റ് മാസം ഏതാണ്ട് പകുതി വരെയും ലഭിക്കുന്ന കാലവർഷവും (തെക്കു പടിഞ്ഞാറൻ മൺസൂൺ) സെപ്തംബർ , ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും (വടക്കു കിഴക്കൻ മൺസൂൺ) കൂടി ശരാശരി മഴ 320 സെൻറീമീറ്ററോളം ലഭിക്കുന്നു. മഴയുടെ ഏതാണ്ട് 75 ശതമാനത്തോളം കാലവർഷത്തിൽ നിന്നാണ് ലഭിക്കുന്നത്. ഒരു പ്രധാന നീരൊഴുക്ക് കനകമലയിൽ നിന്ന് ഉൽഭവിക്കുന്നുവെങ്കിലും അത് വേണ്ട വിധം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ നീരുറവ പാലാഴി വഴി മാഹി പുഴയിലാണ് ചെന്നു ചേരുന്നത്.

പെരിങ്ങളം പഞ്ചായത്തിൻെറ വടക്കു കിഴക്ക് ഭാഗത്ത് കണ്ണംവെള്ളിയിൽ കൂടി ഒരു ചെറിയ തോട് എലാങ്കോട്ട് ഭാഗത്തുനിന്നും കടന്നു വരുന്നുണ്ട്. ഈ തോട് പെരിങ്ങളം പഞ്ചായത്തിൻെറ ഏതാണ്ട് ഒരതിർത്തി രേഖപോലെ കിഴക്കുഭാഗത്തുകൂടെ കിഴക്കോട്ടൊഴുകുന്നു. ഈ തോട് പെരിങ്ങളം പഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയിൽ ഏതാണ്ട് മധ്യഭാഗത്തായി ഒഴുകുന്ന എലിത്തോടുമായി ചേർന്ന്തെക്കോട്ടൊഴുകി പെരിങ്ങത്തൂർ പുഴയിൽ വന്നുചേരുന്നു. കണ്ണം വെള്ളി മുതൽ എലിത്തോട് വരെയുള്ള ഉപതോടിന് മൂന്ന് കിലോമീറ്റർ നീളവും രണ്ടു കിലോമീറ്റർ നീളവും രണ്ടര മീറ്റർ വീതിയുമുണ്ട്. എലിത്തോട് രണ്ട് കിലോമീമീറ്റർ നീളവും രണ്ടര മീറ്റർ വീതിയിലും ഒഴുകുന്നു. എലിത്തോട് ഒരു ചീപ്പ് ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിലെ വണ്ണാത്തിത്തോടും ബാവാച്ചിത്തോടും വേനൽ കാലങ്ങളിൽ വെള്ളം വറ്റി പോകുന്നതായ രണ്ട് ഉപതോടുകളാണ്. ഇതിൽ വണ്ണാത്തിത്തോടിന് ശരാശരി രണ്ട് കിലോമീറ്റർ നീളവും രണ്ടര മീറ്റർ വീതിയുമുണ്ട്. ഇത് തെക്കോട്ടൊഴുകി പെരിങ്ങത്തൂർ പുഴയിൽ വന്നു ചേരുന്നു. ഇതിന് ഒരു ക്രോസ് ബാർ ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. പെരിങ്ങളം പഞ്ചായത്തിൻെറ വടക്കു ഭാഗത്ത് മറ്റൊരു തോട് കൊയപ്പാടി കുളത്തിൽ നിന്നുമാരംഭിച്ച് കിഴക്കോട്ടൊഴുകി എലാങ്കോട് തോട്ടിൽ ചേരുന്നുണ്ട്. (പുഞ്ചവയൽ തോട്). ഇതും വേനൽകാലങ്ങളിൽ വറ്റാറുണ്ട്. മറ്റൊരു ഉപതോട് പുറക്കുളം - കിഴക്കുമ്പ്രം തോടാണ്. ഇതും വേനൽകാലങ്ങളിൽ വറ്റികിടക്കുന്നു.

പെരിങ്ങത്തൂർ പുഴയിൽ നിന്ന് വണ്ണാത്തിത്തോടിലേക്കും എലിത്തോട്ടിലേക്കും ഉപ്പുവെള്ളം കയറി കൃഷിക്ക് നാശം സംഭവിക്കാറുണ്ട്.

കുളങ്ങളിൽ ഏറ്റവും വലുത് അണിയാറം ക്ഷേത്ര ചിറയാണ്. എല്ലാ കാലത്തും വെള്ളം സുലഭമായി ലഭിക്കുന്ന ഇതിന് ഒന്നര ഏക്കറോളം വിസ്തൃതിയുണ്ട്. ഇത് ക്ഷേത്രകുളമായതിനാൽ പൊതു ആവശ്യത്തിന് ഉപയോഗിക്കാറില്ല. മറ്റൊരു കുളം ഇരഞ്ഞിക്കുളമാണ്. ഏതാണ്ട് 85 സെൻേറാളം വരും ഇതിൻെറ വിസ്തീർണ്ണം. പഞ്ചായത്തിൻെറ വടക്ക് കണ്ണംവെള്ളി, പൂക്കോം പ്രദേശങ്ങളിൽ കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന ഒരു പൊതു കുളമാണിത്. കൂടാതെ കൊയപ്പടി കുളവും (വലിയാണ്ടി പീടിക) അത്ത്യൂർ കുളവും പൊതുകുളമായി വേണം. ഇതുംകാർഷിക ആവശ്യത്തിന് ഉപയോഗപ്രദമാക്കാൻ സാധിക്കണം. കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ 25ഓളം കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 13 കിണറുക്ളും 3 കുഴൽകിണറുകളും പഞ്ചായത്തിൻേറതായിട്ടുണ്ട്.

കുറുക്കൻ കുന്നിൻെറ കിഴക്കു ഭാഗത്തും കുറുളിക്കാട്, പൊയ്യവയൽ പ്രദേശങ്ങളിലും മൈലാടി മൊട്ട ഭാഗത്തും വേനൽകാലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടാറുണ്ട്.

## പ്രശ്നങ്ങൾ

1. ഇടവിള കൃഷി ചെയ്യാവുന്ന കൃഷികളാണ് പഞ്ചായത്തിൽ 90%വും ഉള്ളത്. നേരത്തെ വ്യാപകമായി കൃഷി ചെയ്തിരുന്ന മഞ്ഞൾ, കാച്ചിൽ, ഇഞ്ചി, മുത്താറി, ചാമ തുടങ്ങിയവ തീരെ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

2. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ (കുറുക്കൻ കുന്ന്, കച്ചേരികുന്ന്, കനകമല) വ്യാപകമായ തോതിൽ മണ്ണിടിക്കുന്നതായി കണ്ടു വരുന്നു.

3. ജലസേചനത്തിൻെറ അപര്യാപ്തത ഇടവിളകൃഷിയെ സാരമായി ബാധിക്കുന്നു.

4. പാടങ്ങൾ നികത്തുന്ന സ്ഥിതിവിശേഷം വ്യാപകമായി തുടർന്നു വരുന്നു.

5. നല്ലയിനം തൈകൾ ആവശ്യമായത്ര ലഭിക്കുന്നില്ല. (തെങ്ങ്, കവുങ്ങ്, മരച്ചീനി, കശുമാവ് തുടങ്ങിയവ)

6. മണ്ണ് പരിശോധന സമ്പ്രദായം പഞ്ചായത്തിലില്ല.

7. എലിത്തോടിലും വണ്ണാത്തിത്തോടിലുംബാവാച്ചിത്തോടിലും ഉപ്പു വെള്ളം കയറി കൃഷിക്ക് നാശം സംഭവിക്കുന്നു.

8. കൃഷിഭവൻ മുഖാന്തിരം ലഭിക്കുന്ന സഹായങ്ങൾ കർഷകർ അറിയുന്നില്ല.

9. നീർക്കെട്ട് കുനിപ്രദേശങ്ങളിലെ തെങ്ങിൻ തോട്ടങ്ങളെ ബാജിധിച്ചിട്ടുണ്ട്.

10. യഥാസമയം കിളക്കുകയും വരമ്പുകളിടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാവുന്നു.

11. ജൈവ വളങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല.

12. കർഷക തൊഴിലാളികളെ യഥാസമയം കിട്ടാത്ത അവസ്ഥ ചില ഭാഗങ്ങളിലുണ്ട്

13. ത്രിതല കൃഷിരീതിയുടെ പ്രയോജനങ്ങളെ പറ്റി കർഷകർ ബോധാവന്മാർ അല്ല.

14.കുറുളിക്കാട്, പൊയ്യവയൽ, മൈലാടി കുന്ന്, കുറുക്കൻ കുന്നിന്റെ ഭാഗങ്ങൾ എന്നിവിടങ്ങളിൽ ജല ക്ഷാമം അനുഭവപ്പെടുന്നു.

15. പച്ചക്കറി കൃഷി കുറഞ്ഞു വരുന്നു.

16. കൂൺ കൃഷി, ഔഷധ കൃഷി, പുഷ്പ കൃഷി തുടങ്ങിയ കൃഷികളെ പറ്റി കർഷകർ അജ്ഞരാണ്.

## സാധ്യതകൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗത്തെ പറ്റി കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

2. ജലസേചന സൗകര്യം വർധിപ്പിക്കുക ; ഡ്രിപ്പ് ഇറിഗേഷൻ സ്പ്രിംഗ്ളർ ഇറിഗേഷൻ എന്നിവയിലൂടെ ഇടവിള കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുക.

3. പച്ചക്കറി കൃഷിക്ക് പ്രാധാന്യം നൽകുക. ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ ശേഖരിച്ച് പഞ്ചായത്തിലെ എല്ലാ വീടുകളിലും വിതരണം ചെയ്യുക. ഓരോ വീട്ടിലും ഒരു ചെറിയ അടുക്കളത്തോട്ടമെങ്കിലുമുണ്ടെന്ന് ഉറപ്പ് വരുത്തക്കത്തവിധം ആവശ്യമായ സംവിധാനങ്ങൾ ജനകീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

4. ഇടവിള കൃഷികളായ വാഴ, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ, കുരുമുളക്, മുത്താറി തുടങ്ങിയവ കൃഷി ചെയ്യുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകുകയും അവയും ആവശ്യമായ വിത്തും വളവും ലഭ്യമാക്കുകയും ചെയ്യുക.

5. കൂൺകൃഷി, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി കൃഷി ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.

6. പാടങ്ങൾ നികത്തുന്നതിനെതിരെയുള്ള നിയന്ത്രണങ്ങൾ കർശനമായും നടപ്പിൽ വരുത്തുക.

7. പാടങ്ങളിൽ മൂന്ന് വിളവും എടുക്കുന്നതിനാവശ്യമായ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. നാടൻ തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കണം.

9. കനാൽ പ്രദേശമുൾപ്പെടെയുള്ള തരിശുഭൂമിയിൽ പടച്ചക്കറി കൃഷിയും തീറ്റപ്പുൽ കൃഷിയും വ്യാപിപ്പിക്കാൻ ആവശ്യമായ നടപടികൽ സ്വീകരിക്കുക.

10. കാർഷികാവശ്യത്തിനുള്ള പമ്പ്സെറ്റ് ഭൂപരിധി നിശ്ചയിക്കാതെ കർഷകർക്ക് വിതരണം ചെയ്യുകയും വൈദ്യുതി സൗജന്യമായി നൽകുകയും വേണം.

11. പഞ്ചായത്തിലെ മുഴുവൻ തോടുകളും സംരക്ഷിക്കുകയും കാർഷികാവശ്യത്തിന് ജലം ലഭ്യമാക്കുകയും ചെയ്യുക.

12. പടുവാഴകൃഷിക്ക് ആവശ്യമായ വാഴതൈകളും വളവും ലഭ്യമാക്കുക.

13. നാളികേരം സംഭരിക്കുകയും ഒരു കേരസംസ്കരണ യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങുകയും ചെയ്യുക.

14. ജൈവവള പ്രയോഗത്തിന് പ്രോത്സാഹനം നൽകണം. എല്ലാ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴി നിർമിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്യുക.

15. കനകമലയിലെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി സമീപ പ്രദേശങ്ങളിലെ കാർഷികാവശ്യത്തിന് വെള്ളമെത്തിക്കുക.

16. പഞ്ചായത്തിന്റെ വടക്കുള്ള ഇരഞ്ഞിക്കുളം വൃത്തിയാക്കി ജലം സമീപപ്രദേശങ്ങളിലെ കൃഷിക്ക് ഉപയുക്തമാക്കുക.

17. മൾബറി കൃഷി പ്രോത്സാഹിപ്പിച്ച് പട്ടുനൂൽ വളർത്തൽ വ്യാപകമാക്കുക.

18. കുരുമുളക്, അടയ്ക്ക, കശുവണ്ടി തുടങ്ങിയ കാർഷികോൽപന്നങ്ങൾ ഗ്രൂപ്പായി സംഭരിക്കാനുള്ള സൗകര്യമൊരുക്കുക.

19. വരമ്പുകൾ നിർമിച്ച് കൃഷിഭൂമിയിലെ വെള്ളവും മണ്ണും ഒലിച്ചു പോകുന്നത് തടയുക.

20. നീർമറി വികസന പദ്ധതികൾ നടപ്പിലാക്കുക.

21. പ്രകൃതി കൃഷിരീതിയുടെ സാധ്യതകൾ പരിശോധിക്കുക.

22. വീട്ട് മുറ്റങ്ങൾ കോൺക്രീറ്റ് ചെയ്യുന്നത് കാരണം ജലം ഭൂമിയിലേക്ക് കനിഞ്ഞിറങ്ങുന്നത് തടസ്സപ്പെടുന്നു. ഇത് തടയപ്പെടണം.

23. പുഴയോരം സംരക്ഷിക്കുക.

24. ഒരു വളം ഡിപ്പോ മുക്കിൽ പീടികയിൽ സ്ഥാപിക്കുക.

25. പ്രകൃതി കൃഷിരീതിയുടെ സാധ്യതകൾ പരിശോധിക്കുക.

26. ജൈവകീടനാശിനികളുടെ ഉപയോഗം.



# 2. മൃഗസംരക്ഷണം

**ഭൂ**മി സ്വന്തമാക്കിയ കർഷകർ കൃഷിയോടൊപ്പം കാലിവളർത്തലിനും മറ്റു മൃഗങ്ങളെ ഉൽപാദനപരമായപ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ തുടങ്ങിയതോടെ മൃഗസംരക്ഷണരംഗത്ത് സുപ്രധാനമായ ചുവടുവെപ്പുകൾ കണ്ടു തുടങ്ങി. മുൻകാലങ്ങളിൽ ഇഷ്ടം പോലെ മേച്ചിൽ പുറങ്ങളും തരിശായ സ്ഥലങ്ങളും നെൽപ്പാടങ്ങളും മൃഗപരിപാലത്തിന് കർഷകന് അനുകൂല ഘടകങ്ങളായിരുന്നു. ഈ പഞ്ചായത്തിൻെറ ഭൂമിശാസ്ത്ര പരമായ കിടപ്പും മൃഗസംരക്ഷണരംഗത്ത് കുതിച്ചുചാട്ടത്തിന് പര്യാപ്തമാകുന്ന തരത്തിലായിരുന്നു. നെൽപ്പാടങ്ങൾ വാണിജ്യവിളകൾക്ക് വഴിമാറിക്കൊടുക്കുകയും ഭൂമി തുണ്ടം തുണ്ടമായി മാറുകയും കന്നുകാലി പരിചരണത്തിന് ചെലവേറുകയും ചെയ്തപ്പോൾ കന്നുകാലി വളർത്തൽ തികച്ചും വീട്ടുമുറ്റത്തൊതുങ്ങി. ക്രമേണ ഈ മേഖലയിലുണ്ടാകേണ്ടിയിരുന്ന ഉൽപാദനവും താരതമ്യേന കുറഞ്ഞു വന്നു. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന പാലും മുട്ടയും മാംസവും ഇവിടേയ്ക്ക് തന്നെ മതിയാവുന്ന ഒരവസ്ഥ മുമ്പുണ്ടായിരുന്നെങ്കിലും മൃഗസംരക്ഷണത്തിൻെറ വിവിധമേഖലകളിലുള്ള ഉൽപാദനവും വിപണനവും പിന്നീട് ക്രമാതീതമായി കുറഞ്ഞു വരികയായിരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെയും ബോധവൽക്കരണത്തിൻെറയും അഭാവവും ഈ രംഗത്തെ മാന്ദ്യത്തിന് ഒരു കാരണമായിരുന്നു. കാലിവളർത്തുന്ന കർഷകരുടെ എണ്ണവും കുറഞ്ഞു തുടങ്ങി എന്നത് കന്നുകാലികളുടെയും മറ്റു ജീവികളുടെയും കണക്കുകൾ കാണിക്കുന്നു. ആടുകൾ, കോഴികൾ എന്നിവ വളർത്തുന്നതും ക്രമേണ കുറഞ്ഞു വരികയായിരുന്നു.

പുതിയ സങ്കര ഇനം കന്നുകാലികളുടെ ആഗമനത്തോടുകൂടി കന്നുകാലി വളർത്തൽ രംഗത്ത് ഒരു പുതിയ ആവേശമുളവായിട്ടുണ്ട്. ഇത് ഉൽപാദനരംഗത്തും കനത്ത സംഭാവന ചെയ്തതായി കാണാം. പെട്ടന്നു തന്നെ സങ്കര ഇനം കന്നുകാലികളുടെ എണ്ണം വർദ്ധിച്ചു വന്നത് ഈ രംഗത്തെ ഒരു പ്രധാന വസ്തുതയാണ്. കഴിഞ്ഞ 30 വർഷത്തെ മൃഗസംരക്ഷണരംഗത്തെ മാറ്റം താഴെ ചേർത്ത പട്ടികയിൽ നിന്നും മനസ്സിലാക്കാം.

| വർഷം | 1965 | 1975 | 1985 | 1995 |
|---|---|---|---|---|
| കന്നുകാലികൾ | | | | |
| 1. നാടൻ | 802 | 495 | 102 | 82 |
| 2. സങ്കര ഇനം | – | 65 | 582 | 705 |
| ആടുകൾ | 402 | 475 | 452 | 412 |
| കോഴി | 2100 | 1600 | 1150 | 980 |
| പട്ടികൾ | 32 | 42 | 62 | 75 |
| ആകെ വീടുകൾ | 1710 | 2000 | 2300 | 2990 |
| കന്നുകാലി വളർത്തുന്ന വീടുകൾ | 70% | 60% | 50% | 40% |

| ഉൽപാദനക്ഷമത | | | | |
|---|---|---|---|---|
| | 1965 | 1975 | 1985 | 1995 |
| പാൽ | 15000ലി. | 9000ലി. | 2400ലി. | 1500ലി. |
| സങ്കര | – | 6000ലി. | 48000ലി. | 54000ലി. |
| ഇറച്ചി | 3600KG | 72000KG | 21,150KG | 24,500 KG |
| മുട്ട | 99000 | 79200 | 59400 | 49500 |

നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉൽപന്നങ്ങൾ ഇവിടെയുള്ള ജനങ്ങളിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ പ്രയോജനപ്പെടുന്നുള്ളു എന്നത് ഇവിടെ സൂചിപ്പിക്കട്ടെ. പുറത്തുനിന്നും നമ്മുടെ പഞ്ചായത്തിലേക്ക് വിവിധ ഉൽപന്നങ്ങൾ എത്തുകയും വിറ്റഴിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലേക്കാവശ്യമായ പാലും, മുട്ടയും, മാംസവും മറ്റും നമ്മുടെ സ്ഥലത്ത് തന്നെ ഉൽപാദിപ്പിച്ച് സ്വയം പര്യാപ്തത നേടുവാനുള്ള തീവ്രശ്രമം ആവശ്യമാണ്. വിവിധ ഉൽപന്നങ്ങളുടെ ഉപയോഗവും ആവശ്യവും താഴെ പട്ടികയിൽ ചേർക്കുന്നു.

| | ഇപ്പോഴത്തെ നില | ആവശ്യം | ബാക്കി സമാഹരിക്കേണ്ടത് |
|---|---|---|---|
| പാൽ | 64500 ലി. | 1332250ലി. | 267750 |
| ഇറച്ചി | 24500കി.ഗ്രാം | 66430 | 41930 |
| മുട്ട | 49500 | 3650000 | 3600500 |

(പാൽ ഒരാൾക്ക് 200 ML എന്ന തോതിലും ഇറച്ചി 10 ഗ്രാം എന്ന് തോതിലും മുട്ട ഒരു വർഷത്തേക്ക് ഒരാൾക്ക് 200 എന്ന തോതിലും കണക്കാക്കിയത്.)

ഉൽപാദന വർദ്ധനവിന് വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നതോടൊപ്പം തന്നെ കന്നുകാലികളുടെ അസുഖങ്ങളും വർദ്ധിച്ചുവരുന്നു. മെച്ചപ്പെട്ട കാലിതീറ്റ, പിണ്ണാക്ക് തുടങ്ങിയവയുടെ ഉപയോഗം അവയുടെ വില കൂടുതലിന് കാരണവുമായി. കന്നുകാലികൾക്ക് ആവശ്യത്തിന് തീറ്റപുല്ലും ലഭിക്കാതായി. 1965 ൽ 70% വീടുകളിലും കന്നുകാലികൾ ഉണ്ടായിരുന്നെങ്കിൽ 1995ൽ 40% വീടുകളിൽ മാത്രമെ കന്നുകാലികൾ വളർത്തുന്നുള്ളു. കൂടാതെ ആടുവളർത്തലിലും കോഴി വളർത്തലിലും പ്രതിസന്ധി ബാധിച്ചതായി കാണാം.

1975 ഒക്ടോബർ 27ന് പെരിങ്ങത്തൂരിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുകയും മൃഗസംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിയുകയും ചെയ്തു. അണിയാരത്ത് നാമമാത്രമായി പ്രവർത്തിക്കുന്ന ഒരു ക്ഷീരോൽപാദനക സംഘമുണ്ട്. മറ്റു മൃഗസംരക്ഷണ കേന്ദ്രങ്ങളോ സബ്സെൻററുകളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ക്ഷീരോല്പന്ന വിപണനകേന്ദ്രങ്ങളോ, തുകൽ, മാംസ സംസ്കരണ കേന്ദ്രങ്ങളോ മികച്ച കോഴിഫാമുകളോ ഇവിടെ ഇല്ല എന്നുള്ളത് ഇവിടെ പ്രസ്താവ്യമാണ്.

## പ്രശ്നങ്ങൾ

1. തീറ്റപ്പുല്ലിൻെറ ദൗർലഭ്യവും വിലവർദ്ധനവും.
2. കാലിത്തീറ്റയുടെ ലഭ്യതയും അമിത വിലയും
3. മെച്ചപ്പെട്ട ചികിത്സയുടെയും ബീജസങ്കലന കേന്ദ്രങ്ങളുടെയും അപര്യാപ്തത
4. പാൽ വിതരണത്തിലെ പ്രയാസങ്ങൾ
5. കന്നുകാലിവളർത്തലിനുള്ള ധനസഹായങ്ങളുടെ അപര്യാപ്തത.
6. ആട്, കോഴി, മറ്റു മൃഗങ്ങൾ എന്നിവയുടെ ഗുണമേന്മയുള്ള മാംസം ലഭിക്കുവാനുള്ള പ്രയാസങ്ങൾ
7. മൃഗപരിപാലനത്തെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികളുടെ കുറവ്.
8. പേ വിഷ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ കുറവ്.
9. വിവിധ വ്യവസായ, സഹകരണ, സംഘങ്ങളുടെ കുറവ്.
10. മുട്ടയുടെ ഉൽപാദന മേഖലയിലുണ്ടായ മാന്ദ്യം.

## സാധ്യതകൾ

മനുഷ്യൻെറ ഘടനാപരമായ വളർച്ചക്കാവശ്യമായ മാംസ്യപ്രധാനമായ ഭക്ഷണ പദാർത്ഥങ്ങളുടെ അതായത് പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനമാണ് മൃഗസംരക്ഷണ മേഖല നിറവേറ്റുന്നത്. വ്യവസായികാവശ്യങ്ങൾക്കുള്ള തുകൽ, രോമം, കൊഴുപ്പ്, ജലാറ്റിൻ, ഓസിൻ എന്നീ ഉൽപന്നങ്ങളും ഹോർമോൺ, ഹൈപ്പർ ഇമ്മ്യൂൺ (Hyper Immune) തുടങ്ങിയ ഔഷധ വ്യവസായത്തിനുള്ള വസ്തുക്കളുടെയും ഉൽപാദനം ഈ മേഖല നിർവ്വഹിക്കുന്നു. കാർഷിക മേഖലക്കാവശ്യമായ ജൈവവളങ്ങളും മൃഗശക്തിയും ഈ മേഖലയുടെ സംഭാവനയാണ്. ഗ്രാമീണ സമ്പദ്ഘടനയെ ശക്തമാക്കുവാനും ഗ്രാമീണരുടെ പ്രതിശീർഷ വരുമാനം ഉയർത്താനും ഈ മേഖല സഹായകരമാണ്. ഹ്രസ്വമായ കാലയളവിൽ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭം നേടാൻ സഹായകമാണ് ഈ മേഖലയിലെ സംരഭങ്ങൾ.

മെച്ചപ്പെട്ട ബീജസങ്കലന രീതി, പരിപാലനം, തീറ്റക്രമം, രോഗനിവാരണം, ബോധവൽക്കരണം എന്നിവ പഞ്ചായത്തിൽ തന്നെ നടപ്പാക്കാനുള്ള സാധ്യതകളുണ്ട്. കാലിത്തീറ്റയുടെ അഭ്യന്തര ഉൽപാദനം കൂട്ടുകയും പാലുൽപാദനം കൂട്ടുകയും ചെയ്ത് പാലിൻെറ ഉപഭോഗത്തിനും വിപണനത്തിനും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താം. ഈ രംഗത്ത് കർഷകരെ ആകർഷിക്കാൻ വേണ്ട പദ്ധതികൾ ചെയ്യണം. അന്യസ്ഥലങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിലേക്ക് ലക്ഷക്കണക്കിന് രൂപയുടെ മുട്ടയും ഇറച്ചിയും എത്തുന്നുണ്ട്. പുറത്തേക്കൊഴുകുന്ന ലക്ഷക്കണക്കിന് രൂപ നമ്മുടെ പഞ്ചായത്തിലെ ഉൽപാദനകരുടെ കൈകളിലേക്കെത്താൻ ബൃഹദ് പദ്ധതികൾ തയ്യാറാക്കണം. തീറ്റപുൽ കൃഷി മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്. വ്യവാസയികാടിസ്ഥാനത്തിൽ ഉൽപാദനം നിർവ്വഹിക്കുവാനുള്ള സംഘങ്ങളെയും സംരഭകരെയും കണ്ടെത്തി പ്രോത്സാഹനവും ധനസഹായവും നൽകുക. മാംസപരിശോധനയും ആധുനിക അറവ് ശാലയും സ്ഥിപിക്കുവാൻ കഴിയണം. അറവുശാലകളോടനുബന്ധിച്ച് ഉപോൽപന്ന സംസ്കരണ ശാല സ്ഥാപിക്കപ്പെടണം. ചികിത്സാ സൗകര്യങ്ങളെ മെച്ചപ്പെടുത്തണം. പഞ്ചായത്തിൻെറ ആസ്ഥാനമായ പുല്ലുക്കരയിൽ പീടികയിൽ ഒരു ICDP സബ്ബ്സെൻററും കണ്ണംവെള്ളി ഭാഗത്ത് ഒരു സബ്ബ്സെൻററും സ്ഥാപിക്കണം. പഞ്ചായത്തിൻെറ രണ്ടറ്റത്തും ബീജസങ്കലന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ആധുനിക സൗകര്യങ്ങളോടെയുള്ള ആശുപത്രി ആരംഭിക്കുക. ഒരു ക്ഷീരോൽപാദക സഹകരണസംഘം സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾക്ക് ഇവിടെ സാധ്യതകളേറെയാണ്. മൃഗാശുപത്രിയോടനുബന്ധിച്ച് വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കണം. വനിതകൾക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. പെരിങ്ങത്തൂർ പുഴയിലെ മത്സ്യസമ്പത്ത് ചൂഷണം ചെയ്ത് പുതിയ ഉൽപാദനമേഖല കണ്ടെത്താൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിക്കണം. ജനവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ കല്ലുമ്മക്കായ കൃഷി ചെയ്യാനുള്ള സംവിധാനങ്ങൾ പുഴയോരത്ത് ചെയ്യാൻ കഴിയും.

മൃഗസംരക്ഷണ മേഖലയിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകത്തൊഴിലാളികളാണ് വ്യാപൃതരായിട്ടുള്ളത്. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന സമഗ്രപുരോഗതി ഗ്രാമീണ സമ്പദ് ഘടനയെ സമ്പുഷ്ടമാക്കുമെന്നതിൽ സംശയമില്ല. ക്രയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിൻെറ ഏറിയ കൂറും ഗ്രാമീണ ഉൽപാദകൻെറ കൈകളിലെത്തുമ്പോൾ നമ്മൾ ലക്ഷ്യമിടുന്ന സ്വയം പര്യാപ്തതയെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുക യും ചെയ്യുന്നു.☐

*പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ അജ്ഞത കൊണ്ടോ ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്*

*ഗാന്ധിജി*



# 3. വിദ്യാഭ്യാസം

സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പുത്തൻ തലമുറയെ സൃഷ്ടിക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം. വ്യക്തിത്വ വികാസം സിദ്ധിച്ച ഒരു സമൂഹത്തിന് മാത്രമെ രാഷ്ട്രത്തെ സാമൂഹ്യപുരോഗതിയിലേക്ക് നയിക്കാൻ കഴിയൂ. ഇത് വിദ്യാഭ്യാസത്തിലൂടെ മാത്രമെ സാധ്യമാവൂ.

പൊതു വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. സാമൂഹിക പരിഷ്കർത്താക്കളുടേയും സാമുദായികാചാര്യന്മാരുടെയും ഗുരുക്കന്മാരുടെയും മിഷണറിമാരുടെയും ഒറ്റയ്ക്കും കൂട്ടായുമായുള്ള പ്രവർത്തനം ഈ നേട്ടങ്ങൾ കൈവരിക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. ഗ്രന്ഥശാല പ്രസ്ഥാനങ്ങളും സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഗവൺമെൻറുകളും ഈ പ്രവർത്തനത്തിന് ആക്കം കൂട്ടി.

ദേശീയ പ്രസ്ഥാനവും അതിൻെറ ഭാഗമായ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും പെരിങ്ങളത്തെ വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായിട്ടുണ്ട്. ആദ്യമായി പെരിങ്ങളം പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട സ്കൂൾ കാക്രോട്ട് സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന അണിയാരം എൽ.പി. സ്കൂൾ ആണ്. ഇതിന് കോളോത്ത് സ്കൂൾ എന്നും പേരുണ്ട്. 1890ൽ കാക്രോട്ട് വലിയ കൃഷ്ണൻ നമ്പ്യാരാണ് ഇത് സ്ഥാപിച്ചത്. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സൗകര്യമുണ്ടായിരുന്ന ഇവിടെ വളരെ ദൂരെനിന്നു പോലും വിദ്യാർത്ഥികൾ എത്തിയിരുന്നു. 1905 പട്ടർ വീട്ടിൽ സൂപ്പി മുസല്യാർ സ്ഥാപിച്ച തയ്യുള്ളതിൽ എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ മുസ്ലീം വിദ്യാലയം. 1916ൽ കളത്തിൽ രാമോട്ടി ഗുരുക്കൾ സ്ഥാപിച്ച കാടാങ്കുനി സ്കൂൾ 1933ൽ ഹയർ സെക്കൻററി സ്കൂളായി ഉയർന്നു. ഫീസ് നൽകാതെ പഠിച്ച് ഇ.എസ്.എസ്.എൽ.സി. പാസ്സാകാനുള്ള സൗകര്യം ലഭിച്ചിരുന്ന ഇവിടെ സമീപ പഞ്ചായത്തിൽ നിന്നുപോലും വിദ്യാർത്ഥികൾ എത്തിയിരുന്നു. ഇന്നത്തെ അണിയാരം സൗത്ത് എൽ.പി. സ്കൂൾ മലബാർ ഡിസ്ട്രിക്ട് ബോർഡിന് കീഴിലുള്ളതായിരുന്നു.

പഞ്ചായത്തിലെ ആകെയുള്ള 13 സ്കൂളുകളിൽ 12 എണ്ണവും സ്വാതന്ത്ര്യത്തിന് മുമ്പ തന്നെ സ്ഥാപിച്ചവയാണ്. ഇതിൽ തയ്യുള്ളതിൽ മുസ്ലീം എൽ.പി. സ്കൂൾ, പെരിങ്ങത്തൂർ മുസ്ലീം എൽ.പി. സ്കൂൾ, പൂക്കോം മുസ്ലീം എൽ.പി. സ്കൂൾ, പൂക്കോം മുസ്ലീം നോർത്ത് എൽ.പി. സ്കൂൾ, പുല്ലൂക്കര മുസ്ലീം എൽ.പി . സ്കൂൾ എന്നിവ ഓത്തുപള്ളിയുടെ ഭാഗമായി തുടങ്ങിയ മുസ്ലീം സ്കൂളുകളാണ്. മുസ്ലീം സമുദായത്തിൻെറ വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യം വെച്ചുകൊണ്ട് തുടങ്ങിയതായിരുന്നു ഈ സ്കൂളുകൾ. സ്വാതന്ത്ര്യത്തിന് മുമ്പു തന്നെ ഉന്നത വിദ്യാഭ്യാസം നേടിയ ധാരാളം മുസ്ലീങ്ങൾ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. 1918ൽ സ്ഥാപിക്കപ്പെട്ട ഒരു പ്രൈമറി സ്കൂൾ പൂക്കോം വട്ടപ്പറമ്പത്ത് മീത്തൽ എന്ന സ്ഥലത്ത് ഏതാണ്ട് 30 വർഷം മുമ്പു വരെ പ്രവർത്തിച്ചിരുന്നു. കുട്ടികൾ കുറഞ്ഞതു കൊണ്ടാണത്രെ ഈ സ്കൂൾ നിർത്തലാക്കപ്പെട്ടത്. ഈ പഞ്ചായ

ത്തിൽ 10 എൽ.പി. സ്ക്കൂളുകളും 2 യു.പി. സ്ക്കൂളും ഒരു ഹൈസ്ക്കൂളും നിലവിൽ ഉണ്ട്. കഴിഞ്ഞ വർഷം മാത്രമാണ് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ പെരിങ്ങത്തൂരിൽ നിലവിൽ വന്നത്.

വിദ്യാഭ്യാസ രംഗത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്യുമ്പോൾ പ്രിപ്രൈമറി, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിങ്ങനെ വിശകലനം ചെയ്യുന്നു.

## 1. പ്രിപ്രൈമറി വിദ്യാഭ്യാസം :

പഞ്ചായത്തിൽ 4 നെഴ്സറി വിദ്യാലയങ്ങളും ഒരു അംഗൻവാടിയും മാത്രമെ നിലവിലുള്ളു. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ 18 പ്രിപ്രൈമറി വിദ്യാലയങ്ങൾ എങ്കിലും ഇവിടെആവശ്യമാണ്. നിലവിലുള്ള പ്രിപ്രൈമറി വിദ്യാലയങ്ങളിൽ ആവശ്യമായ സൗകര്യങ്ങളൊന്നും ഇല്ല. അതുകൊണ്ടു തന്നെ ഭൂരിഭാഗം കുട്ടികൾക്കും പ്രിപ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നില്ല. അന്ധമായ അനുകരണത്തിന്റെ ഭാഗമായി 'ടൈ'യും 'ഷൂ'സും ധരിപ്പിച്ച് നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് കുട്ടികളെ അയക്കാൻ താഴേക്കിടയിലുള്ളവർ പോലും പാടുപെടുന്നുണ്ട്.

## 2. പൊതു വിദ്യാഭ്യാസം

### a പൊതു സ്ഥിതി

പഞ്ചായത്തിൽ ആകെ 13 വിദ്യാലയങ്ങൾ ഉണ്ട്. ഇതിൽ 10 എൽ.പി. സ്ക്കൂളുകളും 2 യു.പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും ആണ്. എല്ലാ വിദ്യാലയങ്ങളും സ്വകാര്യമേഖലയിലുള്ളതാണ്. 6,8 എന്നീ വാർഡുകളിൽ ഒരു സ്ക്കൂളും ഇല്ല. എന്നാൽ ഈ വാർഡുകളിലെ കുട്ടികൾക്ക് ഒരു കിലോമീറ്ററിനുള്ളിൽ പ്രൈമറി വിദ്യാഭ്യാസ സൗകര്യംഉണ്ട്. പഞ്ചായത്തിലെ ആകെയുള്ള ഒരു ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ തെക്കെ അറ്റത്തുള്ള പെരിങ്ങത്തൂരിലാണ്. 1995ൽ ആരംഭിച്ച ഈ സ്ക്കൂളിൽ 8,9 ക്ലാസ്സുകൾ മാത്രമെ തുടങ്ങിയിട്ടുള്ളു.

### b. ഭൗതിക സാഹചര്യങ്ങൾ

സ്ഥലസൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം പോലും ഇല്ലാത്ത 11 സ്ക്കൂളുകൾ ഈ പഞ്ചായത്തിലുണ്ട്. മിക്ക സ്ക്കൂളുകൾക്കും കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം മാത്രമെ ഉള്ളു. ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ വിഭജിച്ചിട്ടില്ല. ഉള്ള ക്ലാസ്സ് മുറികളിൽ പലതും പ്രി.കെ.ഇ.ആർ. കെട്ടിടങ്ങൾ ആയതിനാൽ ഇടുങ്ങിയതും വേണ്ടത്ര വെളിച്ചം കിട്ടാത്തതുമാണ്. ആവശ്യത്തിനു വേണ്ട ഫർണിച്ചറുകളുടെ അഭാവം മിക്ക സ്ക്കൂളുകളിലും ഉണ്ട്. 7 സ്ക്കൂളുകളിൽ സ്വന്തമായ കളിസ്ഥലം ഇല്ല. 4 വിദ്യാലയങ്ങളിൽ മൂത്രപുരയും 8 വിദ്യാലയങ്ങളിൽ കക്കൂസും ഇല്ല. കുടിവെള്ള സൗകര്യം ഇല്ലാത്ത 4 വിദ്യാലയങ്ങൾഉണ്ട്. ഉച്ചക്കഞ്ഞിക്കുള്ള പാചകപുര 3 സ്ക്കൂളുകളിൽ മാത്രമെ ഉള്ളു. പ്രത്യേകം ഓഫീസ് മുറിയുള്ളത് 3 സ്ക്കൂളുകളിൽ മാത്രമാണ്. വൈദ്യുതി സൗകര്യം 4 വിദ്യാലയങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി പ്രകാരം ലൈബ്രറി പുസ്തകങ്ങൾ, സയൻസ് കിറ്റ്, ടൂൾ കിറ്റ്, കളിസാധനങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ഫലപ്രദമായി രീതിയിൽ ഉപയോഗപ്പെടുത്താൻ ആവശ്യമായ സ്ഥലസൗകര്യം കുറവാണ്.

### c വിദ്യാർത്ഥികളുടെ എണ്ണം

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെ 2891 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ 1496 ആൺകുട്ടികളും 1935 പെൺകുട്ടികളുമാണുള്ളത്. ഹൈസ്ക്കൂൾ വിദ്യാലയത്തിനായി പ്രധാനമായും പഞ്ചായത്തിന് പുറത്തുള്ള സമീപ സ്ക്കൂളുകളെയാണ് ആശ്രയിക്കുന്നത്. ഒരു ചെറിയ ശതമാനം വിദ്യാർത്ഥികൾ പട്ടണങ്ങളിലെ അൺഎയിഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. സമീപ സ്ക്കൂളുകളിലെ പഠനനിലവാരം മോശമാണെന്ന് പറഞ്ഞ് തലശ്ശേരി, പള്ളൂർ, മാഹി എന്നിവിടങ്ങളിലെ സ്ക്കൂളുകളിലും വിദ്യാർത്ഥികൾ പോകുന്നുണ്ട്. ഇത് പല സ്ക്കൂളുകളിലെയും ഡിവിഷൻ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

### d. അക്കാദമിക് നിലവാരം

എൽ.പി., യു.പി. തലങ്ങളിൽ പാദവർഷ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 60% മാർക്ക് ലഭിച്ച കുട്ടികളാണ് കൂടുതൽ. 30%ത്തിൽ താഴെ മാർക്ക് കിട്ടിയവർ 372 പേർ മാത്രമെ വരൂ. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവരിൽ അധികം പേരും ശരാശരിക്ക് താഴെയാണ്. സൂചന ഇങ്ങനെയാണെങ്കിലും എല്ലാ ഗ്രാമസഭകളിൽ നിന്നും കുട്ടികളുടെ പഠനനിലവാരം മോശമായി വരുന്നതായാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. പ്രൈമറി തലത്തിലെ മിക്ക കുട്ടികളും ശരാശരിക്ക് താഴെയാണെന്നും സൂചിപ്പിക്കുകയുണ്ടായി. പാഠ്യപാഠ്യേതര വിഷയങ്ങളിൽ ചില അദ്ധ്യാപകർ കാ

## പട്ടിക 3
## ഭൗതിക സാഹചര്യം

| ക്രമ നമ്പർ | കോഡ് | കെട്ടിടം | | ആകെഡിവിഷൻ | മൂത്രപുര | | കക്കൂസ് | | വൈദ്യുതി | | കളിസ്ഥലം | | കുടിവെള്ളം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അസ്ഥിരം | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 1. | 01 | 1 | – | 4 | ✓ | | ✓ | | | ✓ | | ✓ | | ✓ |
| 2. | 02 | 2 | – | 8 | ✓ | | ✓ | | ✓ | | ✓ | | ✓ | |
| 3. | 03 | 1 | – | 4 | ✓ | | | ✓ | | ✓ | | ✓ | ✓ | |
| 4. | 04 | 1 | – | 4 | | ✓ | | ✓ | | ✓ | | ✓ | | ✓ |
| 5. | 05 | 1 | – | 5 | | ✓ | | ✓ | ✓ | | ✓ | | | ✓ |
| 6. | 06 | 1 | – | 4 | ✓ | | | ✓ | | ✓ | | ✓ | ✓ | |
| 7. | 07 | 2 | – | 8 | ✓ | | | ✓ | | ✓ | ✓ | | ✓ | |
| 8. | 08 | 4 | – | 11 | ✓ | | ✓ | | ✓ | | ✓ | | ✓ | |
| 9. | 09 | 3 | – | 12 | ✓ | | ✓ | | ✓ | | ✓ | | ✓ | |
| 10 | 10 | 1 | – | 6 | ✓ | | | ✓ | | ✓ | | ✓ | ✓ | |
| 11 | 11 | 1 | – | 5 | ✓ | ✓ | | ✓ | | ✓ | | ✓ | ✓ | |
| 12 | 12 | 1 | – | 4 | ✓ | ✓ | | ✓ | | ✓ | | ✓ | | ✓ |
| 13 | 13 | 1 | – | 12 | ✓ | | ✓ | | | ✓ | ✓ | | ✓ | |

പട്ടിക 1.

| ക്രമ നമ്പർ | കോഡ് | സ്ക്കൂൾ | വാർഡ് | വിഭാഗം | | | ഉടമസ്ഥത | |
|---|---|---|---|---|---|---|---|---|
| | | | | എൽ.പി. | യു.പി. | എച്ച്.എസ്. | സ്വകാര്യം | ഗവ. |
| 1. | 01 | പെരിങ്ങളം ചാലിയ എൽ.പി. | 1 | ✓ | | | ✓ | |
| 2. | 02 | പൂക്കോം മുസ്ലീം എൽ.പി. | 1 | ✓ | | | ✓ | |
| 3. | 03 | പൂക്കോം മുസ്ലീം നോർത്ത് എൽ.പി. | 1 | ✓ | | | ✓ | |
| 4. | 04 | പെരിങ്ങളം നോർത്ത് എൽ.പി. | 2 | ✓ | | | ✓ | |
| 5. | 05 | പുല്ലൂക്കര മുസ്ലീം എൽ.പി. | 3 | ✓ | | | ✓ | |
| 6. | 06 | പുല്ലൂക്കര നോർത്ത് എൽ.പി. | 4 | ✓ | | | ✓ | |
| 7. | 07 | തയ്യുള്ളതിൽ എൽ.പി | 5 | ✓ | | | ✓ | |
| 8. | 08 | വിഷ്ണുവിലാസം യു.പി. | 5 | | ✓ | | ✓ | |
| 9. | 09 | പെരിങ്ങത്തൂർ എം.എ.എം.എച്ച്.എസ്. | 7 | | | ✓ | ✓ | |
| 10. | 10 | പെരിങ്ങത്തൂർ എൽ.പി. | 7 | ✓ | | | ✓ | |
| 11. | 11 | അണിയാരം സൗത്ത് എൽ.പി. | 7 | ✓ | | | ✓ | |
| 12. | 12 | അണിയാരം എൽ.പി. സ്ക്കൂൾ | 9 | ✓ | | | ✓ | |
| 13. | 13 | കാടാങ്കുനി യു.പി. | 9 | | ✓ | | ✓ | |

ണിക്കുന്ന നിഷ്ക്രിയ മനോഭാവം ഗ്രാമസഭകളിൽ വിമർശനവിധേയമാവുകയുണ്ടായി. പാഠ്യേതര പ്രവർത്തനങ്ങളിലും വിജ്ഞാന പരീക്ഷകളിലും പഞ്ചായത്തിലെ സ്ക്കൂളുകൾ താരതമ്യേന പിന്നോക്കമാണ്.

**e. ജനകീയ തലം**

ഗുരുകുല പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ സ്ക്കൂളുകളിലും സ്ക്കൂൾ വിദ്യാഭ്യാസ സമിതി രൂപീകരിച്ചിട്ടുണ്ട്. എല്ലാ സ്ക്കൂളുകളിലും പി.ടി.എ. രൂപീകരിച്ചിട്ടുണ്ടെങ്കിലും രക്ഷിതാക്കളുടെ പങ്കാളിത്തം നാമമാത്രമാണ്. പഞ്ചായത്ത് വാർഡ്തലത്തിൽ ഗുരുകുല സമിതിയും അയൽകൂട്ടങ്ങളും രൂപീകൃതമായെങ്കിലും അവ പ്രവർത്തിപാഥത്തിൽ എത്തിയിട്ടില്ല. സ്ക്കൂൾ മാതൃസംഗമത്തിലും പങ്കാളിത്തം മോശമായാണ് കാണപ്പെടുന്നത്.

## 3. ഉന്നതവിദ്യാഭ്യാസം

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. ഉന്നത വിദ്യാഭ്യാസത്തിനായി പഠനാർത്ഥികൾ തലശ്ശേരി, പാനൂർ, ചൊക്ലി എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ഭൂരിപക്ഷം വിദ്യാർത്ഥികളും കോളേജ് വിദ്യാഭ്യാസത്തിനായി സമാന്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ബിരുദ പഠനത്തിന് എത്തുന്നവർ 5 ശതമാനത്തിന് താഴെ മാത്രമെവരൂ. ഉന്നത സാങ്കേതിക വിദ്യാഭ്യാസം നടത്തുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. കോളേജ് വിദ്യാഭ്യാസം നേടുന്നവരിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. മുസ്ലീം പെൺകുട്ടികൾ ഉന്നതി വിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരുന്ന പ്രവണത ആശാവഹമാണ്.

## 4. അനൗപചാരിക വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഹിന്ദി പ്രചരണവും വയോജന വിദ്യാഭ്യാസ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിനകത്തും സജീവമായിരുന്നു. കാടാങ്കുനി സ്ക്കൂളിനടുത്തുള്ള വായനശാലയിലും മൂന്നാം വാർഡിലെ ഫ്രണ്ട്സ് വായനശാലയിലും പൂക്കോം മുസ്ലീം സ്ക്കൂളിലും നല്ല രീതിയിൽ പ്രവർത്തിച്ച നിശാപാഠശാലകൾ ഉണ്ടായിരുന്നു.

1990ൽ സാക്ഷരാത പ്രവർത്തനത്തിന് തിളക്കമാ

| പട്ടിക 3 | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | കോഡ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | 01 | 63 | 61 | 124 | 2 | 2 | 4 |
| 2. | 02 | 137 | 67 | 204 | 6 | 4 | 10 |
| 3. | 03 | – | 107 | 107 | 3 | 2 | 5 |
| 4. | 04 | 64 | 65 | 129 | 2 | 3 | 5 |
| 5. | 05 | 73 | 69 | 142 | 3 | 3 | 6 |
| 6. | 06 | 88 | 89 | 177 | 3 | 2 | 5 |
| 7. | 07 | 123 | 99 | 222 | 4 | 6 | 10 |
| 8. | 08 | 283 | 251 | 534 | 11 | 4 | 15 |
| 9. | 09 | 207 | 193 | 400 | 13 | 5 | 18 |
| 10. | 10 | 129 | 91 | 220 | 4 | 3 | 7 |
| 11. | 11 | 80 | 75 | 155 | 3 | 3 | 6 |
| 12. | 12 | 63 | 45 | 108 | 2 | 3 | 5 |
| 13. | 13 | 186 | 183 | 369 | 11 | 4 | 15 |
| | ആകെ | 1496 | 1395 | 2891 | 67 | 44 | 111 |

ർന്ന തുടക്കം കുറിച്ചുവെങ്കിലും ക്ലാസുകളിൽ വ്യാപകമായ കൊഴിഞ്ഞുപോക്കുണ്ടായി. തുടർ വിദ്യാഭ്യാസത്തിനായി രൂപീകരിക്കപ്പെട്ട ജനവിദ്യാകേന്ദ്രങ്ങൾ കേവലം ബോർഡുകളിൽ ഒതുങ്ങി നിൽക്കുന്നു. തുടർ വിദ്യാഭ്യാസത്തിൻെറ അഭാവം കാരണം നവസാക്ഷരർ വീണ്ടും നിരക്ഷരതയിലെക്ക് പിന്തള്ളപ്പെട്ടിട്ടുണ്ട്.

ഇസ്ലാം മത പഠനത്തിനുള്ള 8 മദ്രസകൾ ഈ പഞ്ചായത്തിലുണ്ട്. ഇത് കൂടാതെ പള്ളികൾ കേന്ദ്രീകരിച്ച് പഞ്ചായത്തിന് പുറത്തുള്ള ഒട്ടനവധി വിദ്യാർത്ഥികൾ മതപഠനം നടത്താൻ ഇവിടെ ,എത്താറുണ്ട്.

ഉത്തര കേരളത്തിലെ ഒരു പ്രധാന ആത്മീയ കേന്ദ്രമാണ് കനകമലയിലെ ശ്രീനാരായണഗുരു കുലം. ഇതോടനുബന്ധിച്ച് നല്ലൊരു റഫ്രൻസ് ലൈബ്രറിയും ഉണ്ട്. ഗുരുനിത്യചൈതന്യയതിയുടെ സാന്നിദ്ധ്യം കൊണ്ട് ധന്യമായി തീരാറുള്ള ഈ കേന്ദ്രത്തിലെക്ക് വിദേശങ്ങളിൽ നിന്നു പോലും പഠനാർത്ഥികൾ എത്തിച്ചേരുന്നു. പഞ്ചായത്തിൽ 5 വായനശാലകൾ ഉണ്ടെങ്കിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ ഒന്നു പോലും ഇല്ല.

## പ്രശ്നങ്ങൾ

1. പ്രിപ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികൾക്കും പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം ലഭിക്കുന്നില്ല.

2. അശാസ്ത്രീയമായ വിദ്യാഭ്യാസ രീതിയാണ് നിലവിലുള്ള നെഴ്സറികളിൽ നടക്കുന്നത്.

3. പ്രീപ്രൈമറി അദ്ധ്യാപകർക്ക് മികച്ച പരിശീലനം ലഭിക്കുന്നില്ല.

4. പഞ്ചായത്തിലെ അഗംൻവാടികളിലും നെഴ്സറികളിലും ആവശ്യമായ കളിക്കോപ്പുകളും മറ്റ് സാമഗ്രികളും ഇല്ല.

5. പട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ മെച്ചപ്പെട്ടതാണെന്ന തെറ്റായ ധാരണ രക്ഷാകർത്താക്കൾക്കുണ്ട്.

*പൊതു വിദ്യാഭ്യാസം*

6. പ്രൈമറി വിദ്യാലയങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങളില്ല.

7. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ രക്ഷിതാക്കൾ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.

8. ഭൂരിപക്ഷം വിദ്യാലയങ്ങളിലും വേണ്ടത്ര അക്കാദമിക സൗകര്യങ്ങളില്ല.

9. പഠനപ്രവർത്തനങ്ങൾ രസകരമോ ജീവിതഗന്ധിയോ അല്ല.

10. ഫലപ്രദമായ മോണിറ്ററിംഗ് ഇല്ല.

11. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം കുറവാണ്.

12. വിഷ്ണുവിലാസം യു.പി., പുല്ലൂക്കര നോർത്ത് എൽ.പി. എന്നീ വിദ്യാലയങ്ങളിലെ മാനേജ്മെൻറ് തർക്കം പുതിയ അദ്ധ്യാപക നിയമനത്തിനും മറ്റും തടസ്സമാവുന്നു.

13. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള ഭ്രമം കാരണം സാധാരണ സ്ക്കൂളുകളിൽ ഒന്നാം തരത്തിലെ പ്രവേശനം കുറഞ്ഞു വരുന്നു.

14. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രത്യേക അദ്ധ്യാപകരില്ല.

15. പി.ടി.എ., മാതൃസംഗമം, മറ്റ് ജനകീയ സംഘടനകൾ എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല.

16. യോഗ്യതയുടെയും കഴിവിൻെറയും അടിസ്ഥാനത്തിലല്ല അദ്ധ്യാപക നിയമനം നടത്തുന്നത്.

17. ടി.വി., ക്രിക്കറ്റ് എന്നിവ കുട്ടികളുടെ വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്നു.

18. നവസാക്ഷരർ തുടർ വിദ്യാഭ്യാസത്തിൻെറ അഭാവത്തിൽ നിരക്ഷരതയിലേക്ക് തള്ളപ്പെടുന്നു.

19. ജനവിദ്യാകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

20. പൊതു വായനശാലകളിലും ലൈബ്രറികളിലും ആവശ്യമായ സൗകര്യങ്ങളില്ല.

21. സാംസ്കാരിക കേന്ദ്രം അതിൻെറ ലക്ഷ്യത്തിലെത്തുന്നില്ല.

22. പൂക്കോം, മുക്കിൽ പീടിക, പെരിങ്ങത്തൂൽ ഭാഗങ്ങളിൽ പൊതുജനവായനശാലകൾ പ്രവർത്തിക്കുന്നില്ല.

23. കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ വേണ്ടത്രയില്ല.

## സാധ്യതകൾ

1. പഞ്ചായത്ത് സമഗ്രമായ വിദ്യാഭ്യാസ സർവ്വെ നടത്തി പോരായ്മകൾ കണ്ടെത്തി പരിഹാര മാർഗ്ഗം തേടണം.

2. ഗുരുകുല പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.

3. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി എല്ലാ വാർഡുകളിലും അംഗൻവാടികളും നേഴ്സറികളും ആരംഭിക്കുക.

4. നിലവിലുള്ള പ്രീപ്രൈമറി വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

5. വാർഡ് അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സബ്ബ് കമ്മറ്റി രൂപീകരിക്കൽ.

6. പഠനരീതിയും മൂല്യനിർണ്ണയവും കാര്യക്ഷമമാക്കൽ.

7. പഞ്ചായത്ത് തലത്തിൽ പഠനോപകരണ ശില്പശാല, അദ്ധ്യാപകർക്കുള്ള റിഫ്രഷ്മെൻറ് കോഴ്സുകൾ എന്നിവ സംഘടിപ്പിക്കുക.

8. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കൽ.

9. എല്ലാ സ്ക്കൂളുകളിലും കായിക വിദ്യാഭ്യാസത്തിനായി അദ്ധ്യാപകരെ നിയമിക്കൽ.

10. വിജ്ഞാന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ സജ്ജമാക്കൽ.

11. സ്ക്കൂളുകളിലെ ആരോഗ്യ പരിശോധന കാര്യക്ഷമമാക്കൽ.

12. കായിക പരിശീലനത്തിന് മിനി സ്റ്റേഡിയം നിർമിക്കൽ.

13. വിദഗ്ദ്ധരായ അദ്ധ്യാപകരെ പങ്കെടുപ്പിച്ച് കൊണ്ട് ഒഴിവ് ദിന ക്ലാസ്സുകൾ സംഘടിപ്പിക്കൽ.

14. മാനേജ്മെൻറ് പ്രശ്നം ഉള്ള സ്ക്കൂളുകളിലെ പ്രശ്നം പരിഹരിക്കൽ.

15. അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കൽ.

16. അയൽപക്ക വിദ്യാലയ സമ്പ്രദായം ഏർപ്പെടുത്തൽ.

17. വിദ്യാലയങ്ങളിലെഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.

വിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നങ്ങൾ അതിജീവിപ്പിക്കാൻ ഗ്രാമതലത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയെടുക്കണം. അദ്ധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർത്ഥികളും സമൂഹമൊന്നാകെയും ആത്മാർത്ഥതയോടെയും ഐക്യത്തോടെയും ഉള്ള പ്രവർത്തനമാണ് ഇന്നനിവാര്യം.❑



# 4. കുടിവെള്ളം, ആരോഗ്യം, പരിസരശുചിത്വം

എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പ് ആശ്രയിച്ചിരിക്കുന്നത് ജലത്തെയാണ്. 'ദൈവത്തിന്റെ നാട്' എന്നറിയപ്പെടുന്ന കേരളം ജലലഭ്യതയുടെ കാര്യത്തിൽ ഏറ്റവും സമ്പന്നമായ സംസ്ഥാനമാണ്. 44ഓളം നദികളും, തടാകങ്ങളും അരുവികളും കുളങ്ങളും ഒക്കെയുള്ള പ്രദേശമാണ് കേരളം. ഏറ്റവും കൂടുതൽ കിണർ സാന്ദ്രതയുള്ള സംസ്ഥാനവുമാണ്. ഈ സാഹചര്യത്തിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലാത്ത ഒരു പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത്. എന്നാൽ അടുത്തകാലത്തായി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ ജല ദൗർലഭ്യ മേഖലയായി മാറിയിരിക്കുകയാണ്. അനിയന്ത്രിതമായ ജനപെരുപ്പവും ആസൂത്രിതമല്ലാത്ത ജലത്തിന്റെ ഉപയോഗവും, ജലത്തിന്റെ പാഴ്ച്ചിലവുമാണ് ഈ ദൗർലഭ്യത്തിന് പ്രധാന കാരണം.

ആരോഗ്യമുള്ള സമൂഹത്തിന് ഏറ്റവും അത്യാവശ്യമായ കുടിവെള്ളത്തിന്റെ നമ്മുടെ പഞ്ചായത്തിലെ ഏക സ്രോതസ്സ് കിണറുകളാണ്. എന്നാൽ കിണറുകളിലെ ജലനിരപ്പ് പൂർവ്വകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ വേനൽക്കാലത്ത് താഴ്ന്നുകൊണ്ടിരിക്കുകയാണ്. മിക്ക കിണറുകളിൽനിന്നും വേനൽക്കാലത്ത് ശുദ്ധജലം ലഭിക്കുന്നില്ല. സാമ്പത്തികമായി കഴിവുള്ള ആളുകൾ നിലവിലുള്ള കിണറുകൾ ആഴം കൂട്ടിക്കൊണ്ടിരിക്കുകയാണ്. 80% കുടുംബങ്ങൾക്കും വീടുകളിൽ കിണറുകൾ ഉണ്ടെങ്കിലും 40%-ത്തോളം കുടുംബങ്ങൾക്കും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.

കനകമലയിലെ പ്രകൃതി ദത്തമായ രണ്ട് നീരുറവകൾ ഈ പഞ്ചായത്തിന്റെ വലിയൊരു അനുഗ്രഹമാണ്. തളിക്കുളം, കോളായ് എന്നിവയാണിവ. തളിക്കുളം നീരുറവയിലെ വെള്ളം ശേഖരിക്കാൻ പൊതു ജന പങ്കാളിത്തത്തോടെ ഒരു ടാങ്ക് നിർമ്മിച്ചിട്ടുണ്ടെങ്കിലും വെള്ളം പൂർണ്ണമായും, വൃത്തിയായും ശേഖരിക്കാൻ ഈ ടാങ്ക് പര്യാപ്തമല്ല. ഏകദേശം 50 കുടുംബങ്ങൾ ഈ വെള്ളം ഉപയോഗിക്കുന്നു. കൊളായ് നീരുറവയിലെ വെള്ളം ശേഖരിക്കാൻ ഇന്ന് നിലവിലുള്ള ടാങ്ക് പര്യാപ്തമല്ല. ഈ നീരുറവയിലെ വെള്ളം പൂർണ്ണമായും പാഴായിപോവുകയാണ്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന വേനൽകാലത്ത് പോലും ഈ നീരുറവകളിൽ നിന്നും ഏകദേശം 200ഓളം ലിറ്റർ വെള്ളം ഒരു മണിക്കൂറിൽ ഒഴുകി വരുന്നു.- കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിക്കുന്ന ഈ നീരുറവകളിലെ വെള്ളം ഉപയോഗിക്കാൻ ഇതുവരെ ഫലപ്രദമായ ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

പൊതുവായി ഉപയോഗിക്കുന്ന 16 കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. (പട്ടിക 1). 6 കിണറുകൾ ലക്ഷം വീട് കോളനികളിലാണ്. ഓരോ കിണറിൽ നിന്നും ചുരുങ്ങിയത് 10 കുടുംബങ്ങൾ വെള്ളം ഉപയോഗിക്കുന്നു.

ആകെ 3 പൊതു കുഴൽകിണറുകളുണ്ട്. ഇതിൽ 2 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

3 പൊതു കുളങ്ങളും ഏതാനും സ്വകാര്യ കുളങ്ങളും ഉണ്ട്. ഈ കുളങ്ങളിൽ മിക്കതിൽ നിന്നും ജലസേചനത്തിനു പോലും വെള്ളം ഉപയോഗിക്കുന്നില്ല. (പട്ടിക 2)

പഞ്ചായത്ത് വകയുള്ള ശുദ്ധജല വിതരണപദ്ധതികളും, കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധ ജല വിതരണ

| പട്ടിക 1<br>പൊതു കിണറുകൾ | | | | |
|---|---|---|---|---|
| സ്ഥിതി ചെയ്യുന്നവാർഡ് | എണ്ണം | ഉപയോഗ്യമായത് | ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം. | പ്രത്യേകത |
| 1 | 2 | 2 | ധാരാളം വീട്ടുകാരും കടക്കാരും ഉപയോഗിക്കുന്നു. | പൂക്കോം ടൗണിലുള്ള കിണർ സ്വകാര്യ വ്യക്തിയുടേതാണെങ്കിലും പൊതുവായി ഉപയോഗിക്കുന്നു |
| 2. | 1 | – | – | കിണർ തകർന്ന നിലയിലാണ് |
| 3. | ഇല്ല | – | – | — |
| 4. | ഇല്ല | – | – | — |
| 5. | 1 | 1 | – | പഞ്ചായത്ത് ഓഫീസ് ക്യാമ്പസിലാണ് |
| 6. | 2 | 2 | 23 | കല്ലറ ലക്ഷം വീട് കോളനിയിലെ കിണറിൽ വേനൽകാലത്ത് വെള്ളം ലഭ്യമല്ല. |
| 7. | 4 | 4 | 9 | പെരിങ്ങത്തൂർ ടൗണിലെ കിണറിൽ വേനൽ കാലത്ത് വെള്ളം ഉണ്ടാകാറില്ല. |
| 8. | 4 | 4 | 32 | ലക്ഷം വീട് കോളനികളിലെയും കുലാല കോളനിയിലെയും കിണറുകളിൽ വേനൽകാലത്ത് വെള്ളം കിട്ടാറില്ല. |
| 9. | 2 | 2 | 9 – | — |
| ആകെ | 16 | 15 | | |

പദ്ധതികളും ഇവിടെ നിലവിൽ ഇല്ല.

## പ്രശ്നങ്ങൾ

മിക്ക വാർഡുകളിലും വേനൽകാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. വാർഡ് തിരിച്ച് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ചുവടെ കൊടുക്കുന്നു.

പൈപ്പ് വെള്ളം പഞ്ചായത്തിലില്ല

4 വിദ്യാലയങ്ങളിൽ സ്വന്തമായി കിണറുകളില്ല.

പൊതു കിണറുകൾ കൃത്യമായി ചെളി കോരി വൃത്തിയായി സംരക്ഷിക്കാനുള്ള സംവിധാനമില്ല.

പൊതു കുളങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല.

പഞ്ചായത്തിൻെറ ചില ഭാഗങ്ങളിലുള്ള മണ്ണിടിച്ചിൽ ജനസംരക്ഷണത്തെ ബാധിക്കുന്നുണ്ട്.

| പട്ടിക 2<br>പൊതുകുഴൽ കിണറുകളും കുളങ്ങളും | | | | |
|---|---|---|---|---|
| സ്ഥിതി ചെയ്യുന്ന വാർഡ് | പൊതു കുഴൽ കിണർ | ഉപയോഗ്യമായത് | പൊതുകുളം | കുടിവെള്ളത്തിനുപയോഗിക്കുന്നത് |
| 1. | 1 | 1 | 1 | – |
| 7. | 1 | – | – | – |
| 8. | – | – | 1 | – |
| 9. | 1 | – | 1 | – |
| ആകെ | 3 | 1 | 3 | |

| | | | |
|---|---|---|---|
| വാർഡ് | 1 | : | പുക്കോം ടൗൺ, മയിലാടി മൊട്ട, വടക്ക് തെക്ക് ഭാഗം |
| വാർഡ് | 2 | : | കണ്ണംവെള്ളി തെക്ക് ഭാഗം |
| വാർഡ് | 3 | : | വാർഡിന്റെ വടക്ക് ഭാഗം |
| ,, | 4 | : | പള്ളിക്കണ്ടി, പുതിയവീട്ടിൽ ഭാഗം |
| ,, | 5 | : | വണ്ണാന്റവിട, കായത്തിന്റവിട, ചട്ടേന്റവിട ഭാഗം |
| ,, | 6 | : | കല്ല റക്കാട് - ലക്ഷംവീട് ഭാഗം |
| ,, | 7 | ; | വണ്ണാത്തിത്തോട് - മൂഴിക്കെന്റവിടെ ഭാഗം |
| ,, | 8 | : | വലിയ പറമ്പത്ത് , വട്ടക്കണ്ടി, കുല്ലാല കോളനി, മീത്തലെ പറമ്പത്ത് - കിളച്ചപറമ്പത്ത് ഭാഗം |
| ,, | 9. | ; | ഏതാനും ഭാഗങ്ങൾ |

## സാധ്യതകൾ

കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൊതു കിണറുകൾ പൊതു ജനസഹായത്തോടെ നിർമ്മിക്കാവുന്നതാണ്. പ്രവർത്തനയോഗ്യമല്ലാത്ത കുഴൽ കിണറുകൾ ഉപയോഗ്യമാക്കണം.

നിലവിലുള്ള കുളങ്ങൾ ആവശ്യമായ റിപ്പയറുകൾ നടത്തി കുടിവെള്ളത്തിനുപയോഗിക്കാൻ കഴിയും.

വ്യക്തികൾക്ക് കിണറുകൾ കുഴിക്കുന്നതിന് ചുരുങ്ങിയ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ സഹായം ഉപയോഗിച്ചുകൊണ്ട് കനകമലയിലെ പ്രകൃതി ദത്തമായ നീരുറവയിലെ വെള്ളം പഞ്ചായത്ത് മുഴുവൻ പൈപ്പ് ലൈൻ വഴി എത്തിക്കാവുന്നതാണ്.

തട്ടാത്ത് മുക്കിൽ ബണ്ട് കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയാവുന്നതാണ്.

ജനങ്ങളെ ശാസ്ത്രീയമായ ജലപരിപാലന പരിപാടികളെ കുറിച്ച് ബോധവാന്മാരാക്കിയാൽ മഴമൂലം നമുക്ക് ലഭിക്കുന്ന വെള്ളത്തിന്റെ ഭൂരിഭാഗവും സംരക്ഷിക്കാവുന്നതാണ്.

## പൊതുജനാരോഗ്യം.

ആരോഗ്യമുള്ള സമൂഹം മാത്രമെ ഒരു രാഷ്ട്രത്തിന്റെ സമ്പത്താകുകയുള്ളൂ. പൊതുജനാരോഗ്യരംഗത്ത്നമ്മുടെ സംസ്ഥാനം വൻകിട രാഷ്ട്രങ്ങളുടെ നിലവാരത്തിലെത്തി നിൽക്കുന്നു. ആരോഗ്യ സ്ഥിതി അവലോകനം ചെയ്യുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്ത് കേരളത്തിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട നിലവാരത്തിലാണ്.

ലഭ്യമായ സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് കേരളത്തിന്റെ പൊതു മരണനിരക്ക് 5.9 ആണ്. എന്നാൽ ഇവിടെ 4.6 ആണ്. ശിശു മരണനിരക്കും മാതൃ മരണനിരക്കും വളരെ കുറവാണ്. അടുത്ത കാലത്തായി ഇവിടെ റിപ്പോർട്ട് ചെയ്തതിൽ ഓരോ മാതൃമരണവും, ശിശുമരണവുമാണ്. വൈകല്യനിരക്ക് ഇവിടെ ആയിരത്തിന് എട്ടാണ്. സാക്ഷരതയിൽ മുന്നിട്ട് നിൽക്കുന്നതിനാലും കുടുംബക്ഷേമ പ്രവർത്തനങ്ങൾ സ്വീകരിച്ചതുകൊണ്ടും ഇവിടുത്തെ ജനനനിരക്ക് കേരള ശരാശരിക്ക് തുല്യമാണ് (ആയിരത്തിന് 17).

മെച്ചപ്പെട്ട ആരോഗ്യ നിലയാണ് ഇവിടെയുള്ളതെങ്കിലും ഇതിന് കാരണം പൊതുജനാരോഗ്യ സ്ഥാപനങ്ങളാണെന്ന് പറയുവാൻ സാധ്യമല്ല. കാരണം അടുത്ത കാലത്ത് മാത്രമാണ് ഇവിടെ പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തനം ആരംഭിച്ചത്. പണ്ട് കാലത്ത് പ്രഗദ്ഭരായ വൈദ്യന്മാരും നാട്ടു ചികിത്സകരും ഇവിടെ ഉണ്ടായിരുന്നു. 'കിഴക്കെയിൽ ചോയി വൈദ്യർ', 'കൂടത്തിൽ കുഞ്ഞൂട്ടി വൈദ്യർ' എന്നിവർ പ്രധാനികളാണ്. അലോപ്പൊതി ചികിത്സ നഗരങ്ങളിൽ മാത്രം ലഭിച്ചിരുന്ന കാലത്ത് നമ്മുടെ നാട്ടിൻ പുറത്ത് അലോപ്പൊതി ചികിത്സ നടത്തിയ തട്ടാൻ കണ്ടിയിൽ അച്ചു ഡോക്ടർ സ്മരണീയനാണ്.

ആധുനിക വൈദ്യശാസ്ത്രം ഏറെ പുരോഗമിച്ചെങ്കിലും പഞ്ചായത്തിന്റെ ചില മേഖലകളിൽ അന്ധവിശ്വാസികളായി ഒരു ചെറിയ വിഭാഗം മാരകമായ രോഗങ്ങൾക്ക് പോലും മന്ത്രചരട് കെട്ടുകയും, ജപിച്ചുചൊല്ലുകയും വഴിപാട് നേരുകയും ചെയ്യുന്നു.

മരണ നിരക്ക് വളരെ കുറഞ്ഞതാണെങ്കിലും ഇവിടെയുള്ള രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. ആരോഗ്യത്തെക്കുറിച്ചുള്ള അമിത ബോധവും തെറ്റായ ധാരണയും നിസ്സാരമായ രോഗങ്ങൾ പിടിപെട്ടാൽപോലും സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ സമീപിക്കുക എന്നത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ശീലമായി മാറിയിരിക്കുകയാണ്. ചെറിയ നെഞ്ചു വേദന അനുഭവപ്പെട്ടാൽ പോലും യുവാക്കൾ കാർഡിയോളജിസ്റ്റിനെ കാണിച്ചു എക്സറെ - ഇ.സി.ജി. സ്കാനിംഗ്, ടി.എം.ടി. മുതലായ പലതരം ടെസ്റ്റുകൾ നടത്തി അനാവശ്യമായി ധനവ്യയം ചെയ്തു വരുന്ന പ്രവണത കണ്ടുവരുന്നു. ഗർഭം ഒരു രോഗം പോലെ കരുതി ഗർഭിണി

കളെ മുറയ്ക്ക് അനാവശ്യമായി വിദൂര നഗരങ്ങളിലുള്ള ഗൈനക്കോളജിസ്റ്റുകളെ കാണിച്ച് ടോണിക്കുകളും ഗുളികകളും മറ്റും കഴിക്കുക എന്ന ശീലം ഭൂരിഭാഗം ജനങ്ങൾക്കും ഉണ്ട്.

കുട്ടികളുടെ പോഷകനിലവാരം കണ്ടുപിടിക്കാൻ സഹായിക്കുന്ന മാർഗ്ഗം അവർക്ക് പ്രായത്തിനനുസരിച്ച് തൂക്കമുണ്ടോ എന്ന് പരിശോധിക്കലാണ്. ഈകണക്ക് ലഭിക്കണമെങ്കിൽ ബാലവാടി, അംഗൻവാടി കേന്ദ്രങ്ങൾ ആവശ്യമാണ്. എന്നാൽ സർക്കാരിൻെറ കണക്കനുസരിച്ച് 20ഓളം അംഗൻവാടികൾ ആവശ്യമായ ഈ പഞ്ചായത്തിൽ കേവലം ഒരു അംഗൻവാടി മാത്രമാണുള്ളത്. അതുകൊണ്ടു തന്നെ കുട്ടികളുടെ പോഷണനിലവാരത്തെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കാൻ സാധ്യമല്ല. കുട്ടികൾക്ക് ഏറ്റവും ഉത്തമവും, പ്രതിരോധശക്തിയുമുള്ള (മുലപ്പാൽ)കൊടുക്കാനും കുപ്പിപ്പാലിനെയും ബേബിഫുഡിനെയും ആശ്രയിക്കുക എന്നത് ഒരു ശീലമായി മാറിയിരിക്കുകയാണ്. പോഷകാഹാരങ്ങൾ അടങ്ങിയ പച്ചക്കറികളും ഇലക്കറികളും വളരെ താഴ്ന്ന അളവിൽ മാത്രമെ കുട്ടികൾക്ക് ലഭിക്കുന്നുള്ളു. സ്ക്കൂളുകളിലെയും അംഗൻ വാടികളിലെയും ഉച്ചഭക്ഷണ പരിപാടി വളരെയധികം നഷ്ടം സഹിച്ചാണെങ്കിലും ഒരളവ് വരെ കൃത്യമായി നടത്തുന്നുണ്ട്.

ആരോഗ്യസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന 3 പൊതുജനാരോഗ്യ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. (പട്ടിക 3)

കിടത്തി ചികിത്സിപ്പിക്കുന്നതിനാവശ്യമായ സൗകര്യം ഈ പഞ്ചായത്തു നിവാസികൾക്ക് 15 കി.മീ. ദൂരമുള്ള തലശ്ശേരിയിൽ നിന്നാണ് ലഭിക്കുന്നത്. മിക്കയാളുകളും നഗരപ്രദേശങ്ങളിലുള്ള സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

അണിയാരം പോസ്റ്റോഫീസിന് സമീപം പുതുതായി പ്രവർത്തനം ആരംഭിച്ച പ്രൈമറി ഹെൽത്ത് സെൻറർ ആണ് അലോപ്പതി രംഗത്തുള്ള പൊതുജനാരോഗ്യ കേന്ദ്രം. ഈ സെൻററിൽ ഒരു മെഡിക്കൽ ഓഫീസർ അടക്കം 7 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. പഞ്ചായത്ത് വക സാംസ്കാരിക നിലയത്തിലാണ് ഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നത്. ദിവസേന 50നു 55നും ഇടയിൽ രോഗികൾ ഈ കേന്ദ്രത്തിൽ ചികിത്സക്കായി എത്തിച്ചേരുന്നു. മിക്ക വാർഡുകളിലെയും ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ പറ്റുന്ന സ്ഥലത്താണ് ആരോഗ്യ കേന്ദ്രം ഇപ്പോൾ പ്രവർത്തിക്കുന്നത്. സാധാരണ രോഗങ്ങൾക്കാവശ്യമായ ഔഷധങ്ങൾ ഇവിടെ ലഭിക്കുന്നുണ്ട്. (പട്ടിക 4)

| പി.എച്ച്.സി.യിലെ രോഗികളുടെ കണക്ക് - 1996 | |
|---|---|
| ഔട്ട് പേഷ്യൻറുകളുടെ എണ്ണം | 4100 |
| വാതരോഗം | 45 |
| ത്വക് രോഗം | 90 |
| പകർച്ചവ്യാധികൾ | 75 |
| മറ്റുള്ള രോഗങ്ങൾ | 3890 |

പാലിലാണ്ടിപ്പീടികക്ക് സമീപം പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രമാണ് മറ്റൊരു പൊതുജനാരോഗ്യ കേന്ദ്രം. ഗ്രാമീണ ജനങ്ങളുമായി ആരോഗ്യ പ്രശ്നങ്ങൾ നിരന്തരം കൈകാര്യം ചെയ്യേണ്ട ഈ സ്ഥാപനത്തിൽ 5 ജീവനക്കാർ ആവശ്യമാണെങ്കിലും 4 പേർ മാത്രമെ ഇപ്പോഴുള്ളു. പുതിയ സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ സ്വതന്ത്ര്യ യൂനിറ്റായ ഹെൽത്ത് സെൻററിൻെറ കീഴിലാണ് ഈ സ്ഥാപനമെങ്കിലും ജീവനക്കാർ ഇടപെടേണ്ടി വരുന്നത് 25 കി.മീ. ദൂരമുള്ള പിണറായി ഹെൽത്ത് സെൻററുമായിട്ടാണ്. കുടുംബക്ഷേമ കെട്ടിടത്തിൻെറ സ്ഥിതി ശോചനീയമാണ്. ജീവനക്കാർ ഭയന്നുകൊണ്ടാണ് ജീർണ്ണാവസ്ഥയിലുള്ള കെട്ടിടത്തിനുള്ളിൽ ദിവസങ്ങൾ തള്ളിനീക്കുന്നത്. ഇവിടെ കിണർ പോലും ഇല്ല.

കാടാങ്കുനി യു.പി. സ്ക്കൂളിന് സമീപമുള്ള പഴയ വായനശാല കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയർവേദ

**പൊതു ജനാരോഗ്യ കേന്ദ്രങ്ങൾ**

| ആരോഗ്യസ്ഥാപനത്തിൻെറ പേര് | സ്ഥിതി ചെയ്യുന്ന വാർഡ് | പ്രയോജനം ലഭിക്കുന്ന വാർഡുകൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| പ്രൈമറി ഹെൽത്ത് സെൻറർ | 9 | 3,4,5,7,8,9 | 7 |
| ആയുർവ്വേദ ഡിസ്പെൻസറി | 2 | 1,2,3,9 | 5 |
| കുടുംബക്ഷേമ കേന്ദ്രം | 3 | 1,2,3,4 | 4 |

ഡിസ്പെൻസറിയിൽ ഒരു മെഡിക്കൽ ഓഫീസർ അടക്കം 5 ജീവനക്കാരാണ് ഇപ്പോഴുള്ളത്. ഓരോ ദിവസവും ചികിത്സക്കായി 75നും 80നും ഇടയിൽ രോഗികൾ ഈ കേന്ദ്രത്തിൽ എത്തിച്ചേരുന്നു. കഴിഞ്ഞ 4 വർഷത്തെ കണക്കനുസരിച്ച് ഇവിടെ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്നു. (പട്ടിക 5) സാധാരണ കിട്ടാറുള്ള മരുന്നുകൾ മുഴുവൻ രോഗികൾക്കും കൊടുക്കാൻ തികയാറില്ല.

കളും ഇല്ല.

കുടുംബക്ഷേമ കേന്ദ്ര കെട്ടിടത്തിന്റെ സ്ഥിതി ദയനീയമാണ്.

ചികിത്സാ ചെലവ് വർദ്ധിക്കുന്നു.

സർക്കാർ ഹോമിയോ ഡിസ്പെൻസറി ഈ പഞ്ചായത്തിലില്ല

ചെറുപ്പക്കാരിൽ അടക്കം മദ്യപാനശീലവും ലഹരി വസ്തുക്കളുടെ ഉപയോഗവും വർദ്ധിക്കുന്നു.

**പട്ടിക 5**

**ആയുർവ്വേദ ഡിസ്പെൻസറിയിലെ രോഗികളുടെ എണ്ണം**

| വർഷം | ഔട്ട് പേഷ്യൻറ് | രോഗവിവരം | | | എണ്ണം |
|---|---|---|---|---|---|
| | | ത്വക്ക് രോഗം | വാതരോഗം | വിഷചികിത്സ | മറ്റുരോഗങ്ങൾ |
| 92-93 | 12215 | 4800 | 5600 | – | 1815 |
| 93-94 | 13062 | 4323 | 5071 | – | 3668 |
| 94-95 | 14424 | 4578 | 5560 | 100 | 4186 |
| 95-96 | 18771 | 5698 | 9128 | 125 | 3820 |
| ആകെ | 58472 | 19399 | 25359 | 225 | 13489 |

അണിയാരം ശിവക്ഷേത്രത്തിന് സമീപമായി പുതുതായി പണിതുകൊണ്ടിരിക്കുന്ന ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിന്റെ പണി വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. ലഭ്യമായ ഫണ്ട് തൃപ്തികരമല്ലാത്തതിനാൽ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചു കൊണ്ടാണ് നിർമ്മാണപ്രവർത്തനം തുടരുന്നത്.

സ്വകാര്യ മേഖലയിൽ 5 അലോപ്പതി ക്ലിനിക്കുകളും 4 ഹോമിയോ ക്ലിനിക്കുകളും 3 ആയൂർവ്വേദ ക്ലിനിക്കുകളും ഇവിടെ ഉണ്ട്. 2 അലോപ്പതി മെഡിക്കൽ ഷാപ്പുകളും 6 ആയൂർവേദ മരുന്ന് ഷാപ്പുകളും ഒരു ലബോറട്ടറിയും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്.

## പ്രശ്നങ്ങൾ

നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററിന്റെ പ്രവർത്തനം മുഴുവൻ വാർഡുകൾക്കും വേണ്ടത്ര ലഭിക്കുന്നില്ല.

പി.എച്ച്.സി.യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

പി.എച്ച്.സി.യിൽ എല്ലാ രോഗങ്ങൾക്കും ആവശ്യമായ മരുന്നുകൾ ലഭ്യമല്ല.

പി.എച്ച്.സി.യിൽ ഫ്രീസർ, അത്യാവശ്യ ഫർണിച്ചറുകളും ഇല്ല.

## സാധ്യതകൾ

പി.എച്ച്.സി.ക്ക് സ്വന്തമായി കെട്ടിടം പണിത് കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് രാജ് നിയമം അനുസരിച്ച വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉൾപ്പെടുന്ന പി.എച്ച്.സി. വികസന സമിതിയുടെ പ്രവർത്തനം മെച്ചപ്പെട്ട നിലയിൽ പി.എച്ച്.സി.യെ ഉയർത്തിക്കൊണ്ടു വരുവാൻ ഉപയോഗിക്കാവുന്നതാണ്.

പൊതു ജനസഹായത്തോടു കൂടി പി.എച്ച്.സി.യുടെ കീഴിൽ ഒരു ആധുനിക സൗകര്യം ഉണ്ടാക്കാവുന്നതാണ്.

എല്ലാ വാർഡുകളിലും അംഗൻ വാടികൾ തുടങ്ങേണ്ടതാണ്.

ആയൂർവ്വേദ ഡിസ്പെൻസറിക്ക് നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി പെട്ടെന്ന് തീർത്താൽ നിലവിൽ ഇന്ന് പ്രവർത്തിച്ചു വരുന്നകെട്ടിടത്തിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി തുടങ്ങാവുന്നതാണ്.

ഹെൽത്ത് വർക്കർമാർ പരമാവധി ഫീൽഡ് വർക്കിന് പ്രാധാന്യം കൊടുക്കേണ്ടതാണ്.

കുടുംബക്ഷേമ കേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കേണ്ടതാണ്.

പ്രതിരോധ കുത്തിവെപ്പുകൾക്ക് എല്ലാ വാർഡുക

ളിലും ക്യാമ്പുകൾ കൃത്യമായി സംഘടിപ്പാക്കാവുന്നതാണ്.

ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നിരന്തരം സംഘടിപ്പിക്കേണ്ടതാണ്.

ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സംഘടനകളുടെ പ്രവർത്തനം മുഴുവൻ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

## പരിസരിശുചീകരണം.

വികസിത രാഷ്ട്രങ്ങളോട് പോലും കിടപിടിക്കാവുന്ന തരത്തിലേക്ക് ഉയർന്നതാണ് കേരളത്തിലെ ആരോഗ്യ രംഗം. എന്നാൽ ഈ മുന്നേറ്റം നിലനിർത്തണമെങ്കിൽ പരിസര ശുചിത്വരംഗത്ത് നാം കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

തികച്ചും ഗ്രാമീണമേഖലയായ ഈ പ്രദേശം അടുത്ത കാലങ്ങളിൽ പരിസര ശുചിത്വരംഗത്ത് വളരെ മുൻപന്തിയിൽ ആയിരുന്നു. എന്നാൽ ഇന്ന് നമ്മുടെ പ്രദേശം നാഗരിക സംസ്കാരത്തിൻെറ പിടിയിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. പാശ്ചാത്യനാടുകളിൽ തിരസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന 'പ്ലാസ്റ്റിക് സംസ്കാരം' നമ്മുടെ ഗ്രാമങ്ങളിൽ ഇന്ന് വ്യാപകമാണ്. ഉപയോഗ്യശൂന്യമായ ഒരു കാലത്തും നശിക്കാത്ത പ്ലാസ്റ്റിക് കവറുകൾ എങ്ങും ഇന്ന് കുമിഞ്ഞു കൂടുകയാണ്.

ഒരു കാലത്ത് നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞ മലമ്പനി പോലുള്ള പല രോഗങ്ങളുടെയും തിരിച്ചുവരവിനും ചർദ്ദി, അതിസാരം, കോളറ മുതലായ രോഗങ്ങൾക്കും പ്രധാന കാരണം കുടിവെള്ളത്തിൻെറ അപര്യാപ്തത, മലിനമായ പരിസരം എന്നിവയാണ്. പരിസരശുചിത്വരംഗത്ത് നാം ജാഗ്രത പാലിച്ചില്ല എങ്കിൽ നമ്മുടെ ആരോഗ്യ രംഗം തകരാൻ ഇടവരും.

നമ്മുടെ പഞ്ചായത്തിൽ വിവിധ തരത്തിലുള്ള മാലിന്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പൊതു സ്ഥലങ്ങളിലും കുപ്പ, കൂനകൾ കുന്നുകൂടി കിടക്കുന്നു. ചില പ്രദേശങ്ങളിൽ വീടുകളിൽ നിന്നുള്ള അഴുക്കു വെള്ളം പൊതുവഴികളിലേക്ക് ഒഴുക്കിവിടുന്നു. വീടുകളിൽ ഉണ്ടാവുന്ന ഉപയോഗ്യശൂന്യമായ വസ്തുക്കൾ, അഴുക്കു വെള്ളം എന്നിവ അലക്ഷ്യമായി പരിസരങ്ങളിലെക്ക് നിക്ഷേപിക്കുന്നു. ഇതു കാരണം കൊതുക്, ഈച്ച എന്നിവയുടെ ശല്യം വളരെ വർദ്ധിച്ചിരിക്കുകയാണ്.

സാമ്പത്തികമായി കഴിവില്ലാത്ത പാവപ്പെട്ട വീടുകളിൽ കക്കൂസുകളില്ല. ഏകദേശം 20%ഓളം കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസില്ല എന്ന് പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നു. സ്വന്തമായി കക്കൂസുകൾ ഉള്ള വീട്ടുകാർ വേണ്ട വിധത്തിൽ കൈകാര്യം ചെയ്യുന്നില്ല. കക്കൂസ് ടാങ്കുകളുടെ ഗ്യാസ് പൈപ്പുകളിൽ 'നെറ്റ്' ഇല്ലാത്തതിനാൽ കൊതുക് പെരുകുന്നു.

### പ്രശ്നങ്ങൾ

പൊതു സ്ഥലങ്ങളിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

താഴെ പൂക്കോം, മുക്കിൽപ്പീടിക, പെരിങ്ങത്തൂർ, മുതലായ സ്ഥലങ്ങളിൽ മാർക്കറ്റുകളിൽ നിന്നുള്ള മാലിന്യങ്ങളും, അറവുശാലകളിലെ അവശിഷ്ടങ്ങളും കുമിഞ്ഞുകൂടി പരിസരം മലിനമാക്കുന്നു.

കൊതുകു നിർമ്മാർജ്ജനത്തിനും പഞ്ചായത്ത് വക സ്പ്രെയർ ഉണ്ടെങ്കിലും ഉപയോഗിക്കാൻ സംവിധാനമില്ല.

ഹോട്ടലുകളിൽ ഹെൽത്ത് പരിശോധന നടക്കുന്നില്ല.

കക്കൂസ് നിർമ്മിക്കാൻ പഞ്ചായത്തിലുള്ള, സ്കീമുകൾ അപര്യാപ്തമാണ്.

### സാധ്യതകൾ

പരിസര ശുചീകരണത്തിനുള്ള പഞ്ചായത്ത് തല ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. ശുചീകരണ ജീവനക്കാർ ഡ്യൂട്ടി നിർവ്വഹിക്കുന്ന സാഹചര്യം ഉണ്ടാവണം.

ബസാറുകൾക്ക് അടുത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിർത്തി മാലിന്യനിക്ഷേപത്തിന് ജനവാസം കുറഞ്ഞ സ്ഥലം കണ്ടെത്തേണ്ടതാണ്.

പൊതു സ്ഥലങ്ങളിലും വീടുകളിലും ഉള്ള ഓടകളിൽ മരുന്ന് തളിക്കുന്നതിന് സംവിധാനം ഉണ്ടാക്കേണ്ടതാണ്.

കക്കൂസുകളിൽ നിന്ന് കൊതുക് ഉണ്ടാവാതിരിക്കാൻ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

പ്രധാന കേന്ദ്രങ്ങളിൽ മലിനജലം ഒഴുക്കിവിടാൻ ഓടകൾ സ്ഥാപിക്കണം.

ബസാറുകൾക്ക് പൊതു കക്കൂസുകളും മൂത്രപുരകളും നിർമ്മിക്കേണ്ടതാണ്.

പരിസര ശുചീകരണത്തിൻെറ ആവശ്യകതയെപറ്റി ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. ❒

# 5. വ്യവസായം

വ്യവസായവൽക്കരണത്തിലൂടെ മാത്രമേ ഏതൊരു പ്രദേശത്തിന്റെയും തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കുനാവുകയുള്ളൂ വ്യവസായിവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്നത് ഈ കാലഘട്ടത്തിൽ തികച്ചും അർത്ഥവത്തായ ഒരു മുദ്രാവാക്യമാണ്. സാമ്പത്തിക പുരോഗതിനേടിയരാജയങ്ങളും മറ്റുസംസ്ഥാനങ്ങളും വ്യവസായരംഗത്തും ബഹുദൂരം മുന്നോട്ട് പോയതായികാണം. നമ്മുടെ സംസ്ഥാനം പലകാരണങ്ങൾ കൊണ്ടും ഈമേഖലയിൽ വളരെ പിന്നിലാണ് എന്നുനാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യവസായത്തെക്കുറിച്ചു ചിന്തിക്കുമ്പോൾസാധാരണക്കാരായ ജനങ്ങളുടെ ശ്രദ്ധയിൽപെടുന്നത് പട്ടണങ്ങൾ കേന്ദ്രീകരിച്ചുള്ള വൻകിട വ്യവസായങ്ങൾ മാത്രമാണ്. നമ്മുടെ ഗ്രാമങ്ങളിൽ എന്തു വ്യവസായം നടക്കാനാണ് ഒന്നും വിജയിക്കില്ല എന്നുമുൻവിധിയാണ് ഈ ചിന്താഗതിക്ക് ഒരു മാറ്റം കൂടിയേതീരൂ കുടിൽ വ്യവസായങ്ങളും സഹകരണമേഖലയിൽ ചെറുകിടവ്യവസായവ യൂനിറ്റുകളും മറ്റും തുടങ്ങുക വഴി പ്രാദേശികമായ കാർഷികോൽപന്നങ്ങളും മറ്റു അസംസ്കൃത വസ്തുക്കളും വ്യവാസായമേഖലയിൽ അതതു പഞ്ചായത്തിൽ തന്നെ ഉപയോഗപ്പെടുത്തുകയും പ്രാദേശിക ഉൽപന്നങ്ങൾ ഉപയോഗിക്കുന്ന ഒരുഉപഭോഗസംസ്കാരം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു കൂടാതെ നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും തകർന്നുകൊണ്ടേയിരിക്കുന്നതും അപ്രത്യക്ഷമായതുമായ പരമ്പരാഗതവ്യവസായങ്ങളെ ആധുനികമായ സാങ്കേതിക വിദ്യകളിലൂടെ കാലികമായ മാറ്റത്തോടെ പൂർണ്ണനാശം സംഭവിക്കാതെ നിലനിർത്തേണ്ടയിരിക്കുന്നു.

മൊത്തം തൊഴിൽ മേഖലപരിശോധിച്ചാൽ പെരിങ്ങളം പഞ്ചായത്ത് വ്യവസായികമായി അങ്ങേയറ്റം ശോചനീയാവ്സ്ഥയിലാണ്. എടുത്തുപറയത്തക്ക വ്യവസായങ്ങൾ ഇല്ല. 10 ൽകൂടുതൽ പേർജോലിചെയ്യുന്ന ഒരു വ്യവസായ യൂണിറ്റുപോലുമില്ല.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 44 വ്യത്യസ്ഥചെറുകിട യൂനിറ്റുകൾ മിക്കവുയം സ്ഥാപനഉടമതന്നെ ഏക തൊഴിലാളിയായിനടത്തപ്പെടുന്നതും പ്രാദേശിക ആവശ്യകതഅടിസ്ഥാനമാക്കിയുള്ളതുമാണ്.

പരമ്പരാഗതവും ആധുനികവുമായ വ്യവസായസ്ഥാപനങ്ങളുടെ തരംതിരിച്ച പട്ടികകൾ

**പട്ടിക 1**

| ഇനം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികൾ | | ആകെ |
|---|---|---|---|---|
| | | പു | സ്ത്രീ | |
| മൺകലനിർമാണം | 7 | 28 | 3 | 61 |
| വിപണനം | | | 30 | |
| കൈത്തറി | 34 | 40 | 54 | 94 |
| പപ്പടം | 2 | 4 | 2 | 6 |
| ആകെ | | | | |

## കൈത്തറി:

പൂക്കോം കണ്ണം വെള്ളി പ്രദേശത്തെ തുണിനിർമ്മാണവ്യവസായത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ഒരു സമുദായത്തിന്റെ കുലത്തൊഴിലായി കുഴിത്തറികളിൽ ആരംഭിച്ച ഈ വ്യവസായനയം 1940 കളോടെ പരിഷ്ക്കരിച്ച തറികളിലെ സംഘടതിവ്യവസായമായി രൂപപ്പെട്ടു കൈത്തറിതുണികൾക്ക് അഭ്യന്തര വിദേശ വിപണികളിൽ ആവശ്യം വർദ്ധിച്ചതോടെ ഈ മേഖലയിൽ നെയ്ത്തും അനുബന്ധതൊഴിലാളികളുമായി 300ഓളം പേർക്ക് തൊഴിൽ ലഭ്യമായി അതോടെ വ്യത്യസ്ത സമുദായത്തിൽ പെട്ടവരും ഈ തൊഴിലിലേക്ക് ആകർഷിക്കപ്പെടുകയും നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാമായ പരമ്പരാഗത വ്യവസായമായി വികസിക്കുകയും ചെയ്തു. 1970 –75ഓടെ ഈ വ്യവസായമേഖലകടുത്ത പ്രതിസന്ധിയിലാവുകയും ക്രമേണതകരുകയും ചെയ്തു.

ഇടത്തട്ടുകാരിലൂടെ കൈമാറിവരുന്നതിനാൽ ഇപ്പോഴുള്ള 48 നെയ്ത്തുകാർക്കും 46അനുബന്ധതൊഴിലാളികൾ്കും ലഭിക്കേണ്ട് ആദായത്തിന്റെ നല്ലൊരുശതമാനം പങ്കുവെക്കപ്പെടുന്നു. നെയ്തുകാരായ പുരുഷന്മാരുടെ ശരാശരി പ്രതിദിനവരുമാനം 50 രൂപയും സ്ത്രീകളുടേത് 20 രൂപയും മാത്രമാണ് കണ്ണൂർ ആസ്ഥാനമായുള്ള പ്രധാന വ്യാപാരികളിൽനിന്നും നേരിട്ട ഓർഡർ സ്വീകരിച്ച് തുണിയുൽപാദനത്തിന്റെ എല്ലാതലത്തിലുള്ള ജോലികൾ ഇവിടെതന്നെ ചെയ്തുവന്ന അവസരത്തിലാണ് ഈ വ്യവസായം ഇവിടെവികസിച്ചത് കളറിംഗിന്റെയും മറ്റും നവീകരിക്കപ്പെട്ടസാങ്കേതിക വിദ്യഇവിടെ ലഭ്യമല്ല. സഹകരണസംഘത്തിൻകീഴിൽ തൊഴിലാളികളെ ഒരുമിപ്പിച്ച് വിപണിയിലെ ആവശ്യകതക്ക് അനുസരിച്ച് ഉൽപാദനനവീനമായ സാങ്കേതികവിദ്യയിലൂടെ മെച്ചപ്പെട്ട ഗുണനിലവാരത്തോടെ നടത്തേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് കാലാനുസ്രതമായ വിദ്ഗദപരിശീലനവും ക്ഷേമപദ്ധതിയുടെ ആനുകൂല്യങ്ങളും ലഭിക്കേണ്ടിയിരിക്കുന്നു.

## മൺപാത്രനിർമ്മാണം : –

പഞ്ചായത്തിലെ കനകമല പ്രദേശത്തെകേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന മറ്റൊരു പരമ്പരാഗതകുടൽ വ്യവസായമാണ ഇത്. പ്രത്യേക സമുദായത്തിന്റെ ഈ കുടിൽ വ്യവസായം നാശത്തിന്റെ വക്കിലാണ്. ഇവിടെ തൊഴിലറിയാവുന്ന 100ഓളം കുടുംബങ്ങളുണ്ടെങ്കിലും 7 കുടുംബങ്ങൾ മാത്രമേ പരിമിതമായ നിലയിൽ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള പുറമെ നിന്നുള്ളവരും തദ്ദേശിയരുമായ 28 പുരുഷൻമാരും 33 സ്ത്രീകളും ഈമേഖലയിൽ പ്രവർത്തിക്കുന്നു. അവയുടെ വിലവർദ്ധനവു കാരണം ഉൽപ്പന്നങ്ങൾക്ക വിപണനസാധ്യതയുണ്ടായിട്ടു പോലും ജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയുന്നില്ല. നവീകരിക്കപ്പെട്ട സാങ്കേതിക വൈദ്ഗദ്യവും സംരംഭകർക്കുള്ള സാമ്പത്തിക സഹായവും സഹകരണ സംഘങ്ങളുടെ രൂപികരണവും കൊണ്ടുമാത്രമേ നൂറ്റാണ്ടുകളുടെ പഴക്കമുള്ളതും ചുരുക്കം പ്രദേശങ്ങളിൽ മാത്രം അവശേഷിക്കുന്നതുമായ ഈ പരമ്പരാഗത വ്യവസായത്തെ നാശത്തിന്റെ വക്കിൽ നിന്നും രക്ഷ്പ്പെടുത്താനാവുകയുള്ളൂ.

## പവർലൂം

കൈത്തറി വ്യവസായത്തിന്റെ തകർച്ചയുടെ ആരംഭത്തിലാണ് പൂക്കോം പ്രദേശത്ത് പവർലൂം വ്യവസായം ആരംഭിച്ചത്. കഴിഞ്ഞവർഷം സ്ഥാപിച്ച രണ്ട് വ്യവസായ സ്ഥാപനങ്ങളടക്കം നാലു ചെറുകിട യൂണിറ്റുകളുണ്ട്. ഇവയിലെല്ലാമായി 13 പുരുഷന്മാരും 10 സ്ത്രീകളുമാണ് ജോലി ചെയ്യുന്നത്. ഇടത്തട്ടുകാരെ ആശ്രയിച്ചു നടത്തപ്പെടുന്നതിനാൽ ആകർഷകമായ മിച്ചം ലഭിക്കുന്നില്ല. പുരഷന് 70 രൂപയും സ്ത്രീക്ക് 20 രൂപയുമാണ് ശരാശരി ദിവസവരുമാനം. ഭാരിച്ചമുതൽ മുടക്ക് ആവശ്യമായ വ്യവസായത്തെ പ്രഖ്യാപിതലോഡ് ഷെഡിംങ്ങ് വൈദ്യുതി വിതരണത്തിലെ തടസ്സം എന്നിവ സ്തംഭനാവസ്ഥയിലേക്ക് നീക്കുന്നു.

## ബേക്കറി:

ബേക്കറി വ്യവസായത്തിന്റ സാദ്ധ്യതയ്ക്ക് എടുത്തുദ്ധരിക്കാവുന്ന ഒരു സ്ഥാപനം പഞ്ചായത്തിൽ ആധുനിക യന്ത്രസാമഗ്രകളുടെ സഹായത്തോടെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈസ്ഥാപനത്തിന്റെ തന്നെ വിപുലമായ ഒരു ശ്രംഗല പഞ്ചായത്തിന്റെ ചുറ്റുമുള്ള മറ്റു 4 പഞ്ചായത്തുകളിലും വിപുലമായ തോതിൽ പ്രവർത്തിക്കുന്നുണ്ട്.

**സ്റ്റോൺക്രഷർ:** KFCയുടെ സാമ്പത്തിക സഹായത്തോടെ 1995ൽ ആരംഭിച്ച ഈ സ്ഥാപനം പ്രാദേശിക ആവശ്യകതയും മറ്റും ആശ്രയിക്കുന്നു. വൈദ്യുതി തടസ്സം ഈ മേഖലയിൽ ഒരളവോളം പ്രതികൂലമായി നിൽക്കുന്നു.

## റെഡിമെയ്ഡ് വ്യവസായവും ഫർണീച്ചർ വ്യവസായവും

ലാഭകരമായി നടക്കുന്നുണ്ടെങ്കിലും മൂലധനനിക്ഷേപം വർദ്ധിപ്പിച്ചു സഹകരണമേഖലയിൽ കേന്ദ്രീകരിക്കപ്പെട്ടു വികസിപ്പാക്കാവുന്ന ഒരു വ്യവസായമേഖലയാണിത്. തദ്ദേശിയർക്ക് പരിശീലനം നൽകിയാൽ തൊഴിലാളികളുടെ ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാനും തൊഴിൽ മേഖല സൃഷ്ടിക്കാനും കഴിയുന്നതാണ്.

**മെറ്റൽ ഇൻഡസ്ട്രി:** ഗ്രിൽസ് നിർമ്മാണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതിനാൽ പ്രാദേശിക ആവശ്യക്കാരെ മാത്രം ആശ്രയിച്ചാണീ നിലനിൽക്കുന്നത്. സ്റ്റീൽ ഫർണീച്ചർ നിർമാണത്തിലേക്കും സ്മത്തി വ്യവസായത്തിലേക്കും ഈ മേഖല വികസിക്കേണ്ടിയിരിക്കുന്നു.

DWCRA സ്കീമിൽ പ്രവർത്തിക്കുന്ന സ്വന്തമായികെട്ടിടമുള്ള ജില്ലാനിർമ്മാണയൂണിറ്റ് തൊഴിലാളികളെ കിട്ടാതെ സ്തംഭനാവസ്ഥയിലാണ്. ഈ യൂണിറ്റ് റെക്സ്ൻ നിർമ്മാണയൂണിറ്റാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സംഘാം

ഗങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്ന മറ്റു ചെറുകിട യൂണിറ്റുകളെല്ലാം പ്രാദേശിക ആവശ്യകതയെ ആശ്രയിച്ചു പ്രവർത്തിക്കുന്നതുമാത്രമാണ്.

സഹകരണ മേഖലയിലുള്ള മറ്റൊരു സ്ഥാപനം തുടക്കത്തിൽ തന്നെ പ്രതിസന്ധികൾ നേരിടുന്ന അക്ഷര വനതാപ്രസ്സ് ആണ്. വിദഗ്ദരായ തൊഴിലാളികളെ കണ്ടെത്താൻ ഈ വനിത സംഘത്തിന് കഴിയാത്തതിനാൽ വികസനം വഴിമുട്ടിനിൽക്കുന്നു.

**പട്ടിക 2**

| ഇനം | സ്ഥാപനങ്ങളുടെ എണ്ണം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|---|
| പവർലൂം. | 4 | 13 | 10 | 23 |
| ബേക്കറി | 4 | 16 | – | 16 |
| സ്റ്റോൺക്രഷർ | 1 | 3 | 6 | 9 |
| തടിവ്യവസായം | 2 | 13 | 1 | 14 |
| ഫർണിച്ചർ (wood) | 3 | 17 | – | 17 |
| റെഡിമേഡ് വസ്ത്രനിർമ്മാണം | 2 | 2 | 11 | 13 |
| മെറ്റൽ ഇൻഡസ്ട്രീസ് | 6 | 15 | – | 15 |
| സോപ്പ് നിർമ്മാണം | 1 | 4 | 6 | 10 |
| വർക്ക്ഷോപ്പ് | 3 | 7 | – | 7 |
| സോഡാ നിർമ്മാണം | 3 | 3 | – | 3 |
| പ്രിന്റിങ്ങ് പ്രസ്സ് | 2 | 2 | 6 | 8 |
| ഫ്ളവർമിൽ | 4 | 4 | – | 4 |
| ഓയിൽമിൽ | 2 | 2 | – | 2 |
| റിപ്പേർഷോപ്പ് | 3 | 3 | – | 3 |
| ആകെ | 40 | 104 | 40 | 144 |

**പട്ടിക 3 : വിവിധ മേഖലകളിലേക്കുള്ള കൂലിനിരക്കുകൾ**

| | കൂലി | | |
|---|---|---|---|
| തൊഴിൽ | പുരുഷൻ | സ്ത്രി | |
| കർഷകതെഴിലാളി | 60 | 35 | ഉച്ചവരെ |
| കെട്ടിടനിർമ്മാണം | 120 | 70 | വൈകുന്നേരം |
| കല്ല് വെട്ട് | 4 | – | 1.കല്ലിന് |
| കല്ല്ചെത്ത് | 1.50 | – | 1.കല്ലിന് |
| ഭക്ഷ്യധാന്യം പൊടിക്കൽ | 70 | – | |
| ബേക്കറി | 75 | – | |
| പവർലൂം | 70 | 20 | |
| കൈത്തറി | 50 | 20 | |
| പപ്പടനിർമ്മാണം | 40 | 30 | |

### പ്രശ്നങ്ങൾ

മഖ്യകാർഷികോൽപ്പന്നങ്ങൾ വ്യവസായ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

വിദഗ്ധതൊഴിലാളികൾക്ക് പരിശീലനം കൊടുക്കാനുള്ള സൗകര്യങ്ങളില്ല.

വനിതകൾ വ്യവസായ മേഖലയിൽ എത്തിപ്പെടുന്നില്ല.

സ്മിത്തി വ്യവസായത്തിന്റെയും കരകൗശല വ്യവസായത്തിന്റെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനാവുന്നില്ല.

ജനങ്ങൾ വ്യവസായ സാദ്ധ്യതകകളെപറ്റി ബോധവാൻമാരല്ല

ഗൾഫ് മേഖലയിൽ നിന്നുള്ള സാമ്പത്തിക സൗകര്യങ്ങൾ പ്രാദേശീക പുരോഗതിക്ക് ഉപയോഗപ്പെടുത്താൻ താല്പര്യം കാണിക്കുന്നില്ല.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ എത്തിപ്പെടുന്നില്ല.

വിദ്യാസമ്പന്നർ ഇത്തരം മേഖലയിൽ പ്രവർത്തിക്കാൻ തല്പരരല്ല

സംഘാടക പാടവമുള്ള സ്ത്രീകൾ വളരെ കുറവാണ്.

സഹകരണ പ്രസ്ഥാനം പ്രാദേശീക തലത്തിൽ വേരോടിയിട്ടില്ല.

വൈദ്യുതി പ്രതിസന്ധി സംരംഭകരെ നിരാശപ്പെടുത്തുന്നു.

### സാദ്ധ്യതകളും ഗ്രാമസഭാ നിർദേശങ്ങളും.

1. വ്യവസായ എസ്റ്റേറ്റിന് സ്ഥലം കണ്ടെത്തി സർക്കാർ കെട്ടിടം പണിതു സംരംഭകർക്ക് വാടകക്ക് കൊടുക്കുക. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
2. സാങ്കേതി പരിശീലനം വഴി വിദഗ്ധ തൊഴിലാളികളെ സജ്ജരാക്കുക.
3. വ്യവസായ ബോധവൽക്കരണ പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
4. കറിപൗഡർ, അച്ചാർ, മിഠായി നിർമ്മാണം, മിൽക് പ്രോഡക്ട്സ്, പലഹാര നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക.
5. വസ്ത്രങ്ങൾ, റെക്സിൻ ഉല്പന്നങ്ങൾ
6. ഹോളോബ്രിക്സ് മറ്റുകെട്ടിട നിർമ്മാണ സാമഗ്രികൾ
7. പഴ സംസ്കരണ യൂണിറ്റ്.
8. സോപ്പ്, പൊടി, മെഴുകുതിരി, ചന്ദനത്തിരി യൂണിറ്റ്.
9. പ്ലാസ്റ്റിക്, റബ്ബർ അധിഷ്ഠിത യൂണിറ്റുകൾ.

***ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമി സ്വർഗമായി മാറുമായിരുന്നു.***

**ഗാന്ധിജി.**



# 6. പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. മുൻകാലങ്ങളിലെ വൃത്തിയും വെടിപ്പും അത്യാവശ്യ സൗകര്യങ്ങളുമുള്ള വീടുകൾ നിർമ്മിക്കുക എന്ന ചിന്താഗതിയിൽ വലിയ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കയാണിന്ന്. കൊട്ടാരസദൃശമായ ചിലവു കൂടിയ വീടുകൾ എന്ന സ്വപ്നം സമൂഹ മനസ്സിന്റെ ഭാഗമായി കഴിഞ്ഞു. ഭൂമിയുടെ തുണ്ടുവൽക്കരണവും ജനപ്പെരുപ്പവും പാർപ്പിട നിർമ്മാണരംഗത്ത് എല്ലായിടത്തും പ്രശ്നങ്ങളുണ്ടാക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും അണുകുടുംബങ്ങളെന്ന ഘടനയിലേക്കുള്ള ദ്രുതഗതിയിലുള്ള മാറ്റം പാർപ്പിടരംഗത്ത് പുത്തൻ പ്രവണതകളുയർത്തുന്നു. സ്വന്തമായി ഭൂമി കൈവശമില്ലാത്തവർക്ക് വീട് നിർമാണമെന്നത് നാൾതോറും ഒരു പ്രഹേളികയായി മാറിക്കൊണ്ടിരിക്കയാണ്.

പെരിങ്ങളം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൊതുവെ തൃപ്തികരമാണ്. എന്നാൽ വീട് നിർമ്മിക്കാൻ കഴിയാത്തവരും സ്ഥലം ലഭ്യമാണെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും കൂട്ടുകുടുംബമായി താമസിക്കുന്നു.

ഈ പഞ്ചായത്തിൽ മൊത്തം 3012 വീടുകളുണ്ട്. ഇതിൽ 20% വീടുകളിൽ പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാത്തവയാണ്. മൊത്തം വീടുകളിൽ 302 എണ്ണം കുടിലുകളും 1606 എണ്ണം ഒരു നില കെട്ടിടവും 104 എണ്ണം ഇരുനിലകെട്ടിടവും ആണ്. ലക്ഷം വീടുകൾ ആകെ 63 എണ്ണമാണ്.

ആകെ വീടുകളുടെ 40% കോൺക്രീറ്റ് വീടുകളും 52% ഓടു മേഞ്ഞതും ബാക്കി ഓല മേഞ്ഞതുമാണ്. ഇവയിൽ ലക്ഷം വീടുകളും ഉൾപ്പെടുന്നു. ഭൂരിഭാഗം വീടുകളുടേയും തറ സിമന്റോ, മൊസൈക്കോ മാർബിളോ ആണ്. ബാക്കി വീടുകളുടെ തറ പരമ്പരാഗത രീതിയിൽ ചാണകം കൊണ്ടു മെഴുകിയതാണ്. ഗൃഹനിർമ്മാണം മറ്റിടങ്ങളിലെന്ന പോലെ ഈ പഞ്ചായത്തിലും ആർഭാടമായ രീതിയിലാണ് നടത്തി വരുന്നത്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരിൽ സൗകര്യത്തിന്നതീതമായ ഒരു കെട്ടിടസംസ്കാരമാണ് കാണപ്പെടുന്നത്. ഈ കെട്ടിടസംസ്കാരം സാമാന്യജനങ്ങളും അനുകരിക്കുന്നതിനാൽ ആജീവനാന്തം വീടിന്റെ കടബാധ്യത തീർക്കാൻ കഴിയാതെ വരുന്നു. റോഡിനിരുവശത്തുമാണ് വലിയ വീടുകൾ നിർമ്മിച്ചു വരുന്നത്. വയൽ നികത്തി വീടുവെക്കുന്നവരുടെ എണ്ണവും വർദ്ധിച്ചു വരുന്നു. അതുകൊണ്ടു തന്നെ ഈ പഞ്ചായത്തിൽ കൃഷി സ്ഥലങ്ങൾ കുറഞ്ഞു വരുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ട് ഭൂമിയുടെ വിലക്കയറ്റം സാധാരണക്കാരുടെ ഇടയിൽ ഒരു പ്രശ്നമായിട്ടുണ്ട്. കാരണം അധികപേർക്കും ഭൂമി വിലയ്ക്കു വാങ്ങി വീടെടുക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. കഴിഞ്ഞ പത്തു വർഷത്തെ കണക്കു പരിശോധിക്കുമ്പോൾ ഭൂരിഭാഗം വീടുകളും കോൺക്രീറ്റ് മാതൃകയിലാണ് നിർമ്മിച്ചിട്ടുള്ളതെന്നു കാണാം. അതുകൊണ്ടു തന്നെ ഭവനനിർമ്മാണത്തിന് വേണ്ട സാധനസാമഗ്രികൾക്ക് വർഷംതോറും 25% വില വർദ്ധനവ് കാണപ്പെടുന്നു. മാത്രമല്ല കൂലി നിരക്കിലും വമ്പിച്ച വർദ്ധനവുണ്ടായിരിക്കുന്നു. ഒരു വിദഗ്ദ തൊഴിലാളിക്ക് അഞ്ചുകൊല്ലം മുമ്പുണ്ടായിരുന്ന കൂലി 60കയാണെങ്കിൽ ഇന്നു 120 കയായി വർദ്ധിച്ചിരിക്കുന്നു. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വീട് ഇന്നൊരു സ്വപ്നമായി മാറിയിരിക്കയാണ്.

ഈ പഞ്ചായത്തിൽ ഭൂരിഭാഗം വരുന്ന ഇടത്തരക്കാരിൽ അധികവും ഗൃഹനിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സമാഹരണം നടത്തുന്നത് ഹൗസിങ്ങ് ലോൺ, പേർസണൽ ലോൺ എന്നിവയിലൂടെയാണ് പാനൂർ ഹൗസിങ്ങ് സൊസൈറ്റിയുടെ പരിധിയിൽ പെടുന്ന പഞ്ചായത്താണ് പെരിങ്ങളം. ഇതുവരെയായി 35 പേർ ഈ സ്ഥാപനത്തെ ആശ്രയിച്ച് ഇവിടെ വീട് നിർമ്മിച്ചിട്ടുണ്ട്. മൊത്തം വായ്പയായി 967215 ക. സൊസൈറ്റി കൊടുത്തിട്ടുണ്ട്. സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബല, ഇടആരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ദുർബ്ബല വിഭാഗക്കാർക്ക് മാത്രമായാണ് ലഭിക്കുന്നത്. അതുതന്നെ വിരലിലെണ്ണാവുന്ന

പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

| ആകെ വീടുകൾ | കുടിൽ | ഒരു നില | ഇരു നില | ലക്ഷം വീടുകൾ |
|---|---|---|---|---|
| 3012 | 302 | 1606 | 1041 | 63 |

വർക്കും. JRY, IRDP, IAY തുടങ്ങിയ സ്കീമുകൾ വഴി ഈ പഞ്ചായത്തിൽ നാമമാത്രമായി വീടുകൾ പണിതിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ധാരാളം പേർക്ക് വീട് ആവശ്യമുണ്ടെങ്കിലും ബിൽഡിംഗ് സൊസൈറ്റി അതുപോലെ സഹകരണ മേഖലയിലെ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളെ സമീപിക്കാൻ മടിക്കുന്നു. കാരണം വായ്പാ രംഗത്തെ അമിത പലിശ, ലോൺ കിട്ടാൻ വേണ്ടിയുള്ള സാങ്കേതിക നിബന്ധനകൾ ഇതൊക്കെ സാധാരണക്കാരന് താങ്ങാവുന്നതിലുമധികമാണ്. ഈ പഞ്ചായത്തിൽ വീടാവശ്യമുള്ളവർ ധാരാളമുണ്ടെങ്കിലും സാമ്പത്തികമായി പരാധീനതയുള്ളതുകൊണ്ട് കൂട്ടുകുടുംബമായി താമസിക്കുന്നു.

പെരിങ്ങളം പഞ്ചായത്തിൽ ലക്ഷം വീടു കോളനികൾ 6 എണ്ണമുണ്ട്. ഈ കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. വൈദ്യുതി സൗകര്യമുള്ള കോളനികളിൽ ഇലക്ട്രിസിറ്റി ബോർഡ് അമിതമായി ചാർജ്ജ് ഈടാക്കുന്നതായി പരാതി കാണുന്നു. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്ത് വീടു വെക്കാൻ സ്ഥലം അനുവദിച്ചു കൊടുക്കുകയും വീട് വെക്കാതെ സ്ഥലം കൈവശംവെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ചില ആളുകളുണ്ട്. അത്തരക്കാരിൽ നിന്നു ഭൂമി തിരിച്ചുവാങ്ങി അർഹതപ്പെട്ടവർക്ക് ഭൂമി നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വീട് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളധികവും ഈ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് പട്ടണപ്രദേശങ്ങളിൽ പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടു വരാൻ വമ്പിച്ച ചെലവും സമയവും ചെലവഴിക്കേണ്ടിവരുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ക്ഷാമം ഗണ്യമായി അനുഭവപ്പെടുന്നു. വൈദഗ്ദ്യമുള്ള തൊഴിലാളികൾ ഈ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. പുരുഷനും സ്ത്രീയും തമ്മിൽ ഈ രംഗത്ത് കൂലി നിരക്കിൽ വലിയ അന്തരം നിലനിൽക്കുന്നു. പുരുഷൻ 120ക. കൂലി വാങ്ങുമ്പോൾ സ്ത്രീ 70 ക. വാങ്ങുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ സഹായം ലഭ്യമാക്കണം.

2. സ്ഥലപരിധി നോക്കാതെ എല്ലാവർക്കും വീടു വെക്കാൻ വായ്പ അനുവദിക്കണം.

3. വീടിന്റെ നിർമ്മാണ ചെലവ് കുറക്കാൻ നിർമ്മിതി കേന്ദ്രങ്ങൾ ആരംഭിക്കുകയും കുറഞ്ഞ ചെലവിൽ നിർമ്മാണ സാധനങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

## പ്രശ്നങ്ങൾ

1 കെട്ടിടസാമഗ്രികൾ യഥേഷ്ടം കിട്ടാനുള്ള സൗകര്യം ഇല്ലാത്തതുകൊണ്ടുള്ള താങ്ങാനാവാത്ത വിലകയറ്റം.

2. ഭൂമിയുടെവില ക്രമാതീതമായിവർദ്ധിച്ചുകൊണ്ടിരിക്കുന്നു.

3. ഗൾഫ്പണം കൊണ്ടു ഒരുവിഭാഗത്തിനുനേട്ടമുണ്ടെങ്കിലും മറ്റൊരുവിഭാഗത്തിനുദോഷഫലങ്ങളുംഉണ്ടാവുന്നു.

4. വീട്ടാവശ്യത്തിനുബാങ്കിൽനിന്നു വായ്പലഭിക്കാനുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളും സാമ്പത്തികചിലവും

5. ഭൂമിയുടെ വിലക്കയറ്റം കൊണ്ടു സാധാരണക്കാരനു സ്ഥലം വാങ്ങിവീട്വയ്ക്കാൻ കഴിയാത്തഅവസ്ഥ.

6. ചിലവ്കുറഞ്ഞവീട്നിർമ്മിക്കാനവശ്യമായ സാങ്കേതികവിദ്ഗദരുടെ അഭാവം

## സാധ്യതകൾ

1. വീടില്ലാത്ത ആളുകളുടെ സർവ്വെനടത്തി അത്തരം ആളുകളുടെ പേരുവിവരങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുക

2. കെട്ടിട നിർമ്മാണസാമഗ്രികൾ സബ്സിഡിനിരക്കിൽ പാവപ്പെട്ടവെർക്ക് വിതരണംചെയ്യുക.

3. ചെലവുകൂടിയ വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുക

4. ചെലവ്കുറഞ്ഞവീടുകൾ നിർമ്മിക്കാൻ ബോധവൽക്കരണംനടത്തുക

5. ചെലവുകുറഞ്ഞ വീട്നിർമ്മിക്കാൻ നിർമ്മിതികേന്ദ്രം ആരംഭിക്കുക.

**പഞ്ചായത്തിലെ ലക്ഷംവീട് കോളനികളുടെ കണക്ക്**

| ക്രമ നമ്പർ | കോളനികളുടെ പേര് | ഭവാർഡ് | വീടുകളുടെ എണ്ണം |
|---|---|---|---|
| 1. | മീത്തൽ ലക്ഷംവീട് | VI | 23 |
| 2. | കല്ലറക്കാട് ലക്ഷംവീട് | VI | |
| 3. | നീലയിൽ | VII | 9 |
| 4. | വട്ടക്കണ്ടി | VIII | 22 |
| 5. | വലിയപറമ്പ് | VIII | |
| 6. | താഴെപുരയിൽ | IX | 9 |



# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക്താഴെയുള്ള വരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാജ്ജന പരിപാടിയും, പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലു ള്ളത്. ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസന ത്തിനും, വനിതകളുടെ പുരോഗമനത്തിനുമായി വനിതാ വികസനകോർപ്പറേഷൻ, പിന്നോക്കവിഭാഗകോർപ്പറേഷൻ, സാമൂഹ്യക്ഷേമബോർഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നിലവിലുള്ള പദ്ധതിയെക്കുറിച്ച് അറിവില്ലായ്മ കൊണ്ട് അർഹതപ്പെട്ടവർക്ക് ലഭിക്കാത്ത അവസ്ഥയും, ബന്ധപ്പെട്ടവരുടെ അനാസ്ഥയും, ആനുകൂല്യംകിട്ടിയാൽ തന്നെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താനുള്ള കഴി വില്ലായ്മയും കൊണ്ട്തന്നെ പദ്ധതി ഗുണം ചെയ്യുന്നില്ല.

ഈ പഞ്ചായത്തിൽ IRDP ലിസ്റ്റിൽ ഉൾപ്പെട്ട 947 കുടും ബങ്ങളാണ് ഉള്ളത്. SC/ST വിഭാഗത്തിൽപ്പെട്ട 64 കുടുംബ ങ്ങളും ഉണ്ട്. ഗ്രാമ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് 86 കുടുംബങ്ങൾക്ക് 91-95 വരെ സഹായം ലഭിച്ചിട്ടുണ്ട്. സഹായം ലഭിച്ച 80% ആളുകൾ യഥാവിധി പണം തിരിച്ച ടച്ചിട്ടില്ല. ഇതിൽ സ്ത്രീകൾ എടുക്കുന്ന വായ്പ കൃത്യ മായി തിരിച്ചടക്കുന്നു. പുരുഷന്മാർ തിരിച്ചടക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ഈ പഞ്ചായത്തിൽ 3 DWCRA രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 2 എണ്ണം മാത്ര മാണ് ഇന്ന് പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിൽ DWCRA പദ്ധതിപ്രകാരം സഹായം ലഭിച്ചവരുടെ വിവരം.

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്നവരുടെ എണ്ണം | ലാഭകരമായി പ്രവർത്തിക്കുന്നത്. |
|---|---|---|---|---|
| I. | Nil | Nil | Nil | Nil |
| II. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂനിറ്റ് | 1991 | 10 | ലാഭകരമായി പ്രവർത്തിക്കുന്നു. |
| III. | കരിങ്കൽ ജെല്ലി നിർമ്മാണയൂനിറ്റ് | 1991 | 13 | കാര്യക്ഷമമല്ല |
| | ഡയറി യൂനിറ്റ് | | 13 | പ്രവർത്തനം നിലച്ചു. |
| IV. | Nil | Nil | Nil | Nil |
| V. | " | " | " | " |
| VI. | " | " | " | " |
| VII. | " | " | " | " |
| VIII. | " | " | " | " |
| IX. | " | " | " | " |

ഈ പദ്ധതിപ്രകാരം 2 യൂനിറ്റുകളാണ് പ്രവർത്തിക്കുന്നതെങ്കിലും മുഴുവൻ മെമ്പർമാരും പ്രവർത്തിക്കുന്നില്ല. സാങ്കേതികവൈദഗ്ദ്യക്കുറവ്, ഉൽപ്പന്നത്തിന് മാർക്കറ്റ് കണ്ടെത്തൽ, വൻകിട യൂനിറ്റുകളോട് മൽസരിക്കാൻ കഴിവില്ലായ്മ ഇവയൊക്കെ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഓരോ പ്രദേശത്തിനും അനുയോജ്യരായ താൽപര്യമുള്ള ആളുകളെ കണ്ടെത്തി യൂനിറ്റുകൾ തുടങ്ങുകയും യൂനിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം നൽകുവാനും അതതു പ്രദേശത്തെ സന്നദ്ധപ്രവർത്തകരടങ്ങുന്ന ഒരു കമ്മറ്റി രൂപീകരിക്കണം. ഈ യൂനിറ്റുകളിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് കണ്ടെത്തുകയും, സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്താൽ ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പറ്റും.

കഴിഞ്ഞ 5 വർഷംകൊണ്ട് ട്രൈസം പദ്ധതി പ്രകാരം തൊഴിൽ നേടിയവരുടെ എണ്ണം 10 ആണ്. ഇതിൽ സ്വയം തൊഴിൽ മേഖല കണ്ടെത്തിയവർ 2 മാത്രമാണ്. ട്രൈസം പരിശീലനം കൊണ്ട് മാത്രം ഒരു യൂനിറ്റ് തുടങ്ങാനാവശ്യമായ പരിശീലനം ലഭിക്കുന്നില്ല. പ്രാപ്തിയില്ലായ്മ കൊണ്ട്തന്നെ പരിശീലനം കിട്ടിയവർ ഈ പഞ്ചായത്തിൽ മറ്റ് ജോലികൾ ചെയ്തു വരുന്ന സ്ഥിതിയാണ്. മാത്രമല്ല ഒരു യൂനിറ്റ് തുടങ്ങാനാവശ്യമായ സാമ്പത്തിക സഹായം കിട്ടാൻ ബാങ്കിൽ നിന്നും വളരെയേറെ പ്രയാസം നേരിടുന്നു. ബാങ്ക് ഉദാരമായ സമീപനം സ്വീകരിക്കുന്നില്ല.

തൊഴിലാളി ക്ഷേമനിധി പോലുള്ള ആശ്വാസ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ കാര്യക്ഷമമല്ല. എന്നാൽ ഭാഗികമായി കർഷകതൊഴിലാളികളും, നിർമ്മാണതൊഴിലാളികളും തയ്യൽതൊഴിലാളികളും ബാർബർ തൊഴിലാളികളും ക്ഷേമനിധിയിൽ ചേർന്നതായി വ്യക്തമാകുന്നു. മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ ചേർക്കാനുള്ള സന്നദ്ധസംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും സജീവസാന്നിദ്ധ്യം ഈ രംഗത്തേക്ക് കടന്നുവരേണ്ടിയിരിക്കുന്നു.

**ട്രൈസം തൊഴിൽപരിശീലനം നേടിയവരുടെ വിവരങ്ങൾ.**

| വാർഡ് | പരിശീലനം | എണ്ണം |
|---|---|---|
| I | പ്രിന്റിങ്ങ് | 1 |
| | ത്രീവീലർ റിപ്പയർ | 1 |
| II | വെൽഡിങ്ങ് | 2 |
| | റേഡിയോ | 1 |
| | ത്രീ വീലർ | 1 |
| III | പ്രിന്റിങ്ങ് | |
| | കമ്പോസിങ്ങ് | 2 |
| IV | ഇലക്ട്രോണിക്സ് | 1 |
| | മോട്ടോർ വൈന്റിങ്ങ് | 1 |
| V | Nil | Nil |
| VI | " | " |
| VII | " | " |
| VIII | " | " |
| IX | " | " |

ഈ പഞ്ചായത്തിൽ 1996 വരെയുള്ള കണക്കനുസരിച്ച് വിവിധ സഹായങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നവരുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വിധവാ പെൻഷൻ | 81 |
| വാർദ്ധക്യ പെൻഷൻ | 15 |
| വികലാംഗ പെൻഷൻ | 35 |
| കർഷകതൊഴിലാളി പെൻഷൻ | 95 |
| തൊഴിലില്ലായ്മാ വേതനം | 62 |

മുകളിൽ പറഞ്ഞവരെല്ലാം സഹായം ലഭിക്കുന്നതിന് അർഹരാണ്. എന്നാൽ അർഹതയുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും ഇത് ലഭിക്കുന്നില്ല എന്ന് സർവ്വെയിലൂടെ വ്യക്തമായിട്ടുണ്ട്. ക്ഷേമപദ്ധതികളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ രംഗത്ത് മികച്ച പ്രകടനം കാഴ്ചവക്കുന്ന അംഗൻവാടി ഒരെണ്ണം മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. എല്ലാ വാർഡുകളിലും അംഗൻവാടികൾ നിർമ്മിക്കുകയും നിലവിലുള്ള അംഗൻവാടിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുകയും ചെയ്യേണ്ടതുണ്ട്. അംഗൻവാടിയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുകയും ചെയ്യേണ്ടതുണ്ട്. അംഗൻവാടിയിലെ ജീവനക്കാർക്ക് നാമമാത്രമായ വേതനം മാത്രം ലഭിക്കുന്നതുകൊണ്ട് ഈ രംഗത്ത് കടന്നുവരാൻ വനിതകൾ മടിക്കുന്നു. മാത്രമല്ല സ്ഥലവും, ബിൽഡിങ്ങും സംഭാവന ചെയ്യുന്ന അവസ്ഥ ഇവിടെ ഇല്ല. സ്ഥലത്തിന്റെ ഉയർന്ന വില കാരണം ബിൽഡിംഗ് എടുത്തുകൊടുക്കാൻ നാട്ടുകാർക്ക് വളരെ പ്രയാസമാണ്.

ഈ പഞ്ചായത്തിലെ വികലാംഗരെക്കുറിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 13 | 4 | 17 |
| II | 14 | 12 | 26 |
| III | 16 | 7 | 23 |
| IV | 6 | 3 | 9 |
| V | 7 | 9 | 16 |
| VI | 7 | 7 | 14 |
| VII | 24 | 4 | 28 |
| VIII | 13 | 22 | 35 |
| IX | 13 | 17 | 30 |

ഗ്രാമീണ കൈതൊഴിലുകാർക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെ കണക്ക്.

| വാർഡ് ഗ്രാമീണ | IRDP സർവ്വെ പ്രകാരം കൈതൊഴിലുകാരുടെഎണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവർ | കുറിപ്പ് |
|---|---|---|---|---|
| I. | 5 | 5 | Nil | |
| II. | 5 | 5 | " | |
| III. | 10 | 10 | " | |
| IV. | 5 | 5 | " | |
| V. | Nil | Nil | " | |
| VI. | 4 | 4 | " | കാർപ്പന്റിപൈഡ് പോർട്ടി പോർട്ടി കാർപ്പെന്ററി |
| VII. | 2 | 2 | " | പോർട്ടികാർപ്പെന്ററി |
| VIII. | 1 | 1 | " | ഗോൾഡ്സ്മിത്ത് ബഫിങ്ങ്മെഷീൻ |
| IX. | ഈ വാർഡ് സർവ്വെ എടുക്കുമ്പോൾ നിലവിലില്ല. | | | |

സാമൂഹ്യ വനവൽക്കരണ പരിപാടിയിലൂടെ ഉൽപ്പാദിപ്പിച്ച തൈകളുടെ വിവരം.

| വിവരം | 1993 | 1994 | 1995 |
|---|---|---|---|
| മാവ് | 306 | 136 | 36 |
| തെങ്ങ് | 50 | 143 | 93 |
| സപ്പോട്ട | 40 | 50 | 36 |
| ബ്രഡ് ഫ്രൂട്ട് | 20 | 22 | 7 |
| ലമൺസീസ്ലി | 28 | 21 | |
| സിലമൺ | 60 | 10 | |
| ചെറി | 9 | | |
| നെല്ലോ | 100 | 36 | |
| കാവാലയർ | 7 | | |
| നെട്ട്മഗ്ബ്രെറ്റ | 7 | | |
| ബദാം | 7 | | |
| ഉറുമാമ്പഴം | | | 14 |
| കുറ്റിമുല്ല | | | 21 |

### പ്രശ്നങ്ങൾ

1. പലക്ഷേമപദ്ധതികളുടെയും നടത്തിപ്പ് കാര്യക്ഷമമല്ല. ജനങ്ങളിൽ ക്ഷേമപ്രവർത്തനങ്ങൾ എത്തുന്നില്ല. അതുകൊണ്ടുതന്നെ പദ്ധതികൾ സമൂഹത്തിനു ഗുണം ചെയ്യുന്നില്ല.

2. എന്തെല്ലാം പദ്ധതികൾ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുണ്ടെന്ന് ജനങ്ങൾക്കറിയില്ല.

3. IRDP ലിസ്റ്റ് കുറ്റമറ്റതല്ല.

4. IRDP ലോൺ ഗുണഭോക്താക്കൾ ദുർവിനിയോഗം ചെയ്യുന്നു.

5. പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക.

6. ട്രൈസം ട്രെയിനിങ്ങിലൂടെ കടന്നുവരുന്നവർക്ക് സ്വന്തമായി തൊഴിൽ ചെയ്യാനുള്ള കഴിവ് ഉണ്ടാകുന്നില്ല.

7. തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്ന കാര്യത്തിൽ തൊഴിലാളിസംഘടനകൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല.

8. IRDP സ്കീമിൽ വേണ്ടത്ര ആളുകൾ കടന്നു വരുന്നില്ല.

9. എല്ലാ വാർഡുകളിലും അംഗൻവാടികൾ സ്ഥാപിക്കുക.

### സാദ്ധ്യതകൾ

1. IRDP സ്കീമിൽ അർഹരായവരെ മാത്രം തെരഞ്ഞെടുക്കുക. അത് തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തിനെ ഏൽപ്പിക്കുക.

2. വാർഡുകൾ തോറും DWCRA യൂനിറ്റുകൾ സ്ഥാപിക്കുക. യൂനിറ്റുകൾ നടത്താൻ പ്രാപ്തരാക്കും വിധം പരിശീലനം നടത്തുക.

3. യൂനിറ്റുകൾക്കുള്ള ബാങ്കിന്റെ വായ്പാനയം ഉദാരമാക്കുക.

4. മൈത്രീ ഭവനപദ്ധതിയുടെ ഉപഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ മുഖേന തെരഞ്ഞെടുക്കുക.

5. യത്തീംഖാനകൾക്കുള്ള ഗ്രാന്റുകൾ യഥാസമയം വിതരണം ചെയ്യുക.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ധനസഹായത്തോടു കൂടി പെരിങ്ങത്തൂരിൽ പ്രവർത്തിക്കുന്ന ദർസ്‌യത്തീംഖാന ഈ രംഗത്ത് പഞ്ചായത്തിലെ എടുത്തു പറയത്തക്ക സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ കുട്ടികൾ താമസിച്ച് മദ്രസ – ഭൗതിക വിദ്യാഭ്യാസം നടത്തുന്നുണ്ട്.



# 7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഒരുനാടിന്റെ പുരോഗതിക്ക് അടിസ്ഥാനമായി നിൽക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് അവിടുത്തെ ഗതാഗത സൗകര്യം. ഗതാഗതവും വികസനവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു ഏതൊരുപ്രദേശത്തിനും ഗതാഗതത്തിന്റെ കാര്യത്തിൽ തനതായ ഒരു ചരിത്രം ഉണ്ടായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ റോഡ് ഗതാഗതം മാത്രമാണ് ഇന്നു നിലവിൽ ഉള്ളത് ആദ്യകാലങ്ങളിൽ പെരിങ്ങത്തൂർ പുഴയിൽ തോണി വഴിയുള്ള ഗതാഗകസൗകര്യം നിലവിൽ ഉണ്ടായിരുന്നു. പെരിങ്ങളത്തെ റോഡ് ഗതാഗതത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഹൈദരാലിയുടെ പടയോട്ടകാലത്തിനും മുമ്പ്തന്നെ ഉള്ളതാണു ഇന്നത്തെ നിർദ്ദിഷ്ട സ്റ്റേറ്റ് ഹൈവേയുടെ ഭാഗമായ പെരിങ്ങത്തൂർ–മേക്കുന്നു പൂക്കോം റോഡ്. ഫ്രഞ്ച് അധീനപ്രദേശമായ മയ്യഴിയുടെ സമീപ്രദേശവും പ്രമുഖവാണിജ്യകേന്ദ്രവുമായിരുന്ന പെരിങ്ങത്തൂരിലേക്ക് കിഴക്കൻ പ്രദേശങ്ങളിൽ ഏലം, ഇഞ്ചി തുടങ്ങിയ സുഖന്ധദ്രവ്യങ്ങൾ ഈ റോഡ് വഴിയായിരുന്നു എത്തിയിരുന്നത്. 40 വർഷങ്ങൾക്കു മുമ്പ്തന്നെ ഈവഴി ബസ്സ് ഗതാഗതം ഉണ്ടായിരുന്നു.

പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും റോഡ്മാർഗ്ഗം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു വെങ്കിലും വാഹന ഗതാഗതത്തിന് അനുയോജ്യമായ നിലവാരം പുലർത്താത്തവയാണ് മിക്കവയും പഞ്ചായത്തിന്റെ തെക്കും പടിഞ്ഞാറും അതിർത്തിയിലൂടെ കടന്നു പോകുന്ന മീത്തലെ പൂക്കോം–മേക്കുന്നു–പെരിങ്ങത്തൂർ റോഡ് കണ്ണൂർ–കോഴിക്കോട് സ്റ്റേറ്റ് ഹൈവേയുടെ ഭാഗമാണ്. പഞ്ചായത്തിലെ മദ്ധ്യത്തിലൂടെ കീഴ്മാടം– കടവത്തൂർ റോഡും, പെരിങ്ങത്തൂർ–മുക്കിൽപ്പീടിക റോഡും (PWD യുടെ ODR കേറ്റഗറിയിൽ പെട്ടവ) കടന്നു പോകുന്നു. ഇതിന് പുറമെ കാട്ടിമുക്ക്– എല്ലങ്കോട് റോഡ്, അണിയാറം ശിവക്ഷേത്രം റോഡ് (പഞ്ചായത്ത് റോഡ്) എന്നിവയും ബസ്സ് ഗതാഗതയോഗ്യമായ പ്രധാന റോഡുകളാണ്. ഇത് കൂടാതെ പഞ്ചായത്തിന്റെ അധീനതയിൽഉള്ള പ്രധാന റോഡുകളാണ് ബാവാച്ചിറോഡ് കുനിയിൽ പീടിക–കിഴക്കുമ്പ്രം റോഡ്, മുക്കിൽ പീടിക– അത്യച്ചൽ റോഡ്, കണ്ണംവെള്ളി–പുല്ലൂക്കര റോഡ് എന്നിവ. മേൽപറഞ്ഞ റോഡുകൾ പഞ്ചായത്തിന്റെ മൊത്തം വിസൃതിയെ തുല്യമായിതന്നെ വിഭജിച്ചിരിക്കുന്നു ഈ റോഡുകളെ പരസ്പരംബന്ധിപ്പിക്കുന്ന അനേകം ലിങ്ക് റോഡുകളും ചേർന്ന നല്ലൊരു റോഡ് ലെഔട്ടാണ് പഞ്ചായത്തിൽ ഉള്ളത്. ഈ റോഡുകളുടെ എല്ലാം പ്രാരംഭപ്രവർത്തനം സന്നദ്ധപ്രവർത്തനത്തിലൂടെയാണ് നടന്നിരുന്നത്.

10.56 ച.കി.മി. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 45.976 കിലോമീറ്ററാണ്. ഇതിൽ 19.952 കിലോമീറ്റർ ടാർ ചെയ്തറോഡും 26.024 കി.മി. ടാർ ചെയ്യാത്തറോഡുമായണ്. പഞ്ചായത്തിലെ റോഡ് ശരാശരി 4.3 കിലാമീറ്റർ/ചതുരശ്രകിലോമീറ്റർ ആണ് ഇത് സംസ്ഥാനറോഡ് ശരാശരിയെക്കാൾ 1.1 കി.മി. കൂടുതൽഡ ആണ് ഇത് കൂടാതെ 2 കി.മി. നീളത്തിൽ പൂക്കോം – എല്ലാങ്കോട് കനാൽ റോഡും ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് സൗകര്യം താഴെ കൊടുത്തപട്ടിക സുചിപ്പിക്കുന്നു.

**പട്ടിക – 1**

| ക്രമ നമ്പർ | ഇനം | എണ്ണം | നീളം കി.മീ. | ഉപരിതലം |
|---|---|---|---|---|
| 1 | സ്റ്റെയിറ്റ് ഹൈവേ | 1 | 4.800 | ടാർ |
| 2 | P.W.D റോഡ് | 2 | 5.500 | ടാർ |
| 3 | പഞ്ചായത്ത് റോഡ് | 6 | 9.652 | ടാർ |
| 4 | പഞ്ചായത്ത് റോഡ് | 42 | 24.024 | ചരൾ |
| 5 | കനാൽ റോഡ് | 1 | 2.00 | ചരൾ |

അവലംബം ദ്വിതീയവിവരശേഖരണം

പഞ്ചായത്തിലെ പ്രധാന ബസാറുകളാണ്. പരിങ്ങത്തൂർ, പൂക്കോം, മുക്കിൽപീടിക, കീഴ്മാടം എന്നിവ. ഈ ബസാറുകളിൽ 10 മുതൽ 25 വരെ ഒട്ടോകളും ടാക്സികാറുകളും ജീപ്പുകളും പാർക്ക് ചെയ്ത് സർവ്വീസ് നടത്തുന്നുണ്ട്. പെരിങ്ങത്തൂരിൽ മാത്രമാണ് ഇത്തരം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ കുറച്ചെങ്കിലും സ്ഥലസൗകര്യമുള്ളത്. പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ പെരിങ്ങത്തൂരിൽ മാത്രമെ ഒരു സ്ഥിരം ബസ്സ് വെയിറ്റിങ്ങ് ഷെഡ് ഉള്ളൂ. ഇത് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിൽ ഉള്ളതാണ്. മറ്റ് ചില ബസ്സ് സ്റ്റോപ്പുകളിൽ താൽകാലിക ബസ്സ് വെയിറ്റിങ്ങ് ഷെഡുകൾ ഉണ്ട്.

## പ്രശ്നങ്ങൾ

പഞ്ചായത്തിലെ റോഡുകളുടെ മൊത്തത്തിലുള്ള നിലവാരമില്ലായ്മ ഗതാഗതത്തെ സാരമായി ബാധിച്ചിരിക്കുന്നു. വർദ്ധിച്ചു വരുന്ന വാഹനസാന്ദ്രത, റോഡ് സൈഡിലെ കെട്ടിടനിർമ്മാണം, നീരൊഴുക്കുകളുടെ തടസ്സപ്പെടുത്തൽ എന്നിവയാണ് റോഡ് നിലവാരമില്ലായമയുടെ പ്രധാന കാരണങ്ങൾ. മിക്ക റോഡുകളും വയലുകളിൽ കൂടിയും ജലം കെട്ടിക്കിടക്കുന്ന താഴന്ന പ്രദേശങ്ങളിൽ കൂടിയുമാണ് പോകുന്നത്. വീട് നിർമ്മാണത്തിനും മറ്റ് സ്വകാര്യ ആവശ്യങ്ങൾക്കുമായി വയൽ നികത്തപ്പെടുമ്പോൾ വെള്ളം ഒഴിഞ്ഞുപോകാനുള്ള ഏകമാർഗ്ഗം റോഡുകൾ മാത്രമായിത്തീരുന്നു. മിക്ക റോഡുകളും സന്നദ്ധ പ്രവർത്തനത്തിലൂടെയും പഞ്ചായത്തിന് പലപ്പോഴായി കിട്ടിയ ചെറിയ ഗ്രന്റുകളും ഉപയോഗിച്ച് തീർത്തവയാണ്. ഫണ്ടിന്റെ പരിമിതി കാരണം വേണ്ടത്ര നിലവാരത്തിലല്ല റോഡുകൾ പൂർത്തീകരിച്ചിത്. ശരിയായ രീതിയിലുള്ള ഓവ് പാലങ്ങളുടെ അഭാവം, റോഡ് വിതാനത്തിന്റെ ഉയർച്ചയിലുള്ള കുറവ് എന്നീ കാരണങ്ങളാൽ മഴക്കാലത്ത് പഞ്ചായത്തിലെ റോഡുകൾ ഭൂരിഭാഗവും തകർന്നുപോകുന്നു. പല ലിങ്ക് റോഡുകളും വേണ്ടത്ര വീതിയില്ലാത്തവയാണ്.

പ്രധാന ബസാറുകളിൽ പാർക്കിംഗ് ഷെഡ് ഇല്ലാത്തതിനാൽ റോഡ് സൈഡിൽ തന്നെയാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. ഇത് ബസ് ഗതാഗതത്തിന് പലപ്പോഴും തടസ്സമാവാറുണ്ട്. മിക്ക ബസ്സ് സ്റ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡുകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് യാത്ര ദുഷ്കരമാവുന്നു.

## സാധ്യതകൾ

1. 8 മീറ്റർ വീതിയുള്ള P.W.D റോഡുകൾ ഹൈവിട്രാഫിക്കിനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള പദ്ധതി.
2. 8 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡുകളുടെ ഉപരിതലം 3.40 മീറ്ററിൽ നിന്നും 4 മീറ്റർ ആക്കി ടാർ ചെയ്യാനുള്ള പദ്ധതി.
3. എല്ലാ റോഡുകൾക്കും ഓവ്ചാലുകൾ നിർമ്മിക്കാനുള്ള പദ്ധതി.
4. നീർകെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ കൾവെർട്ട് നിർമ്മിക്കൽ.
5. പൂർത്തികരിക്കപ്പെടേണ്ട റോഡുകൾ പൂർത്തികരിക്കാനുള്ള പദ്ധതി.
6. ആവശ്യമുള്ള ഇടങ്ങളിൽ നടപ്പാതയുടെ നിർമ്മാണം.
7. പഞ്ചായത്ത് അതിർത്തിയിലുള്ള എലിത്തോട് പാലം പുതിക്കി പണിയൽ.
8. ലിങ്ക് റോഡുകളുടെ വീതി കൂട്ടാനുള്ള പദ്ധതി.
9. റോഡുകൾ കുറഞ്ഞ വാർഡുകളിൽ മുൻഗണനാ അടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കൽ.
10. റോഡുകളുടെ അറ്റകുറ്റപണികൾക്കും നിർമ്മാണത്തിനും സന്നദ്ധസേവനം ഉപയോഗപ്പെടുത്തൽ.
11. റോഡ് സംരക്ഷണത്തിന് പ്രാദേശിക സമിതികളുടെ രൂപീകരണം.
12. സന്നദ്ധ പ്രവർത്തനത്തിലൂടെയും സ്പോൺസറിംഗിലൂടെയും ബസ്സ് വെയിറ്റിഗ് ഷെഡുകളുടെ നിർമ്മാണം

## ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പ്രധാന റോഡുകളിൽ കൂടി KSRTC ബസ്സ് ഗതാഗതം ഏർപ്പെടുത്തുക.
2. പുതിയ റോഡുകളും നടപ്പാതകളും നിർമ്മിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കൽ.
3. നിലവിൽ ടാർ ചെയ്യാത്ത റോഡുകൾ ടാർ ചെയ്യാനുള്ള പദ്ധതി. പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് |
|---|---|---|
| 1 | I | പൂക്കോം – എലാങ്കോട് കനാൽ റോഡ്. |
| 2 | I | മി. പുക്കോം – മേനാരത്ത്മുക്ക് റോഡ്. |
| 3 | I | തുണ്ടായിമുക്ക് – ചായിലോട് – പുല്ലൂക്കര റോഡ്. |
| 4 | II | കണ്ണം വെള്ളി – പുല്ലൂക്കര റോഡ് |
| 5 | III | കുനിയിൽ പീടിക – കിഴക്കുമ്പ്രം റോഡ് |

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് |
|---|---|---|
| 6 | III | കല്ലുമ്പ്രം – കൊച്ചിയങ്ങാടി റോഡ് |
| 7 | III | മുള്ളാട്ടിൽ – കിളീന്റവിട റോഡ് |
| 8 | IV | ഇടക്കുടി – കയ്യാൽ റോഡ് |
| 9 | IV | കൊച്ചിയങ്ങാടി – കുടത്തിൽ റോഡ്. |
| 10 | IV | കൊച്ചിയങ്ങാടി – തട്ടാങ്കണ്ടി റോഡ്. |
| 11 | IV | പാറക്കണ്ടി – മണികണ്ഠൻ കോവിൽ റോഡ്. |
| 12 | V | മുർക്കോത്ത്കണ്ടിതാഴെ – നടമ്മൽ റോഡ് |
| 13 | V | വലിയപറമ്പ് മുക്ക് – ഇടക്കുടി താഴെ റോഡ് |
| 14 | V | കുയ്യാലിൽ – വിഷ്ണുവിലാസം U.P.S റോഡ്. |
| 15 | V | മുക്കിൽപീടിക – പഞ്ചായത്ത് ആഫീസ് റോഡ്. |
| 16 | V | കൊറുക്കച്ചാംകണ്ടിമുക്ക് – ചിറ്റുള്ളതിൽ റോഡ്. |
| 17 | VI | കല്ലറമുക്ക് – കുരുന്താറ്റിൽ റോഡ്. |
| 18 | IX | അണിയാരം പോസ്റ്റ് ഓഫീസ് – ശിവക്ഷേത്രം റോഡ്. |

## പട്ടിക – 3

## പഞ്ചായത്ത് ഉടമസ്ഥയിലുള്ള റോഡുകൾ

| ക്രമ നമ്പർ | പേര് | നീളം (കി.മീ.) | വീതി (മീറ്റർ) | ഉപരിതലം |
|---|---|---|---|---|
| 1 | പൂക്കാം – കണ്ണംവെള്ളി | 1.465 | 8 m | ടാർ |
| 2 | അണിയാരംശിവക്ഷേത്രം | 2.400 | 8 m | ടാർ |
| 3 | പെരിങ്ങത്തൂർ–അണിയാരം (ബാവാച്ചിറോഡ്) | 2.166 | 4m | ടാർ |
| 4 | കുനിയിൽപീടുക–കിഴക്കുമ്പ്രം | 2.210 | 5 m | ടാർ |
| 5. | മുക്കിൽപീടിക–അത്യന്നൂർ | 0.911 | 4 m | ടാർ |
| 6 | കണ്ണംവെള്ളി–പാനൂർ | 0.500 | 5 m | ടാർ |
| 7 | കല്ലുമ്മൽ പറമ്പ്–കാടാങ്കുനി | 1.000 | 4m | ചരൾ |
| 8 | തെക്കേമഠത്തിൽ –താഴത്തങ്ങാട് | 1.000 | 4m | ചരൾ |
| 9 | കാട്ടിൽപീടിക–താഴെനീലയിൽ ലക്ഷം വീട്റോഡ് | 0.200 | 4m | ചരൾ |
| 10 | തുണ്ടായിമുക്ക്–ചായിലോട്ട് | 1.200 | 4m | ചരൾ |
| 11 | മൂർക്കോത്ത്കണ്ടി–നടമ്മൽ | 1.905 | 4m | ചരൾ |
| 12 | അരയാക്കണ്ടി–കല്ലുമ്പ്രത്ത് | 0.840 | 4m | ചരൾ |
| 13 | കൊച്ചിയങ്ങാടി–അരയാക്കണ്ടി | 0.850 | 4m | ചരൾ |

| | | | | |
|---|---|---|---|---|
| 14 | എലിക്കൊത്തീന്റവിട-എടക്കുഴി | 0.700 | 4m | ചരൾ |
| 15 | കല്ലറപറമ്പ് - പാലോറത്ത് | 0.875 | 5m | ചരൾ |
| 16 | വലിയപുരയിൽ-പലിയപറമ്പ് | 0.800 | 5m | ചരൾ |
| 17 | കൊച്ചിയങ്ങാടി-തട്ടാക്കണ്ടി | 0.850 | 4m | ചരൾ |
| 18 | മാക്കാളിപറമ്പ് -ശ്മശാനറോഡ് | 0.475 | 4m | ചരൾ |
| 19 | ചാത്തോത്ത്പറമ്പ-നീലയിൽ ലക്ഷം വീട് കോളനി | 0.430 | 4m | ചരൾ |
| 20 | നാലുകണ്ടി-തുണ്ടിയിൽ | 0.275 | 4m | ചരൾ |
| 21 | മടവനാണ്ടി-കൊയപ്പാൾകുളം | 0.600 | 4m | ചരൾ |
| 22 | മീത്തലെപറമ്പ്-കൊളായി | 0.390 | 4m | ചരൾ |
| 23 | തിയുങ്ങാടത്ത്പറമ്പ്-പെരിങ്ങത്തൂർ മെയിൻറോഡ് | 0.600 | 4m | ചരൾ |
| 24 | പുത്തലത്ത്-മുള്ളാട്ടിൽ | 0.235 | 4m | ചരൾ |
| 25 | കുഞ്ഞിത്തയ്യുള്ളതിൽ-പാറക്കണ്ടി | 0.730 | 4m | ചരൾ |
| 26 | അണിയാരംവായനശാല-ശിവക്ഷേത്രം റോഡ് | 0.570 | 4m | ചരൾ |
| 27 | തളിയിൽ മീത്തൽ-കുലാലകോളനി | 0.757 | 4m | ചരൾ |
| 28 | കരക്കണ്ടത്തിൽപീടിക-കാടാങ്കനി | 0.530 | 4m | ചരൾ |
| 29 | കളരിക്കണ്ടിമുക്ക്-ഭവാരിമീത്തിൽ | 0.510 | 4m | ചരൾ |
| 30 | കൊടക്കാട് സ്രാമ്പി-വട്ടക്കണ്ടിലക്ഷംവീട് | 0.990 | 4m | ചരൾ |
| 31 | കാക്രന്റവിടമുക്ക്-കളരിയുള്ളതിൽ | 0.333 | 4m | ചരൾ |
| 32 | കല്ലുകൊത്ത്കണ്ടി-വലിയപീടികയിൽ | 0.505 | 4m | ചരൾ |
| 33 | പുല്ലാത്തോട്മുക്ക്-കൊട്ടക്കേന്റവിട | 0.615 | 4m | ചരൾ |
| 34 | നന്നാടത്തിൽ-വള്ളുകണ്ടിമുക്ക് | 0.288 | 3m | ചരൾ |
| 35 | കല്ലുമ്മൽപീടിക-കണിച്ചാങ്കണ്ടി | 0.520 | 4m | ചരൾ |
| 36 | പുത്തമ്പുരയിൽ-നള്ളങ്കണ്ടി | 0.240 | 4m | ചരൾ |
| 37 | പഞ്ചാ:ആഫീസ്മുക്ക്-രയരോത്ത് കണ്ടി | 0.915 | 3.50m | ചരൾ |
| 38 | മീ.പുക്കോം-കുന്നോത്ത്പീടിക | 0.432 | 4m | ചരൾ |
| 39 | ശ്രീനാരായണമഠം-രാമത്ത്പോയിൽ | 0.800 | 4m | ചരൾ |
| 40 | വടക്കയിൽ മുക്ക്-അണിയാരം LPS | 0.530 | 4m | ചരൾ |
| 41 | നടുവിലെത്താഴ-താവത്ത് | 0.340 | 4m | ചരൾ |
| 42 | പുതിയവീട്ടിൽമുക്ക്-നടുവിലേടത്ത് | 0.340 | 4m | ചരൾ |
| 43 | ബാഫക്കിസൗധം-കണ്ടത്തിൽപീടിക | 0.114 | 3m | ചരൾ |
| 44 | ബാഫക്കിസൗധം-വാളപ്പിൽപീടിക | 0.130 | 3.4m | ചരൾ |
| 45 | കുയ്യാൽമുക്ക്-എലിക്കൊത്തീൻവിടമുക്ക് | 0.300 | 3m | ചരൾ |
| 46 | വലിയാണ്ടിപീടിക-കുറ്റേരീന്റവിട മുക്ക്മുതൽ-പുനത്തിൽമുക്ക് | 0.250 | 21/2m | ചരൾ |
| 47 | ചായിലോട്ട്-വട്ടപറമ്പത്ത് | 0.300 | 3m | ചരൾ |
| 48 | നള്ളകാണ്ടിമുക്ക്-കിഴക്കേവളപ്പിൽമുക്ക് | 0.500 | 3m | ചരൾ |
| 49 | പൂക്കോം-അണിയാരം കനാൽ റോഡ് | 2.000 | 3m | ചരൾ |

അവലംബം ദ്വിതീയവിവരശേഖരണം

# ഊർജ്ജം

രാജ്യപുരോഗതിയുടെ അടിസ്ഥാനഘടകങ്ങളിൽ ഏറ്റവും പ്രാധാന്യപ്പെട്ടതാണ് ഊർജ്ജം. ഒരു പ്രദേശത്തിന്റെ ഊർജ്ജലഭ്യത അവിടുത്തെ വിസകനവുമായി ബന്ധപ്പെട്ടിരിക്കുന്നു. വൈദ്യുതിയും വൈദ്യതേതര ഉർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ പാചകവാതകം, പെട്രോൾഉത്പന്നങ്ങൾ തുടങ്ങിയവയെല്ലാം ആധാരമാക്കിക്കൊണ്ടുള്ള ആസൂത്രണമാണ് ഊർജ്ജാസൂത്രണം വ്യവസായങ്ങൾ കൃഷി, ഗതാഗതം. വാർത്താവിനിമയം, ഗാർഹികാവശ്യങ്ങൾ തുടങ്ങിഎല്ലാ തുറകളിലും ഉർജ്ജത്തിന്റെ ആവശ്യകതയുണ്ട്.

പഞ്ചായത്തിലെ പ്രാധാന ഊർജ്ജസ്രോതസ്സുകൾ വൈദ്യുതി, എണ്ണ, വിറക് ജൈവദ്രവ്യങ്ങൾ എന്നിവയാണ്. പഞ്ചായത്തിലെ ഊർജ്ജആവശ്യങ്ങളെ പൊതുവായി വ്യവസായം, കൃഷി വ്യാപാരം, ഗാർഹിക എന്നിങ്ങനെയായിതരംതിരിക്കാം വ്യാവസിക മേഖലയിൽ പ്രധാനമായും വൈദ്യുതിയെയാണ് ആശ്രയിക്കുന്നത്. ഗാർഹികം ഉപയോഗങ്ങളിൽ പാചകത്തിനായി പ്രധാനമായും വിറകിനെയാണ് ആശ്രയിക്കുന്നത്. ചില സമ്പന്ന വീടുകളിലെങ്കിലും പാചകവാതകം ഉപയോഗിക്കുന്നുണ്ട്. ഇത് ഏകദേശം 5% ൽ താഴെ മാത്രമേ വരികയുള്ളൂ 1990 ന് ശേഷമാണ് പാചകവാതക ഉപയോഗം വർദ്ധിച്ചു തുടങ്ങിയത്. ഇത്തരം വീടുകളിൽ പാചകത്തിനായി വിറകടുപ്പുകളും മണ്ണെണ്ണസ്റ്റൗവും ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രതിവർഷം 68,800 ലിറ്റർ മണ്ണെണ്ണ ഉപയോഗിച്ചുവരുന്നു. ദക്ഷത കൂടിയ വിറകടുപ്പുകൾ വിരലിലെണ്ണാവുന്നത് മാത്രമാണ് ഉള്ളത്.

വെളിച്ചത്തിനുള്ള പ്രാധാന ഊർജ്ജസ്രോതസ്സ് വൈദ്യുതിയാണ്. ചുരുക്കം വീടുകളിൽ ഇപ്പോഴും മണ്ണെണ്ണ തന്നെയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ വൈദ്യുതി വിതരണം പൊന്ന്യം, പാനൂർ സബ്സ്റ്റേഷനുകളിൽ നിന്നാണ് പാനൂർ ചൊക്ലി എന്നീ സെക്ഷൻ ഓഫീസുകൾക്ക് കീഴിലുള്ളവരാണ് പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ. വൈദ്യുതിവിതരണത്തിന്റെ ഭാഗമായി താഴെപൂക്കോം മീത്തലെപൂക്കോം കണ്ണംവെള്ളി കീഴ്മാടം, കനതീർത്ഥം അണയാരം, പാലിലാണ്ടിപീടിക കുനിയിൽ പീടിക, മുക്കിൽപീടിക, നെല്ലൂർ താഴ,കൊച്ചിലങ്ങാടി പെരിങ്ങത്തൂർ എന്നിവടങ്ങളിലായി 12 LT ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നിട്ടും പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാനറോഡുകളിൽ സ്ടീറ്റി ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് ആകെ 135 ബൾബുകളും ഒരു ട്യൂബും 18 സോഡിയംവേപ്പർ ബൾബുകളും സ്ട്രീറ്റ് ലൈറ്റ് സംവിധാനത്തിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി പ്രതിമാസം 2374/50 രൂപ പഞ്ചായത്ത് വൈദ്യുത ബോർഡ് അടക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നുണ്ട്. പ്രാധാന ജനസഞ്ചാര റോഡുകളിൽ സ്ട്രീറ്റ് ലൈറ്റിന്റെ അഭാവം ഉണ്ട്. ഇനിയും വൈദ്യുതകണക്ഷൻ കിട്ടാത്തവർ പഞ്ചായത്ത് പരിധയിലുണ്ട് വിറക് ലഭ്യത കുറഞ്ഞുവരുന്നുണ്ട്. അടുക്കളിയിലെ പുക സ്ത്രീകളുടെ ആരോഗ്യത്തിന് ഹാനികരമൂവുന്നുണ്ട് ദക്ഷതകൂടിയതും പുകയില്ലാത്തതുമായ അടുപ്പുകളുടെ പ്രാധാന്യത്തെക്കുറിച്ച് സ്ത്രീകൾ വേണ്ടത്ര ബോധവാന്മാരല്ല. വൈദ്യുതി ആർഭാടമായി ഉപയോഗിക്കുന്നവർ ധാരാളമായുണ്ട്

## സാധ്യതകൾ:

1. ദക്ഷതകൂടിയ വിറകടുപ്പുകൾ (പരിഷത്തടുപ്പ് ) വ്യാപകമാക്കുക.
2. പ്രസരണനഷ്ടം കുറയ്ക്കാനായി വൈദ്യുത ലൈനിൽ തൊടുന്നവൃക്ഷശിഖരങ്ങൾ സന്നദ്ധസേവനത്തിലൂടെ മുറിച്ചുമാറ്റുക.
3. അനാവശ്യമായി വൈദ്യുതി ഉപയോഗിക്കുന്നതിന് എതിരായുള്ള ബോധവൽക്കരണം.
4. പഞ്ചായത്ത് സ്ഥാപിച്ച സോഡിയം വേപ്പർ ലാമ്പുകൾക്ക് പകരം ഫ്ളൂറസന്റ് റ്റ്യൂബ് സ്ഥാപിക്കുക.
5. പഞ്ചായത്തിൽ പവ്വർലൈൻ മാപ്പിംഗ് നടത്തി LT ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുന:ക്രമീകരിക്കുകയും പുതിയവസ്ഥാപിക്കുകയും ചെയ്യുക
6. ആവശ്യമായ സ്ഥലങ്ങളിൽ ത്രീഫെയ്സ് സംവിധാനം നടപ്പാക്കുക.
7. ഊർജ്ജലാഭം നല്കുന്ന വൈദ്യുത ദീപങ്ങൾ (CFL) കാറ്റ് സൗരോർജ്ജം എന്നിവകൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ മുതലായവയുടെ പ്രചരണം

8 കുന്നോത്ത്പറമ്പ് പഞ്ചായത്തിലെ മത്തിക്കുന്ന് ഭാഗത്ത് ഒരു ഡീസൽ നിലയം സ്ഥാപിച്ചാൽ സമീപ പ്രദേശങ്ങളിലെ വൈദ്യുത ക്ഷാമം പരിഹരിക്കാം.

9. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സഹായവും മാർഗ്ഗനിർദ്ദേശവും നല്കുക.

**ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ**

1. വാർഡുകളിലെ പ്രധാന റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
2. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ LT ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക
3. അനർട്ടിന്റെ ഒരു യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിന് ഒന്ന് എന്ന നിലയിൽ പെരിങ്ങളത്ത് സ്ഥാപിക്കുക

4 അനാവശ്യമായ സ്ഥലത്ത് വൈദ്യുത വിതരണം നടത്തുക

5. L.P.G. എജൻസി പഞ്ചായത്ത് പരിധിയിൽ അനുവദിക്കുക.

6. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും നടപ്പിലാക്കുക.

7 കീഴ്മാടം ബസാറിലെ റോഡിന്റെ മധ്യത്തിലുള്ള വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുക.

8. ഇലട്രിസിറ്റി ലൈൻമാൻമാരുടെ പ്രവർത്തന നിയന്ത്രണം ഗ്രാമപഞ്ചായത്തിനു നല്കുക.

9. മൂക്കിൽ പീടികയിൽ KSEB ക്യാഷ് കൗണ്ടർ സ്ഥാപിക്കുക.

# മാർക്കറ്റ്

പഞ്ചായത്തിലെ വ്യവസായിക കാർഷിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്ന കാര്യം പരിഗണിക്കുമ്പോൾ മാർക്കറ്റിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. ഇന്ന് പഞ്ചായത്തിലെ കാർഷിക വ്യവസായിക വിപണനത്തിന് ആയി ആശ്രയിക്കുന്നത് പഞ്ചായത്തിന് പുറത്തുള്ള ബസാറുകളെയാണ്. ഇത് കാരണം ഉല്പാദകന് ന്യായമായ വിലകിട്ടുന്നില്ല.ഉല്പാദനചെലവ് , കൂടുകയും ചെയ്യുന്നു.

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റിന്റെ അഭാവമുണ്ട് സഹകരണ അടിസ്ഥാനത്തിൽ സാമൂഹ്യബോധത്തോട് കൂടി പ്രവർത്തിക്കുന്ന ഒരു പൊതുമാർക്കറ്റ് രൂപപ്പെടുത്താൻ കഴിയേണ്ടതുണ്ട്. ഇന്ന് പഞ്ചായത്തിൽ മത്സ്യ-മാംസമാർക്കറ്റിനായി ഒരു സ്ഥിരം കെട്ടിടം പ്രവർത്തിക്കുന്നുണ്ട് പഞ്ചായത്തിലെ മറ്റ് പ്രധാന ബസാറുകളിലും ഇത്തരം മാർക്കറ്റിന്റെ സാധ്യത പരിശോധിക്കേണ്ടതുണ്ട്.

**സാധ്യതകൾ**

1. പഞ്ചായത്തിലെ കാർഷിക ഉല്പന്നങ്ങളായ കുരുമുളക് അടക്ക, നാളികേരം, കശുവണ്ടി തുടങ്ങിയവ വിപണനം നടത്തുന്നതിനുള്ള സഹകരണം സംഘടങ്ങളുടെ രൂപികരണം.
2. പഞ്ചായത്തിലെ പ്രധാന ബസാറുകളിൽ ആഴ്ച ചന്തകളും മാസചന്തകളോ തുടങ്ങുക.
3. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് വേണ്ടി പ്രധാന കേന്ദ്രങ്ങളില മാവേലിസ്റ്റോറുകൾ പോലുള്ള പൊതു വിതരണ കേന്ദ്രങ്ങളുടെ രൂപീകരണം
4. പ്രധാനബസാറുകളിൽ മത്സ്യ-മാംസ മാർക്കറ്റുകൾക്ക് സ്ഥിരം കെട്ടിടം പണിയൽ



# 8. സംസ്കാരം

അഭിമാനാർഹമായ ഒരു സാംസ്കാരിക പൈതൃകം പെരിങ്ങളത്തിനുണ്ട്. ഋതു സംക്രമണങ്ങളിലൂടെ പ്രവഹിച്ചെത്തിയ വിഭിന്ന സ്രോതസ്സുകൾ ആ സംസ്കൃതിയെ പരിപോഷിപ്പിച്ചു. ഗ്രാമത്തനിമയും, പഴമയും ഉൾച്ചേർന്ന നാടൻ കലാരൂപങ്ങളും ആചാരവിശേഷങ്ങളും ഉത്സവാഘോഷങ്ങളും ഈ മണ്ണിൽ തഴച്ചു വളർന്നു. ഗ്രാമീണ മനസ്സുകളിൽ നിലക്കാത്ത ആഹ്ലാദത്തിന്റെ അലകളുയർത്തിക്കൊണ്ട് ഈ കലാരൂപങ്ങൾ തലമുറകളോടൊപ്പം സചേതനമായി നിലനിന്നു. എന്നാൽ ആധുനിക പരിഷ്കാരത്തിന്റെ ഹൃദയശൂന്യമായ തള്ളിക്കയറ്റവും ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഭ്രാന്തമായ കടന്നാക്രമണവും തനതു കലകളെയും ആചാര വിശേഷങ്ങളെയും നാട്ടരങ്ങുകളുടെ പിൻപുറങ്ങളിലേക്ക് തള്ളിവിടുന്ന കാഴ്ച ഹൃദയവേദനയോടെ നാമിന്നു കാണുന്നു.

## ആരാധനാലയങ്ങൾ

പെരിങ്ങളത്തെ ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളാണെങ്കിലും നല്ലൊരു വിഭാഗം മുസ്ലീങ്ങളുമുണ്ട്. ഹിന്ദുക്കളിൽ 80% പിന്നോക്ക വിഭാഗക്കാരാണ്. പട്ടികജാതിക്കാർ 2% ത്തിൽ കുറവാണ്. ഹിന്ദുക്കളിൽ തനിമയാർന്ന സാംസ്കാരിക സവിശേഷത പുലർത്തുന്ന രണ്ട് സമുദായക്കാർ ഇവിടെയുണ്ട്. പൂക്കോംകണ്ണംവെള്ളി പ്രദേശത്ത് കൂട്ടംചേർന്ന് താമസിക്കുന്ന ശാലിയ സമുദായക്കാരും കനകമല ഭാഗത്തുള്ള കുലാലന്മാരും. കരകൗശല കൈത്തൊഴിൽ വിദഗ്ദരെന്ന നിലയിൽ മാത്രമല്ല സ്വന്തമായ പാരമ്പര്യ സ്രോതസ്സുകൾ ഉൾക്കൊണ്ട ജീവിതരീതി പുലർത്തുന്നവർ എന്ന നിലയിലും ഇവർ ശ്രദ്ധേയരാണ്.

അലിയൂൽ കൂഫി എന്ന സൂഫി വര്യന്റെ വരവോട് കൂടി ഇസ്ലാമിക സംസ്കാരവും ഇവിടെ എത്തി. ബർമ്മ, സിലോൺ തുടങ്ങിയ രാജ്യങ്ങളിലും നാട്ടിലും മുസ്ലിങ്ങൾ വളരെ മുമ്പ് തന്നെ വ്യാപാരത്തിൽ വ്യാപൃതരായിരുന്നു. അന്യരാജ്യങ്ങളുമായുള്ള ബന്ധവും ഇവരുടെ സാംസ്കാരിക പുരോഗതിക്ക് കാരണമായി. ഹിന്ദു ആരാധന കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടത് അണിയാരം ശിവക്ഷേത്രം, കൊയപ്പാൾ ഭഗവതി ക്ഷേത്രം, മൊയിലോത്ത് ശിവക്ഷേത്രം, കനകമലയിലെ തീർത്ഥസ്ഥാനങ്ങൾ എന്നിവയാണ്. പുരാതനകാലത്ത് കനകമലയുടെ മുകളിൽ ഒരു ക്ഷേത്രമുണ്ടായിരുന്നു. മലയുടെ തെക്ക് കിഴക്ക് നാമാവശേഷമായ ക്ഷേത്രങ്ങളുടെ അവശിഷ്ങ്ങൾ ഇപ്പോഴും കാണാം. പൂക്കോംകണ്ണംവെള്ളി തെരുവുകളിൽ ഒരു ശിവക്ഷേത്രവും മൂന്ന് ഗണപതി ക്ഷേത്രങ്ങളുമുണ്ട്. പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും ശ്രീ നാരായണ മഠങ്ങളുണ്ട്. മുസ്ളീം ആരാധനാലയങ്ങളിൽ പ്രധാനം പെരിങ്ങത്തൂർ പള്ളിതന്നെ ആയിരക്കണക്കിനാളുകൾ പള്ളി സന്ദർശിക്കുകയും നേർച്ചകൾ നൽകുകയും ചെയ്യുന്നു. പെരിങ്ങത്തൂർ ദർസ്യത്തീംഖാന ഈരംഗത്ത് ശോഭപരത്തി നിൽക്കുന്നു. പൂക്കോ, പുല്ലൂക്കര പാറാൽ, ചെറുവോട്ട്, പെരിങ്ങത്തൂർ എന്നിവിടങ്ങളിലാണ് ജജമാമസ്ജിദുകളുള്ളത്. പഴയ മുസ്ലീം തറവാടകുളിൽ ആരാധനയ്ക്കുണ്ടായിരുന്ന സ്രാമ്പികൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി നിരവധി പള്ളികൾ വേറെയുമുണ്ട്. വർഗ്ഗീയവികാരം പ്രകടമാക്കുന്നതരത്തിലുള്ള ഒരു സംഭവവും അടുത്ത കാലത്തൊന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഹിന്ദു മുസ്ലീം മൈത്രി യാതൊരു കോട്ടവും തട്ടാതെ അഭംഗുരം തുടർന്നുവരുന്നു കൃസ്ത്യാനികൾ ഇവിടെ നാമമാത്രമാണ്. കുംഭം 1 മുതൽ 5 വരെയാണ് അണിയാരം ശിവക്ഷേത്രത്തിലെ ഉത്സവം. കന്നി 30 തുലാം 10 എന്നിവ കനകതീർത്ഥാടനത്തിനുള്ള വിശേഷാൽ ദിനങ്ങളാണ് ഉത്തരകേരളത്തിന്റെ സ്വന്തം അനുഷ്ഠാനകലയായ തെയ്യം കെട്ടിയാടിയിരുന്ന കാവുകൾ പലതും അന്യം നിന്നുപോയി. കണ്ണംവെള്ളി ഇല്ലം, പൂക്കോം ഒതയോത്ത് എന്നിവിടങ്ങളിലെ തിറയാട്ടങ്ങൾ ഇപ്പോഴില്ല. ഇപ്പോൾ നിലവിലുള്ള തിറ മഹോത്സവങ്ങളിൽ മുഖ്യമായത് പൂക്കോംപുനത്തിൽ മുത്തപ്പൻ തിറ

(വൃശ്ചികം 27,28) മുത്തേടത്ത് തിറയാട്ടം(മകരം 27,28,29) പുല്ലുക്കര കല്ലറ തിറ മഹോത്സവം (മകരം 8,9) എന്നിവ യാണ്. കുന്നത്തൂർ പാടിയിൽ മുത്തപ്പൻ തിറ കെട്ടിയാടി പേരുകേട്ട കലാകാരനായിരുന്നു കൊയിലത്ത് ചന്തു വൈദ്യർ. മീത്തലെ പൊയിൽ കണ്ണൻ പണിക്കർ ഈരം ഗത്ത് ശോഭിച്ച ആളാണ്.

## കാലസാംസ്ക്കാരികരംഗം

വർഷങ്ങൾക്ക്മുമ്പ് കണ്ണംവെള്ളി ഇല്ലത്തിന് സ്വന്ത മായി ഒരു കഥകളി സംഘമുണ്ടായിരുന്നു. പേരുകേട്ട നാട കസംഘക്കാരും ഈ നാട്ടിലുണ്ടായിരുന്നു. സുഭദ്രാഹ രണം, നൈഷധം, കിർമ്മീരവധം തുടങ്ങിയ നാടകങ്ങൾ പലഭാഗങ്ങളിലും അരങ്ങേറിയിരുന്നു. തണ്ട്യാർ പടിക്കൽ കുഞ്ഞാമൻ ഗുരിക്കൾ കഴിവുറ്റ നാടക ശിക്ഷകനായി രുന്നു. പലിയപുരയിൽ അനന്തൻ, ചാലിക്കണ്ടി കേശവൻ, വലിയപുരയിൽ കേശവൻ എന്നിവർ പ്രമുഖനാടക കലാ കാരന്മാരായിരുന്നു. കോൽക്കളി, പൂരക്കളി, രാജസൂയം, കമ്പത്തിന്മേൽ കളി എന്നിവ മുൻ കാലങ്ങളിൽ നാട്ടിൻ പുറങ്ങളിൽ സർവ്വസാധാരണമായിരുന്നു. പഴയകാലത്തെ മുസ്ലീം കല്യാണത്തിന് പുതിയാപ്പിളയെ ആനപ്പുറത്ത് കയറ്റി കരിമരുന്ന് പ്രയോഗത്തിന്റെയും ഗുരിക്കളും കുട്ടി കളും നടത്തുന്ന പരിപാടികളുടെയും അകമ്പടിയോട്കൂടി വധൂഗൃഹത്തിലേക്ക് ആനയിച്ചിരുന്നു. ഇത്തരം കല്യാണ ങ്ങൾകാണുന്നതിന് വേണ്ടി ദൂര ദിക്കുകളിൽ നിന്നുപോലും ധാരാളം ജനങ്ങൾ എത്താറുണ്ട്.

കോൽക്കളി വിദഗ്ദന്മാരുടെ ഒരു നീണ്ട നിരതന്നെ പെരിങ്ങളത്തുണ്ടായിരുന്നു. വലിയപുരയിൽ കേശവൻ, തെക്കൻ കോലടി വിദഗ്ദനും, വട്ടപ്പറമ്പത്ത് ബാപ്പുഗുരി ക്കൾ, കോഴിക്കോടൻ വീട്ടിൽ കുഞ്ഞിക്കണ്ണൻ, കക്കാ യടൻ ചാത്തുക്കുട്ടി എന്നിവർ വടക്കൻ കോലടിയിൽ പ്രവീണരും ആയിരുന്നു. പഴയ തലമുറയിലെ കളരി, കോൽക്കളി ഗുരുക്കന്മാരിൽ പ്രമുഖർ തിരുവമ്പാടി കുഞ്ഞി പ്പക്കി ഗുരിക്കൾ താഴെ മടത്തിൽ മൊയ്തിൻകുട്ടി ഗുരി ക്കൾ, വലിയപറമ്പത്ത് കൃഷ്ണപണിക്കർ, തെക്കെ കുണ്ടി ലോട്ട് ചന്തു നായർ എന്നിവരായിരുന്നു.

ഫ്യൂഡലിസ്റ്റ് വ്യവസ്ഥയുടെ വേരുകൾ ആണ്ടുകിട ക്കുന്ന സമൂഹത്തിൽ മുമ്പുണ്ടായിരുന്ന ആചാരങ്ങളിലും, വിശ്വാസങ്ങളിലും ചിലത് നിലനിൽക്കുകയും പലതും നശിച്ചുപോകുകയും ചെയ്തു. കോഴിയറവ്, വണ്ണാത്തി മാറ്റ് കുത്ത്റാത്തീബ് എന്നിവ അപ്രത്യക്ഷമായി. വേടൻ, കാലൻ, കോതാമൂരി എന്നിവ പഴയവരുടെ ഓർമ്മകളിൽ മാത്രം. ജപിച്ചൂതൽ, മന്ത്രിച്ചുകെട്ടൽ, ഐക്കല്ല്, ഉറുക്ക്, ഏലസ്സ്, പിഞ്ഞാണമെഴുത്ത് മുതലായ ആചാരങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ബലി പുലകുളിഅടിയന്തിരം എന്നിവ ചില പ്രത്യേക സമുദായങ്ങൾ മാത്രമേ ആചരി ക്കുന്നുള്ളൂ. ജന്മി കുടിയാൻ സമ്പ്രദായത്തിന്റെ അവശി ഷ്ടങ്ങളായ അയിത്തം തീണ്ടൽ എന്നിവ പലേടങ്ങളിലും നില്നിന്നിരുന്നു. ഇതിനെതിരെ ഒറ്റപ്പെട്ട ചെറുത്തുനിൽപു കൾ അങ്ങിങ്ങായി ഉണ്ടായിട്ടുണ്ട് കൊട്ടിയൂർ ഇളനീർ ആട്ടം, കൊടുങ്ങല്ലൂർ ഭരണി തുടങ്ങിയ ഉത്സവവേളകളിൽ സംബന്ധിക്കാൻ സംഘം ചേർന്നു യാത്രനടത്തുന്ന സമ്പ്ര ദായം ഇപ്പോഴുമുണ്ട്. സംഘംചേർന്നുള്ള പഴനിയാത്ര കുറവാണ്. പണ്ട്കാലത്ത് പായക്കപ്പലിലും നടന്നും ഹജ്ജി നുപോയവർ ഈ പ്രദേശങ്ങളിലുണ്ട്.

വൈജ്ഞാനിക മേഖല ഏറെ മുമ്പുതന്നെ പ്രദീപ്ത മായിരുന്നുവെന്നുപറയാം. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒടുവിലും ഈ നുറ്റാണ്ടിന്റെ ആരംഭത്തിലും ഇവിടെ വിദ്യാലയങ്ങൾ പ്രവർത്തിച്ചുവന്നതായികാണാം. 1890 ൽ ആരംഭിച്ച അണി യാരം കേളോത്ത് സ്ക്കൂൾ, 1905 ൽ അംഗീകാരം കിട്ടിയ തയുള്ളതിൽ മുസ്ലീം എൽ.പി.സ്ക്കൂൾ 1916 ൽ ആരംഭിച്ച കാടാങ്കുനി യു.പി.സ്ക്കൂൾ എന്നിവ വിദ്യയുടെ ആദ്യകിര ണങ്ങൾ ചൊരിഞ്ഞവയാണ്. ഓത്തുപള്ളികൾ എന്നപേ രിലറിയപ്പെടുന്ന പള്ളികൂടങ്ങളാണ് പിന്നീട് പഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലീം എൽ.പി.സ്ക്കൂളുക ളായി രൂപാന്തരം പ്രാപിച്ചത്. വിദ്യാഭ്യാസത്തിൽ മുസ്ലീം ങ്ങൾ പ്രകടിപ്പിച്ച താല്പര്യത്തെയാണ് ഇത് സൂചിപ്പിക്കു ന്നത്. വിദ്യാഭ്യാസപ്രചരണരംഗത്ത് പ്രശംസനീയമായ സെവനമർപ്പിച്ചവരാണഅ കാക്രോട്ട് വലിയകൃഷ്ണൻ നമ്പ്യാർ, പട്ടർവീട്ടിൽ സൂപ്പി മുസ്ല്യാർ, കളത്തിൽ രാമോട്ടി ഗുരുക്കൾ, വിളായിൽ പോക്കർ സീതി എന്നിവർ. പഴയ ആയുർവേദ വൈദ്യന്മാരിൽ പ്രമുഖർ കിഴക്കയിൽ ചോയി വൈദ്യർ, കൂടത്തിൽ കുഞ്ഞൂട്ടി വൈദ്യർ, തൂലയിൽ സൂപ്പി മുസ്ല്യാർ എന്നിവരായിരുന്നു. തട്ടാങ്കണ്ടി അച്ചതൻ ഡോക്ടർ അലോപ്പതി ചികിത്സാ രംഗത്ത് തിളങ്ങിനിന്നു. ജ്യോതിഷ വിശാരദന്മാരിൽ പ്രമുഖൻ തയുള്ളതിൽ കണാ രൻ ഗുരുക്കളാണ്. പെരിങ്ങത്തൂർ, പുല്ലുക്കര, ചെറുവോട്ട്, പൂക്കോം എന്നിവിടങ്ങളിലുള്ള ദർസുകൾ ലക്ഷദ്വീപുക ളിൽ നിന്ന്പോലും വിദ്യാർത്ഥികളെ ആകർഷിച്ചു വന്നി രുന്നു. മറ്റ്പ്രദേശങ്ങളെ അപേക്ഷിച്ച് കഴിഞ്ഞകാലത്ത് മുസ്ലീം സമുദായത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ വർ പുല്ലുക്കര പ്രദേശത്ത് കൂടുതലുണ്ടായിരുന്നു.

ദേശിയപ്രസ്ഥാനം ശക്തിയാർജിച്ചതോടെ സാംസ്ക്കാ രിക രംഗവും സജീവമായി, 1930 കളുടെ അവസാനം പ്രവർത്തനം ആരംഭിച്ച കാടാങ്കുനിയിലെ നവകേസരി വായനശാല, പിൽകാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചു വന്ന പെരിങ്ങത്തൂരിലെ പഞ്ചായത്ത് ലൈബ്രറി, അണി യാറത്തെ കസ്തൂർബാ ലൈബ്രറി എന്നിവ പ്രവർത്തന രഹിതമായി. 1948 – 50 കളിൽ മുക്കിൽ പീടികയിൽ പ്രവർത്തിച്ചിരുന്ന നാഷണൽ ലൈബ്രറി ആന്റ് റീഡിംഗ്റൂം പിൽകാലത്ത് നിശ്ചലമായി. പൂക്കോം ലിയാഖത്തലി വായ നശാലയും (1947) പിന്നീട് പ്രവർത്തനരഹിതമായി. 1974 ൽ സ്ഥാപിക്കപ്പെട്ട കനകമല ഗരുകുലം ഈ നാട്ടിന്റെ തിലകക്കുറിയായി പരിലസിക്കുന്നു. ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക സ്ഥാപനങ്ങൾ പഞ്ചായ ത്തിലില്ല. പെരിങ്ങളം പഞ്ചായത്ത് സാംസ്ക്കാരികനിലയം അണിയാറത്താണ്. അതിന്റെ കെട്ടിടത്തിലാണ് പ്രൈമറി ഹെൽത്ത്സെന്റർ പ്രവർത്തിക്കുന്നത്. വായനശാലാ ഗ്രന്ഥാലയങ്ങൾ പലതും വാടകക്കെട്ടിടത്തിലാണ്

പ്രവർത്തിക്കുന്നത്. ഗ്രന്ഥശാലാസംഘത്തോട് അഫിലിയേഷനുള്ള ഒറ്റഗ്രന്ഥാലയവും ഇന്ന് ഈ പഞ്ചായത്തിലില്ല. എന്നത് അത്യന്തം ഖേദകരമാണ്. പഞ്ചായത്തിലെ വായനശാലാഗ്രന്ഥാലയങ്ങളുടെ പ്രവർത്തനങ്ങൾ മറ്റ്പ്രദേശങ്ങളെ അപേക്ഷിച്ചു ഏറെ പിന്നോക്കാവസ്ഥയിലാണെന്നു പട്ടിക A വ്യക്തമാക്കുന്നു.

സ്ത്രീകൾ കലാസാംസ്ക്കാരിക രംഗത്ത് വളരെ പിന്നിലാണ്. 1990 – 91 കാലത്തെ സാക്ഷരതാ പ്രവർത്തനരംഗത്ത് സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നവെങ്കിലും പിൽകാലത്ത് അവർ ഈ രംഗത്ത് നിന്നും പിന്മാറുന്നകാഴ്ചയാണ് കാണുന്നത്.

ജനങ്ങളധികം പേരും പത്രപാരായണത്തിൽ തല്പരരാണ്. പ്രചാരത്തിൽ മാതൃഭൂമിയാണ് മുന്നിൽ. വാരികകൾ ഏറെയും വിലകുറഞ്ഞ വിനോദം വിളമ്പുന്നവയാണ് ഗൗരവമുള്ള വായനക്കാർ വളരെ കുറവാണ്. ടി.വി. പരിപാടികളുടെ സ്വാധീനം വലിയവരുടെയും, കുട്ടികളുടെയും വായനശീലത്തെ സാരമായി ബാധിക്കുന്നു. വിദ്യാർത്ഥികളുടെ പഠന നിലവാരം താണുപോകുന്നതിനും അത് കാരണമാകുന്നു. പഞ്ചായത്തിൽ ഏകദേശം അഞ്ഞൂറിൽ താഴെ ടി.വി. സെറ്റുകളുണ്ട്. എന്നാൽ പ്രേക്ഷകരുടെ എണ്ണം ജനസംഖ്യയുടെ പകുതിയിലേറെവരും. പൂക്കോം പെരിങ്ങത്തൂർ എന്നിവിടങ്ങളിൽ കേബൾ ടി.വി. സംവിധാനമുണ്ട്.

ടി.വി.യിൽ വരുന്ന പരസ്യങ്ങൾ ഉപഭോഗസംസ്ക്കാരത്തെ പ്രോത്സാഹിക്കുകയും, സാമൂഹ്യബന്ധങ്ങളിൽ പോലും അകൽച്ചയുണ്ടാക്കുകയും ചെയ്യുന്നു.

കാലപരിപാടികൾ നടത്താനോകായിക മത്സരങ്ങൾ സംഘടിപ്പിക്കാനൊ അനുയോജ്യമായ സ്ഥലങ്ങൾ ഈ പഞ്ചായത്തിലില്ല. കാടാങ്കുനിസ്ക്കൂളിന് സ്വന്തമായി അധികം വലിപ്പമില്ലാത്ത കളിസ്ഥലമുണ്ട്. പുതുതായി ആരംഭിച്ച പെരിങ്ങത്തൂർ ഹൈസ്ക്കൂളിന്റെ ഗ്രൗണ്ട് പണി പൂർത്തിയാവാത്തതാണ് 1950 കളിൽ തന്നെ കാടാങ്കുനി യു.പി. സ്ക്കൂളിൽ സ്ഥിരമായി സ്ക്കൂൾവാർഷികാഘോഷം നടന്ന് വന്നിരുന്നു. സ്ക്കൂൾ യുവജനോത്സവവേദികളിൽ ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ സംസ്ഥാന തലത്തിൽ പോലും മികവ് പ്രകടിപ്പിക്കാറുണ്ട്. അണിയാരം അപ്സര തിയേറ്റർ ഒരു കാലത്ത് അമേച്വർ നാടകരംഗത്ത് പ്രശംസനീയമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

കണ്ണെവെള്ളി ഫ്രന്റ്സും നാടകാവതരണരംഗത്ത് പരിചയം സിദ്ധിച്ചവരാണ്. മുൻകാലത്ത് വിശാലമായ വയലുകളിൽപലേടത്തും വോളിബോൾ കോർട്ടുകൾ നിലവിലുണ്ടായിരുന്നു പെരിങ്ങത്തൂർ, പൂക്കോം, അണിയാരം, പുല്ലൂക്കര എന്നിവിടങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. പ്രമുഖടീമുകളെ പങ്കെടുപ്പിച്ച്കൊണ്ട് മഹാത്മാ യുവക് സെന്റർ കണ്ണവെള്ളി വോളിബോൾ ടൂർണ്ണമെന്റ് വർഷം തോറും നടത്തിവരുന്നുണ്ട് പെരിങ്ങത്തൂരിലെ ജോളിബ്രദേർസ്ക്ലബ് വോളിബോൾകളി പ്രോൽസാഹിപ്പിക്കുന്നതിൽ ഏറെക്കാലമായി സജീവതാൽപര്യം പ്രകടിപ്പിക്കുന്നു. ഫുട്ബോൾ കളി ഈ പഞ്ചായത്തിൽ അധികം പ്രചാരത്തിലില്ലെങ്കിലും മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ വി.പി. സത്യൻ പെരിങ്ങളം പഞ്ചായത്ത് സ്വദേശിയാണെന്നത് അഭിമാനാർഹമാണ്. ടി.വി. പ്രക്ഷേവണത്തിന്റെ വർദ്ധിച്ചസ്വാധീനത്താലാവാം സമീപകാലത്ത് വിദ്യാർത്ഥികളിലും കൗമാരപ്രായക്കാരുടെ ഇടയിലും ഏറ്റവും പ്രചാ

**പട്ടിക B**

**കലാ – കായിക സ്ഥാപനങ്ങളുടെ വിവരം**

| പേര് | വാർഡ് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി/ സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടംഉണ്ടോ | റേഡിയോടി.വി. തുടങ്ങിയവയുണ്ടോ | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| മഹാത്മയുവക് കേന്ദ്രം, കണ്ണംവെള്ളി | 2 | 1989 | 50 | ഇല്ല | ഇല്ല | ഇല്ല | വോളിബോൾ, കലാമത്സരങ്ങൾ നടത്തുക. |
| അഭിലാഷ് സ്പോർട്സ് ക്ലബ്ബ്, കാരപ്പൊയിൽ | 3 | 1980 | 60 | | സ്ഥലമുണ്ട് | റേഡിയോ | സ്പോർട്സ് കലാ പ്രവർത്തനങ്ങൾ |
| അപ്സരതിയേറ്റേഴ്സ്, അണിയാരം | 9 | 1990 | | | | | നാടകാവതരണം |
| ഇ.എം.കണാരൻ മെമ്മോറിയൽ സ്പോർട്സ് & ആർട്സ് ക്ലബ്ബ്, അണിയാരം | 9 | | | | | | |
| ജോളിബ്രദേഴ്സ്, പെരിങ്ങത്തൂർ | 7 | 1975 | | | | | |
| ധർമ്മശാസ്താ ക്ലബ്ബ്, അണിയാരം | 9 | 1994 | | | | | കായിക പ്രവർത്തനങ്ങൾ |

## പട്ടിക A

## പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും വിവരങ്ങൾ

| പേര് | വാർഡ് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 ഫ്രന്റ്സ് വായനശാല, കണ്ണംവെള്ളി | 2 | 1978 | - | 800 | 100 | 4 ദിനപത്രം<br>10 വാരികകൾ<br>3 ബാലമാസികകൾ | നാടകം,കലാപരിപാടി കളുടെ അവതരണം, ചർച്ചായോഗങ്ങൾ. |
| 2 ഫ്രന്റ്സ് ലൈബ്രറി, പുല്ലൂക്കര | 3 | 1970 | - | 400 | - | 2 ദിനപത്രം | |
| 3 വിദ്യോദയം വായനശാല, കൊച്ചിയങ്ങാടി | 4 | 1968 | - | 500 | - | 3 ദിനപത്രം<br>3 വാരികകൾ | |
| 4 എൻ.എ.എം മെമ്മോറിയൽ ലൈബ്രറി, പെരിങ്ങത്തൂർ | 7 | 1992 | | 300 | | 2 ദിനപത്രം<br>1 വാരിക | |
| 5 കസ്തൂർബാ വായനശാല, അണിയാരം | 9 | - | - | - | - | 2 ദിനപത്രം<br>2 വാരികകൾ | |
| 6 പി.എസ്.ഇ.സി. ലൈബ്രറി<br>& വായനശാല, വലിയാങ്ങിപീടിക | 9 | 250 | -<br>- | 3 ദിനപത്രം<br>3 വാരികകൾ | | | |
| 7 ശോണിമ സാംസ്ക്കാരിക കേന്ദ്രം, അണിയാരം | 9 | - | - | 3 ദിനപത്രം<br>12 വാരികകൾ<br>3 മാസികകൾ. | | | |

രമുള്ള കളി ക്രിക്കറ്റാണ് അപൂർവ്വം ചിലേടങ്ങളിൽ കബഡിപരിശീലനം നേടിയ ടീമുകളുണ്ട്. കളരികൾ ഇപ്പോൾ വിരളമായെ പ്രവർത്തിക്കുന്നുള്ളൂ. അടുത്തായി പെരിങ്ങത്തൂരിൽ കരാട്ടെ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്. ദഫ്മുട്ട്, കോൽക്കളി പരിശീലനവും നടക്കുന്നുണ്ട്. പൂക്കോം തെരുവിന്റെ ആഭിമുഖ്യത്തിൽ ഗണേശ് വാദ്യസംഘം എന്ന പേരിൽ ഒരു തായമ്പക സെറ്റ് നിലവിലുണ്ട്. പെരിങ്ങത്തൂർ പുഴയിൽ ഓണക്കാലത്ത് നടത്തുന്ന വള്ളംകളി ജനങ്ങളിൽ ഏറെ കൗതുകം ഉണർത്താറുണ്ട്. പഞ്ചായത്തിൽ കായിക രംഗത്ത് പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വിവരം പട്ടിക B യിൽ ചേർത്തിട്ടുണ്ട്.

മാനവമൈത്രി ദൃഢതരമാകുവാനും സമുദായഐക്യം ഊട്ടിവളർത്തുവാനും കലാ-കായിക സാംസ്ക്കാരിക രംഗത്ത് ആരോഗ്യകരമായ ചലനങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. കേരളോത്സവം പോലുള്ള പരിപാടികൾ ജനപങ്കാളിത്തത്തോടെ സജീവമായി സംഘടിപ്പിച്ചാൽ ഇന്നുനാട്ടിൽ നിലവിലുള്ള വിഭാഗീയചിന്താഗതിയിലും പ്രവർത്തനങ്ങളിലും ആശാസ്യമായ മാറ്റങ്ങളുണ്ടാകുമെന്ന് തീർച്ചയാണ്.

## പ്രശ്നങ്ങൾ

ചിലവാർഡുകളിൽ വായനശാലകളൊ ഗ്രന്ഥാലയങ്ങളൊ തീരെയില്ല. മിനിസ്റ്റേഡിയത്തിന്റെ അഭാവം കലാപ്രദർശനത്തിനും കായിക പരിശീലനത്തിനും തടസ്സമാകുന്നു.

കാലസാംസ്ക്കാരിക രംഗത്ത് പ്രവർത്തകർ മുമ്പത്തേതിലും കുറഞ്ഞുവരുന്നു.

തുടർ സാക്ഷരതാ പ്രവർത്തനം എവിടെയും നടക്കുന്നില്ല. ജനവിദ്യാകേന്ദ്രങ്ങൾ തികച്ചും നിർജ്ജീവമാണ്

അനധികൃത മദ്യവില്പനയും ചൂതാട്ടവും ചിലേടങ്ങളിൽ തുടർന്നു വരുന്നു.

യുവാക്കൾ മദ്യപാനശീലം ഒരു ഫാഷനായികരുതുന്നു.

പുകവലികുറഞ്ഞുവരുന്നുവെങ്കിലും ബീഡ, പാൻപരാഗ് പോലുള്ള ലഹരി പദാർത്ഥങ്ങളുടെ പ്രചാരം വർദ്ധിക്കുന്നു.

പണ്ടുകാലത്തെ ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇപ്പോഴും നിലനിൽക്കുന്നു.

പ്രായപൂർത്തിയാവാത്തപെൺകുട്ടികളുടെ വിവാഹം ഇപ്പോഴും നടന്നുവരുന്നു.

ആഡംബരവും വിവാഹധൂർത്തും കൂടിവരുന്നു.

ടി.വി. പരിപാടികളുടെ സ്വാധീനം അനിയന്ത്രിതമായി വർദ്ധിക്കുന്നു.

ലൈംഗിക സിനിമകളുടെ അതിപ്രസരണം കാരണം സ്ത്രീകളോടുള്ള സാംസ്ക്കാരികശൂന്യമായ സമീപനം വളർന്നു വരുന്നു.

നാടൻ കളികൾ അന്യംനിന്നുപോകുന്നു. നാടൻപാട്ടുകൾ, ബൈത്ത് (അറബിപാട്ട്) എന്നിവ വിസ്മൃതമായികൊണ്ടിരിക്കുന്നു.

സാമൂഹ്യബന്ധങ്ങൾ ശിഥിലമാവുകയും വ്യക്തികൾ അണുകുടുംബങ്ങളുടെ അകത്തളങ്ങളിലേക്കു ഉൾവലിയുകയും ചെയ്യുന്നു.

സ്ക്കൂളുകളിൽ സ്പെഷലിസ്റ്റ് അദ്ധ്യാപകർ ഇല്ലാത്തതിനാൽ കലാ- കായിക പരിശീലനം വേണ്ടത്ര ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

ജനപങ്കാളിത്തത്തോടെ വായനശാലകളും ഗ്രന്ഥാലയങ്ങളും എല്ലാപ്രദേശത്തും ഉണ്ടാകണം. പ്രവർത്തനം നിലച്ചവയെ പുനരിദ്ധരിക്കാം.

മഹിളാ സമാജങ്ങൾ സജീവമാക്കുന്നതിലൂടെ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാം.

വായനശാലകളോട് ചേർന്ന് നല്ല ദൃശ്യ അഭിരുചികളുണ്ടാക്കാൻ വീഡിയോക്ലബ്ബ് ആരംഭിക്കാം.

പുസ്തക ഗൃഹവിതരണ പദ്ധതി ആവിഷ്ക്കരിക്കാം.

കലാസമിതികൾക്ക് ധനസഹായം നൽകിപ്രോൽസാഹനം കൊടുക്കാം.

കേരളോത്സവത്തിൽ നാടൻ കലകൾക്ക് പ്രത്യേക മത്സരം നടത്താം.

എല്ലാവിദ്യാലയങ്ങളിലും പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കാം.

തുടർസാക്ഷരതാപ്രവർത്തനവും ജനവിദ്യാകേന്ദ്രങ്ങളുടെ കർമ്മപരിപാടികളും ആരംഭിക്കുക.

താഴെപൂക്കോത്ത് പഴശ്ശി കനാൽ ഭാഗത്ത് ഒരു സാംസ്ക്കാരിക നിലയം പണിയുവാൻ സൗകര്യമുണ്ട്.

പഞ്ചായത്ത് തലത്തിൽ ഒരു കലാസംസ്ക്കാരിക കോ-ഓഡിനേഷൻകമ്മിറ്റി ഉണ്ടാക്കി പ്രവർത്തനം നടത്താം.



# 9. വനിത

നൂറ്റാണ്ടുകളായി സമൂഹത്തിൽ സ്ത്രീകൾ അനുഭവിച്ചുവരുന്ന പിന്നോക്കാവസ്ഥ പെരിങ്ങളം പഞ്ചായത്തിലും നിലനിന്നു വരുന്നു. വർഷങ്ങൾക്ക് മുമ്പ് ജന്മിത്വത്തിന്റെയും നാടുവാഴികളുടെയും കാലത്ത് സ്ത്രീകൾ അടിമത്വം അനുഭവിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ ഈ സ്ഥിതി മാറി വന്നിരിക്കുകയാണ്. സാത്രീകൾ അവരുടെ സ്വാതന്ത്ര്യത്തിന്റെ പരിമിതികൾ ചെറുതായി ഇന്നും കാണുന്നു. മുൻകാലത്ത് ജോലിസ്ഥലങ്ങളിലും അടുക്കളയിലും മാത്രം ഒതുങ്ങിനിന്ന സ്ത്രീകൾ ഇന്ന് സാമൂഹിക രാഷ്ട്രീയ സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ സജിവ പങ്കാളികളാവുന്നുണ്ട്. എന്നാൽ മുൻ കാലങ്ങളിൽ ഈ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറച്ച് മാത്രമായിരുന്നു. 1990 – ലെ സാക്ഷരതാ പ്രവർത്തനത്തിലൂടെയാണ് സ്ത്രീകൾ സജീവമായി പൊതുരംഗത്തേക്ക് കടന്നുവരുന്നത്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകൾ അവരുടെ പ്രവർത്തനം ഈ രംഗത്ത് ആവശ്യമാണെന്ന ബോധം പലരിലും ഉയർന്നുവരാൻ തുടങ്ങി. 1991 – ലെ സെൻസസ് കണക്ക് പ്രകാരം ചെരിങ്ങളം പഞ്ചായത്തിലെ മൊത്ത് ജനസംഖ്യ 17040 ആയിരുന്നു. ഇതിൽ 9143 സ്ത്രീകളും 7897 പുരുഷന്മാരുമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ പുരുഷന്മാരേക്കാൾ 1246 സ്ത്രീകൾ കൂകടുതലാണ്. പട്ടിക ജാതി–പട്ടിക വർഗ്ഗത്തിൽ പുരിഷന്മാർ 163 ഉം സ്ത്രീകൾ 169 ഉം ആണ്. ജനസംഖ്യാ കണക്ക്പ്രകാരം എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം തുല്യ അനുപാതത്തിൽ ഉണ്ടാവേണ്ടതാണ്.

പഠനനിലവാരത്തിൽ പെൺകുട്ടികളാണ് മുൻപന്തിയിലെങ്കിലും വിദ്യാലയങ്ങളിൽ ആൺകുട്ടികളാണ് എണ്ണത്തിൽ കൂടുതൽ നില്ക്കുന്നത്. പൊതുവെ മുസ്ലീം സമുദായത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന പെൺകുട്ടികൾ വളരെ കുറവാണ്. സ്ത്രീകൾ കൂടുതലായും നിർമ്മാണ ത്തൊഴിലുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. കൃഷി, തയ്യൽ, നൂൽനൂൽപ്, മൺപാത്ര വ്യവസായം, ജില്ലി നിർമ്മാണം എന്നീ രംഗത്താണ് സ്ത്രീകൾ കൂടുതലായും പ്രവർത്തിക്കുന്നത്. വിദ്യാലയങ്ങളിൽ അധ്യാപികമാരാണ് എണ്ണത്തിൽ കൂടുതൽ ഉള്ളത്. പെരിങ്ങളം പഞ്ചായത്തിൽ രണ്ട് DWCRA യൂനിറ്റുകളും ഒരു വനിതാ സഹകരണ സംഘവും ഒരു വനിതാ സഹകരണ പ്രിന്റംഗ്പ്രസ്സും മൂന്ന് ടെയ്ലറിംഗ് യൂനിറ്റുകളുമുൾപ്പെടെ ഏഴ് സ്ഥാപനങ്ങളാണ് സ്ത്രീകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്. സഹകരണ രംഗത്ത് ഇനിയും പുതിയ സംരംഭങ്ങൾ ഉണ്ടാവേണ്ടതാണ്. പരമ്പരാഗത തൊഴിലുകളായ നെയ്ത്തിലും മൺപാത്രവ്യവസായത്തിലും കൂടുതൽ തൊഴിലവസരം ഉണ്ടാക്കാൻ സാധിക്കുന്നതാണ്. ഈ രംഗത്താണ് സ്ത്രീകൾ കൂടുതലും ജോലി ചെയ്തു വരുന്നത്. (താഴെകൊടുത്ത പട്ടിക വ്യക്തമാക്കുന്നു.)

**പരമ്പരാഗത വ്യവസായം**

| ഇനം | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| മൺകല നിർമ്മാണം | 3 | 28 |
| മൺകല വിപണനം | 30 | |
| കൈത്തറി | 54 | 40 |

| ആധുനിക വ്യവസായം | | |
|---|---|---|
| ഇനം | സ്ത്രീകൾ | പുരുഷന്മാർ |
| പവർലൂം | 10 | 13 |
| സ്റ്റോണ്ട ക്രഷർ | 6 | 5 |
| തടിവ്യവസായം | 1 | 13 |
| ഫർണിച്ചർ | - | 17 |
| റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 11 | 2 |
| മെറ്റൽ വർക്സ് | - | 15 |
| സോപ്പ് നിർമ്മാണം | 7 | 4 |
| വർക്ക് ഷോപ്പ് | - | 7 |
| സോഡ നിർമ്മാണം | - | 3 |
| പ്രിന്റിംഗ് | 8 | - |
| പപ്പടനിർമ്മാണം | 2 | 4 |
| വള | 10 | - |
| STD ബൂത്ത് | 4 | - |

സ്ത്രീകൾക്ക്കിട്ടുന്ന വേതനവും പുരിഷൻമാർക്ക കിട്ടുന്ന വേതനവും തമ്മിൽ വളരെയധികം വ്യത്യാസം ഇന്ന് നിലനിൽക്കുന്നു. താഴെകൊടുത്തിരിക്കുന്ന പട്ടിക ഇത് വ്യക്തമാക്കുന്നു.

| തൊഴിൽ | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകത്തൊഴിലാളി | 60 | 35 |
| പപ്പടം | 40 | 30 |
| നിർമ്മാണതൊഴിൽ | 125 | 70 |
| പവർലൂം | 70 | 20 |

സ്ത്രീകളുടെ ആരോഗ്യസംരക്ഷണ രംഗം കൂടുതൽ മെച്ചപെടുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ഇന്ന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം എല്ലാവാർഡുകളിലെ ജനങ്ങൾക്കും ലഭ്യമാകുന്നില്ല. അതുപോലെ ഗർഭിണികളുടെ ശുശ്രൂഷക്കായി ഇവിടെ മറ്റുസംവിധാനങ്ങളൊന്നും തന്നെയില്ല.

കല–കായിക സാംസ്ക്കാരികരംഗത്ത് ഇന്ന് സ്ത്രീകൾ സജീവമായി പങ്കെടുക്കുന്നുണ്ട്. പഞ്ചായത്ത് തലത്തിലുള്ള കേരളോത്സവത്തിൽ സ്ത്രീകൾ പങ്കെടുക്കുന്നുണ്ടെങ്കിലും എല്ലാ പ്രദേശത്തുനിന്നുമുള്ള പ്രാതിനിധ്യം വളരെ കുറവാണ്. പെൺകുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ലാത്തസ്ക്കൂളുകളാണ് മിക്കതും. പൂക്കോം മുസ്ലീം നോർത്ത് എൽ. പി. സ്ക്കൂൾ മാത്രമാണ് പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഏക വിദ്യാലയം.

പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്നരീതിയിലുള്ള പ്രവർത്തനം ഇന്ന് നിലവിലുണ്ട്. അവരെ സജീവമായി രംഗത്ത് കൊണ്ടുവരാനും വേണ്ടപ്രോത്സാഹനങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. അർഹരായവർക്ക് സാമൂഹ്യക്ഷേമപദ്ധതികൾ ലഭ്യക്കാത്ത അവസ്ഥനിലവിലുണ്ട്. റജിസ്റ്റർ ചെയ്ത മൂന്ന് മഹിളാ സമാജങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അണിയാരം അമ്പിളി സാമജം മാത്രമാണ് ഇന്ന് പ്രവർത്തിക്കുന്നത്. വികസനബ്ലോക്കിനു കീഴിൽ വർഷം തോറും നടത്തിവരാറുള്ള ബോധവൽക്കരണക്യാമ്പ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുകയും ധാരാളം സ്ത്രീകൾ പങ്കെടുക്കുകയും ചെയ്യാറുണ്ട്. പുകയില്ലാത്ത അടുപ്പിന്റെ പ്രാധാന്യത്തെകുറിച്ച് എല്ലാ സ്ത്രീകളും ബോധവാന്മാരല്ല.

## പ്രശ്നങ്ങൾ

1. സ്ത്രീകൾ വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ പുരുഷൻമാരെ അപേക്ഷിച്ച് പിന്നിലാണ്.

2. ഗ്രന്ഥാലയങ്ങളും വായനശാലകളും സ്ത്രീകൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

3. ഏത്കാര്യത്തിലും കഴിവില്ലെന്ന്സ്വയം തീരുമാനി ച്ചുകൊണ്ട് പ്രശ്നത്തെ അഭിമുഖീകരിക്കുന്നവരാണ് മിക്ക സ്ത്രീകളും.

4. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മാന്യ മായസ്ഥാനവും പ്രോൽസാഹനവും ലഭിക്കുന്നില്ല.

5. അംഗൻവാടികളും പോഷകാഹരകേന്ദ്രങ്ങളും നില വിൽ എല്ലാപ്രദേശത്തും ഇല്ല.

6. ജോലിസാധ്യതകുറവായതുകൊണ്ട് സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസംനൽകാൻ രക്ഷിതാക്കൾ മടിക്കുന്നു.

7. സ്ത്രീകൾക്കായി പ്രത്യേകം തൊഴിൽ സംരംഭങ്ങളും വനിതാസഹകരണസംഘങ്ങളും വളരെകുറവാണ്.

8. വേതന നിരക്ക് വ്യത്യസ്തമാണ്.

9. ജോലിസുരക്ഷിതത്വം കുറഞ്ഞതുകോണ്ടും മാന്യത കുറവെന്നതോന്നൽകോണ്ടും സ്ത്രീകൾ കൃഷിപണിയിൽ താല്പര്യം കാണിക്കുന്നില്ല.

10. ശൈശവവിവാഹ നിരോധന നിയമം കർശനമായി പാലിക്കുന്നില്ല.

11. സ്ത്രീകളിൽ പൊതുവെ ആഭരണഭ്രമംകൂടുതലാണ്.

12. വായനശീലമുണ്ടെങ്കിലും നിലവാരമുള്ള പ്രസി ദ്ധീകരണങ്ങൾ വായിക്കുന്നകാര്യത്തിൽ പിന്നോക്കം നിൽക്കുന്നു.

13. സ്ത്രീകളിൽപൊതുവെ അന്ധവിശ്വസവും അനാ ചാരങ്ങളും കൂടുതലായി കണ്ടുവരുന്നു.

14. പുരിഷൻമാരുടെ മദ്യപാനം സ്ത്രീകളുടെ മാന സിക ആരോഗ്യത്തെയും ഗൃഹാന്തരീക്ഷത്തെയും പ്രതി കൂലമായിബാധിക്കുന്നു.

## സാധ്യതകൾ

1. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖ ലകൾ കണ്ടെത്തിവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സ്ത്രീകൾക്ക് മനസ്സിലാക്കിക്കൊടുക്കണ്ടതാണ്.

2. എല്ലാമേഖലകളിലും സ്ത്രീകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക വഴി സ്ത്രീകളെ കൂടുതൽ സജീവമാക്കേ ണ്ടതാണ്.

3. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം നൽകുക.

4. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജിതപ്പെ ടുത്തുക വഴി സ്ത്രീകളുടെ സാമൂഹികപുരോഗതി മെച്ച പ്പെടുത്തുവാൻ കഴിയുന്നതാണ്.

5. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്ന ബഹുമുഖപദ്ധതികൾ നടപ്പിലാക്കുക.

6. D.W.C.R.A. യൂണിറ്റുകൾ കൂടുതൽ ആരംഭിക്കുക വഴി സ്ത്രീകൾക്ക് സാമ്പത്തിക സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്.

7. പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം എല്ലാ വാർഡുകളിലും ലഭ്യമാക്കുകയും കൂടുതൽ കാര്യക്ഷമമാ ക്കേണ്ടതുമാണ്.

8.സ്ത്രീ പുരുഷഭേദമന്യേ തുല്യജോലിക്ക് തുല്യവേ തനം ആവശ്യമാണ്.

9. സ്ത്രീകളുടെ സൗകര്യാർത്ഥം സഞ്ചരിക്കുന്ന വായ നശാലകൾസ്ഥാപിക്കുക.

10. സമ്പൂർണമദ്യനിരോധനം ഏർപ്പെടുത്തുക.

11. സ്ത്രീധനം സ്ത്രീപീഡന നിയമങ്ങൾ കർശനമാ ക്കുക.

12. പുകയില്ലാത്ത അടുപ്പിന്റെ പ്രാധാന്യം സ്ത്രീകളെ മനസ്സിലാക്കിക്കൊടുക്കുക.

13. P.H.C. യിൽ ഗൈനക്കോളജിസ്റ്റിനെനിയമിക്കുക.

14. I.C.D.S ഫീഡിങ്ങ് സെന്ററുകൾ ആരംഭിക്കുക.

15. JPHN മാതൃകഗൃഹസന്ദർശന പിരപാടികാര്യക്ഷമ മാക്കുക.

**"ഗ്രാമത്തിൻെറ തുടിപ്പുകളെല്ലാം നാമറിയുന്നൊരു നേരം**
**നമ്മുടെ കാര്യം നമ്മുടെ കയ്യിൽ സുഭദ്രമാക്കും കാലം".**



# 10. സഹകരണ മേഖല

''ഓരോരുത്തരും സമൂഹത്തിനുവേണ്ടിയും എല്ലാവരും ഓരോരുത്തർക്കുവേണ്ടിയും

കടക്കെണികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി രൂപീകൃതമായ സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനങ്ങളുടെ തുടക്കം. ജന പങ്കാളിത്തത്തോടെ താഴെ തട്ടിൽ നിന്നും 9ാം പദ്ധതിയുടെ അടങ്കലിന്റെ 35 - 40%. തുകക്കുള്ള സ്കീമുകൾ രൂപപ്പെടുത്തിയെടുക്കുമ്പോൾ പദ്ധതിയുടെ ആ സൂത്രണത്തിൽ മാത്രമല്ല, വിഭവ സമാഹരണത്തിലും വിജയകരമായി നടപ്പാക്കുന്നതിലും പൂർണ്ണമായ ജനകീയ പങ്കാളിത്തം അത്യാവശ്യമുള്ളപ്പോൾ സഹകരണ മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. നമ്മുടെ സംസ്ഥാനം സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം സ്ത്രീ ക്ഷേമം എന്നീ രംഗങ്ങളിലെന്നപോലെ സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൊണ്ടും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, വനിതാക്ഷേമം പാർപ്പിടം, പട്ടികജാതി/വർഗ്ഗ ക്ഷേമം തുടങ്ങി എല്ലാ മേഖലകളിലും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വഴി നമ്മുടെ സംസ്ഥാനത്തിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്.

60 വർഷങ്ങൾക്ക് മുമ്പ് മീത്തലെ പുക്കോം പ്രദേശത്ത് 30 അംഗങ്ങൾ ചേർന്ന് രൂപം കൊടുത്ത 30ാം കമ്പനിയുടെ പ്രവർത്തനത്തോടെയാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് മീത്തലെ പൂക്കോത്ത് വിവിദോദ്ധേശ്യ ഐക്യനാണയ സംഘം പ്രവർത്തിച്ചിരുന്നു. വി.ഒ.ശങ്കരൻ നമ്പ്യാരായിരുന്നു ഇതിന്റെ സ്ഥാപക പ്രസിഡണ്ട്. ടി.സി. പണിക്കർ, ചെറിയകിഴക്കിയിൽ കേളൻ മാസ്റ്റർ, ടി.കെ. കുഞ്ഞിക്കണ്ണൻ തിണണ്ടുട്ടുമ്മൽ ഗോപാലൻ അടിയോടി പി.കെ. നാരായണൻ, കെ.എം. ബാലകൃഷ്ണൻ നമ്പ്യാർ തുടങ്ങിയവരായിരുന്നു സംഘത്തിന്റെ ആദ്യകാല ഡയറക്ടർമാർ. ജനങ്ങൾക്ക് കാർഷികാവശ്യത്തിന്ന് വായ്പകൾ ലഭ്യമാക്കുകയായിരുന്നു. പ്രഥമോദ്ദേശം എങ്കിലും ആ കാലത്ത് ജനങ്ങൾ വായ്പകൾ സ്വീകരിക്കാൻ വിമുഖത കാട്ടിയിരുന്നു. 1946 ൽ ചൊക്ലി സർവ്വീസ് സഹകണ ബേങ്ക് രൂപികരിച്ച ശേഷം സംഘത്തെ ബാങ്കിൽ ലയിപ്പിച്ചു.

നമ്മുടെ സംസ്ഥാനം സഹകണ പ്രസ്ഥാനങ്ങൾക്ക് മാതൃകകായിട്ടും സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പെ തന്നെ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ രൂപീകൃതമായെങ്കിലും സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികമാഘോഷിക്കുന്ന ഇന്നും സഹകരണ മേഖല ഈ പഞ്ചായത്തിൽ ശൈശവദശയിൽ തന്നെയാണ്. സഹകരണ സ്ഥാപനങ്ങളുടെ ഒരു നീണ്ട നിരതന്നെ മറ്റു പഞ്ചായത്തുകളിൽ പ്രവർത്തിക്കുമ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല.

വിവിധോദ്ദേശ ഐക്യനാണയ സംഘം ചൊക്ലി സർവ്വീസ് സഹകരണ ബേങ്കിൽ ലയിപ്പിച്ചതിനാൽ പെരിങ്ങളം പഞ്ചായത്തും ചൊക്ലിസർവ്വീസ് സഹകരണ ബേങ്കിന്റെ പരിധിയിൽ വന്നു.

പഞ്ചായത്തിന്റെ പരിധിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ

1 ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്
2. പെരിങ്ങളം വനിതാ സഹകരണ സംഘം
3. പെരിങ്ങളം അക്ഷര വനിതാ പ്രസ് വർക്കേർസ് സഹകരണ സംഘം
4. അണിയാരം ക്ഷീരോൽപാദക സഹകരണ സംഘം
5. കാടാങ്കുനി യു.പി. സ്ക്കൂൾ സ്റ്റുഡൻസ് കോ.ഓ.സൊസൈറ്റി.

മീത്തലെ പൂക്കോത്ത് ഒരു കൺസ്യൂമർ കോ.ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകൃതമായി പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കണ്ണൂർ ജില്ലാ സഹകരണ ബേങ്കിന്റെ ഒരു ബ്രാഞ്ച് പെരിങ്ങത്തൂരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ബേങ്കിംഗ് മേഖലയിൽ മാത്രമാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കൈത്തറി, മൺപാത്രനിർമ്മാണം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഈ രംഗങ്ങളിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘവും നമ്മുടെ പഞ്ചായത്തിൽ ഇത് വരെ രൂപീകൃതമായിട്ടില്ല. മാർക്കറ്റിംഗ് സർവ്വീസ് മുതലായ മേഖലകളിലും സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

## ക്രഡിറ്റ് .

### 1. ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക്:

1946ൽ രൂപീകൃതമായ ബേങ്കിന്റെ കീഴിൽ 1976 വരെ പൊതു വിതരണം വിജയകരമായി നടത്തിവന്നിരുന്നു. 1977ൽ പൊതു വിതരണം ബാധ്യതയായി വന്നപ്പോൾ ഈ പരിപാടി ഉപേക്ഷിക്കുകയും ബാങ്കിംഗ് മേഖലയിൽ പ്രവർത്തനം കേന്ദ്രീകരിക്കുകയും ചെയ്തു. 1984 വരെ പ്രൊഫഷണൽ മാനേജ് മെന്റിന്റെ അഭാവവും സഹകരണവകുപ്പിന്റെ തടസ്സങ്ങളും കാരണം കാര്യമായ പുരോഗതി ആർജ്ജിക്കാൻ ബാങ്കിന് കഴിഞ്ഞില്ല. 1984ന് ശേഷം നിക്ഷേപ വായ്പാരംഗങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായെങ്കിലും ബ്രാഞ്ചുകൾ തുടങ്ങാനും പുതിയ പ്രവർത്തന മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാനും സാധിച്ചില്ല. സാങ്കേതിക നവീകരണത്തിന്റെ അഭാവം ബേങ്കിന് വലിയ പ്രശ്നമാണ് 10,000 രൂപയുടെ മുകളിൽ വായ്പകൾ ഇപ്പോൾ സ്വത്ത് ജാമ്യത്തിൽ മാത്രമെ നലകുന്നുള്ളു. ഇപ്പോൾ അഡ്മിസ്ട്രേറ്ററുടെ ഭരണത്തിൽ പ്രവർത്തിക്കുന്ന ബേങ്കിന് പുതിയ ഭരണ സമിതിനിലവിൽ വന്ന് ബൈലോ ഭേദഗതി ചെയ്താൽ മാത്രമെ വായ്പാ പരിധികൾ നീക്കാനും പുതിയ പ്രവർത്തനങ്ങളുമായി ഒരു പരിധിവരെയെങ്കിലും മുന്നോട്ടു പോകാനും സാധിക്കുകയുള്ളൂ. ജനകീയ പങ്കാളിത്തക്കുറവും വായ്പകൾ യാഥാസമയത്ത് തിരിച്ചടക്കാത്തതും ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

നിലവിലുള്ള ക്രെഡിറ്റ് പ്ലാൻ പ്രകാരം പെരിങ്ങളം ഗ്രാമ പഞ്ചായത്തിലെ ബേങ്ക് മെമ്പർമാർക്ക് മാത്രം 12 ലക്ഷം രൂപയെങ്കിലും ഹ്രസ്വകാല വായ്പ ആവശ്യമാണ്. ഇതിൽ 2 ലക്ഷം രൂപ മാത്രമെ നല്കാൻ പറ്റുന്നുള്ളൂ. ജില്ലാ സഹകരണ ബേങ്കിന്റേയും നബാർഡിന്റെയും വായ്പാ നയങ്ങളിൽ മാറ്റം വരുത്തിയാൽ മാത്രമെ കാർഷിക രംഗത്ത് ആവശ്യമായ വായ്പകൾ നല്കാൻ കഴിയുകയുള്ളൂ. ബാങ്ക് സ്ഥിതി ചെയ്യുന്ന ചൊക്ലിയിലേക്ക് ദൂരക്കൂടുതലായതിനാൽ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിന്ന് വായ്പാ ആവശ്യങ്ങൾക്ക് പന്ന്യന്നൂർ കടവത്തൂർ സർവ്വീസ് സഹകരണ ബേങ്കുകളെയും മറ്റു കമേഴ്സ്യൽ ബാങ്കുകളെയും ആശ്രയിക്കേണ്ടിവരുന്നു. ബാങ്കിന്റെ കീഴിൽ പെരിങ്ങത്തൂരിലും മീത്തലെ പൂക്കോത്തും ഓരോ രാസവള വിതരണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

### 2. പെരിങ്ങളം വനിതാ സഹകരണ സംഘം

പൂല്ലൂക്കര മുക്കിൽ പീടികയിൽ പ്രവർത്തിക്കുന്ന പെരിങ്ങളം പഞ്ചായത്ത് പരിധിയായ ഈ സ്ഥാപനം 1992 ൽ രൂപീകൃതമായി. 328 ഓളം അംഗങ്ങളുള്ള ഈ സ്ഥാപനം അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് 5000 രൂപ വരെ വായ്പ നല്കുന്നു. നിക്ഷേപങ്ങൾ പുരുഷന്മാരിൽ നിന്നും സ്വീകരിക്കുന്നുണ്ടെങ്കിലും വായ്പകൾ സ്ത്രീകൾക്ക് മാത്രമെ നല്കുന്നുള്ളൂ. പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വ്യാപിപ്പിക്കാനും ബ്രാഞ്ചുകൾ തുടങ്ങാനും വനിതകൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന സ്ഥാപനങ്ങൾ മുതലായവ ആരംഭിച്ചു പ്രവർത്തനം വ്യാപിപ്പിക്കാനും സംഘത്തിന് ഇതേവരെ കഴിഞ്ഞിട്ടില്ല. ജനപങ്കാളിത്തക്കുറവും സഹകരണ വകുപ്പിന്റെ നിബന്ധനകളും ഇതിന് കാരണങ്ങളാണ്.

**പട്ടിക 1(a)**

| സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | പരമാവധി കടം എടുക്കാവുന്ന സംഖ്യ | ജനങ്ങളിൽ നിന്ന് പിരിഞ്ഞ് കിട്ടിയത് | സർക്കാർ ഓഹരി | ലാഭം നഷ്ടം |
|---|---|---|---|---|---|---|---|---|---|
| ചൊക്ലി സർവ്വീസ് സഹകരണ ബാങ്ക് C-334 | 1946 | പെരിങ്ങളം<br>കരിയാട് ചൊക്ലി പഞ്ചായത്തുകളും ന്യൂമാഹി പഞ്ചായത്തിലെ 2ാം വാർഡ് | 10578<br>2300 | 5<br>1 | 320,000 | 16259<br>530 | 394412 | 96000 | നഷ്ടം |
| പെരിങ്ങളം വനിതാ സഹകരണ സംഘം | 992 | പെരിങ്ങളം പഞ്ചായത്ത് | 326 | 4 | 69300 | 138,600 | 69300 | ഇല്ല | ലാഭം |

1പെരിങ്ങളം പഞ്ചായത്തിലേത്

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാല്ലാത്തതിനാൽ ചൊക്ലി സർവ്വീസ് സഹകരണ ബേങ്കിലെ **പെരിങ്ങളം പഞ്ചായത്തിലെ കണക്കുകൾ പ്രത്യേകം ചേർക്കാൻ സാധിച്ചിട്ടില്ല.**

**പട്ടിക 1 b നല്കിയിട്ടുള്ള വായ്പകൾ**

| സംഘത്തിന്റെ പേര് | കാർഷിക വായ്പകൾ | | മറ്റു വായ്പകൾ | | പ്രത്യേക വായ്പകൾ | |
|---|---|---|---|---|---|---|
| | ഇനം | തുക | ഇനം | തുക | ഇനം | തുക |
| ചൊക്ലി സർവ്വീസ് സഹകരണ ബാങ്ക് | ഹൃസ്വകാലം | 850500 | ഹൃസ്വകാലം | 8507041 | | 488075 |
| | മധ്യകാലം | 250610 | മധ്യകാലം | 697753 | | |
| | ദീർഘ കാലം | 1982449 | | | | |
| പെരിങ്ങളം വനിത സഹകരണ സംഘം | ഇല്ല | ഇല്ല | വ്യക്തിഗത വായ്പകൾ | 1460500 | ഇല്ല | |

**പട്ടിക 1C സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ**

| സംഘത്തിന്റെ പേര് | സ്ഥാപനം | തുക |
|---|---|---|
| ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക് | ജില്ലാ സഹകരണ ബേങ്ക് | 5413362 |
| പെരിങ്ങളം വനിതാ സഹകരണ സംഘം | ഇല്ല | – |

**പട്ടിക 1 d കാലാവധി കഴിഞ്ഞു പിരിഞ്ഞു കിട്ടാനുള്ള വായ്പകൾ**

| പേര് | വായ്പാ സ്വഭാവം | തുക |
|---|---|---|
| ചൊക്ലി സർവ്വീസ് സഹകരണ ബേങ്ക് | ഹൃസ്വകാല കാർഷിക വായ്പ | 379474 |
| | മധ്യകാല കാർഷിക വായ്പ | 198776 |
| | ദീർഘകാല കാർഷിക വായ്പ | 193850 |
| പെരിങ്ങളം വനിതാ സഹകരണ സംഘം | വ്യക്തിഗത വായ്പകൾ | 117002 |

## II ഉത്പാദക സഹകരണ സംഘങ്ങൾ

1996ൽ മുക്കിൽ പീടികിൽ സ്ഥാപിതമായി പ്രവർത്തിക്കുന്ന പെരിങ്ങളം അക്ഷര വനിതാ പ്രസ്സ് വർക്കേർസ് സഹകരണ സംഘം മാത്രമാണ് ഉത്പാദക മേഖലയിൽ പഞ്ചായത്തിലുള്ള ഒരേയൊരുസഹകരണ സംഘം.

സാക്ഷരതാ പരിപാടിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ച ഈ സംഘം ശൈശവദശയിലായതിനാലും പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം കാരണവും മറ്റു പ്രസ്സുകളുടെ ഇടയിൽ പിടിച്ചു നില്ക്കാൻ ബുദ്ധിമുട്ടുന്നുണ്ട്. ഇതിന് സഹകരണ വകുപ്പിന്റെ നിയമങ്ങളും ഒരു കാരണമാണ്. പ്രവർത്തന ഫണ്ടിന്റെ കുറവ് പ്രസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നു. സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തി വിദഗ്ധ പരിശീലനം നല്കുക വഴി നോട്ടുപുസ്തക നിർമ്മാണം മുതലായ മേഖലകളിൽ പ്രവേശിക്കാവുന്നതാണ്.

പൂക്കോം കണ്ണം വെള്ളി പ്രദേശങ്ങളിൽ 150 ഓളം തൊഴിലാളികൾ കൈത്തറി മേഖലകളിൽ പ്രവർത്തിക്കുന്നുണ്ട് ഈ പ്രദേശങ്ങളിൽ കൈത്തറി സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

കനകമല കേന്ദ്രീകരിച്ച് മൺപാത്ര നിർമ്മാണവിപണന സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികോൽപന്നങ്ങൾ ഉപയോഗപ്പെത്തി ആരംഭിക്കാവുന്ന സഹകരണ സംഘങ്ങൾ സാധ്യതയുണ്ടെങ്കിലും ഇതേ വരെ ഒന്നും പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിൽ 2 പട്ടുനൂൽ കൃഷി സഹകരണ സംഘങ്ങൾ പേരിന് മാത്രമായി ഉണ്ട്.

## III ക്ഷീരോൽപാദക സഹകരണ സംഘം.

പഞ്ചായത്തിൽ ധാരാളം ക്ഷീര കർഷകരുണ്ടെങ്കിലും പാൽ സംഭരിച്ചു വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ വേണ്ടത്ര ഇല്ല. അണിയാരം ക്ഷിരോൽപാദക സഹകരണസംഘത്തിന്റെ പ്രവർത്തനം നാമമാത്രമാണ്. രൂപീകരണത്തിന് ശേഷം ആദ്യത്തെ 4 വർഷക്കാലം പ്രവർത്തിച്ചു എങ്കിലും മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ കാരണം പ്രവർത്തനം നിലച്ചു. അടുത്ത കാലത്തായി ചെറിയ തോതിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ നിന്നും സംഭരിച്ചു വിതരണം ചെയ്യാവുന്ന പാലിന്റെ ഒരു ചെറിയ ശതമാനം മാത്രമേ സംഘം വഴി വിതരണം ചെയ്യുന്നുള്ളൂ. കനകമല പ്രദേശത്ത് പാൽ വിതരണം നടത്തുന്നത് ചൊക്ലി ക്ഷീര സഹകരണ സംഘത്തിലാണ്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഇത് വരെ ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടില്ല.

ക്ഷീരകർഷകർ കാലിത്തീറ്റ മുതലായവ പൊതു വിപണിയിൽ നിന്നാണ് വാങ്ങുന്നത്. ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകളും ഇതേവരെ പഞ്ചായത്തിൽ രൂപീകൃതമായിട്ടില്ല.

## IV മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ഇപ്പോൾ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷിക വ്യവസായിക ഉൽപന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കുന്നതിന്ന് മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. എന്ന ആവശ്യം ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിന്ന് ഈ സൊസൈറ്റികളുടെ രൂപീകരണം അത്യാവശ്യമാണ്. പാനൂർകേന്ദമായി നിലവിൽവന്ന മാർക്കറ്റിംഗ് സൊസൈറ്റിയുടെ പരിധിയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെടുന്നുണ്ട്, ഇതിനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## V സർവ്വീസ് സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ മാവേലിസ്റ്റോർ ഇല്ല. ഇത് കാരണം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയിൽ നിന്നാണ് വാങ്ങുന്നത്. പഞ്ചായത്തിൽ സഹകരണ ഹോട്ടലുകൾ ഇല്ല. കാർഷികോപകരണ വിതരണം, വിത്ത്, വളം, എന്നിവയുടെ വിതരണം നടത്തുന്ന സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

**പട്ടിക II പെരിങ്ങളം അക്ഷരം വനിത പ്രസ്സ്**

| സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | മാസത്തെ വരവ് | ഗവ: ഷെയർ പാട്ടിസിപേഷൻ | അംഗീകൃത ഓഹരി മൂലധനം |
|---|---|---|---|---|---|---|
| 1996 | 11 | 7 | 23,000 | 4000<br>5000 | 138000 | 10,00,000 |

## VI സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ N.A.M ഹൈസ്ക്കൂളിൽ ഇതേവരെയും സ്റ്റുഡൻസ് കോ-ഓപറേറ്റീവ് സൊസൈറ്റി രൂപീകരിക്കപ്പെട്ടിട്ടില്ല. കാടാംകുനി U.P. സ്ക്കൂളിൽ ഒരു സൊസൈറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകൾ തന്നെ ഉപയോഗപ്പെടുത്തുന്നില്ല. സ്ക്കൂൾ സ്ഥിതി ചെയ്യുന്നത് ഉൾപ്രദേശത്ത് ആയതും മറ്റുമാണ് കാരണം ഈ സൊസൈറ്റി വഴി ഇപ്പോൾ പുസ്തകങ്ങൾ മാത്രമാണ് വിതരണം ചെയ്യുന്നത്. യൂണിഫോം, സ്റ്റേഷനറി വസ്തുക്കൾ എന്നിവയുടെ വിതരണവും നടത്തേണ്ടതാണ്.

## സഹകരണ രംഗത്ത് നമ്മുടെ പഞ്ചായത്തിലെ സാധ്യതകൾ:-

സഹകരണ സംഘങ്ങൾ വഴി എല്ലാ മേഖലകളിലും വമ്പിച്ച പുരോഗതി ഉണ്ടാക്കാവുന്നതാണ്

1. പെരിങ്ങളം പഞ്ചായത്ത് പരിധിയായുള്ള ഒരു സർവ്വീസ് സഹകരണ ബേങ്ക് സ്ഥാപിക്കുക വഴി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കാർഷിക വ്യവസായിക ആവശ്യങ്ങൾക്കും മറ്റും വായ്പകൾ ലഭ്യമാക്കുവാനും മറ്റു സേവനപ്രവർത്തനങ്ങൾ നടത്തുവാനും സാധിക്കും പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഇതിന്റെ ബ്രാഞ്ചുകൾ തുടങ്ങേണ്ടതാണ്. പുതുതായി സർവ്വീസ് സഹകരണ ബേങ്കുകൾ തുടങ്ങാൻ സാങ്കേതിക പ്രശ്നങ്ങളുണ്ടെങ്കിൽ ചൊക്ലി സർവ്വീസ് സഹകരണ ബേങ്കിന്റെ ബ്രാഞ്ചുകൾ നമ്മുടെ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.

2. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം വഴി നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. സംഘങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിൽ കാർഷിക മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

3.വായ്പാ പരിധികൾ നീക്കം ചെയ്യാൻ നടപടികൾ തുടങ്ങേണ്ടതാണ്.

4. പെരിങ്ങളം വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിച്ച് ഉൽപാദന മേഖലയിൽ വനിതകൾക്ക് തൊഴിൽ സാധ്യത ഉണ്ടാക്കുന്ന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

5. കൈത്തറി വ്യവസായ സഹകരണ സംഘം മൺപ്രാത്ര നിർമ്മാണ സഹകരണസംഘം എന്നിവയോജിച്ച സ്ഥലങ്ങളിൽ ആരംഭിക്കാവുന്നതാണ്.

6. സഹകരണ മേഖലയിൽ സിമന്റ് ജനൽ കട്ടില നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

7. പഞ്ചായത്ത് പ്രവർത്തന പരിധിയിൽ വരുന്ന ചുരുങ്ങിയത് 2 ക്ഷീര സഹകരണസംഘങ്ങളെങ്കിലും രൂപീകരിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സഹകരണ മാവേലിസ്റ്റോറുകളും സഹകരണ ഹോട്ടലുകളും രൂപീകരിക്കാവുന്നതാണ്

9. പഞ്ചായത്തിലേക്ക് ആവശ്യമുള്ള കോഴിമുട്ട ഇറച്ചി എന്നിവ ലഭ്യമാക്കാൻ സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രം

10 ലേബർ കോൺട്രാക്റ്റ് കോ. ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ചാൽ പഞ്ചായത്ത് തലത്തിലുള്ള ജോലികൾ വിജയകരമായി ചെയ്യിക്കാവുന്നതാണ്.

11 സഹകരണ ആശുപത്രിസ്ഥാപിക്കൽ. കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള ആശുപത്രികൾ ഒരു മേഖലയിലും സമീപ പ്രദേശത്തില്ലാത്തതിനാൽ സഹകരണ മേഖലയിൽ ഒരാശുപത്രി പഞ്ചായത്തിന്റെ പ്രധാന കേന്ദ്രത്തിൽ ആരംഭിക്കാവുന്നതാണ്.

12. സഹകരണമേഖലയിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്

13. പുകയില്ലാത്ത അടുപ്പുകൾ ലഭ്യമാക്കൽ

14. പൊതു വിതരണ കേന്ദ്രങ്ങളില്ലാത്ത വാർഡുകളിൽ സഹകരണ സംഘങ്ങളുടെ കീഴിൽ വിതരണ കേന്ദ്രം തുടങ്ങാവുന്നതാണ്.

15. പട്ടിക ജാതി സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

16 DWCRA കൂടുതൽ യൂണിറ്റുകൾ തുടങ്ങി വനിതകൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കൽ

17 മണൽ തൊഴിലാളി സഹകരണ സംഘങ്ങളുടെ രൂപീകരണം.

പട്ടിക 5

**കാടാംകുനി യു.പി.സ്ക്കൂൾ കോ.ഓ.സൊസൈറ്റി**

| രൂപീകരണ വർഷം | എ. ക്ലാസ് | ബി.ക്ലാസ് | മൂലധനം | പുസ്തകം വാങ്ങുന്ന സ്ക്കൂളുകൾ. |
|---|---|---|---|---|
| 1975 | 79 | 462 | 12000 | അണിയാരം L.P.<br>പെരിങ്ങളം നോർത്ത് L.P<br>പെരിങ്ങളം ചാലിയ L.P<br>കടവത്തൂർ U.P |



# 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വെരിങ്ങളം ഗ്രാമപഞ്ചായത്തിലെ മൊത്തംജനസംഖ്യയിൽ 1991 സെൻസ്പ്രകാരം 169 സ്ത്രീകളും 163 പുരുഷന്മാരും പട്ടികജാതിയിൽ പെട്ടവരായുണ്ട്. പട്ടികവർഗ്ഗത്തിൽ സെൻസസ് പ്രകാരമ 1 പുരുഷനും 2 സ്ത്രീകളും ഉണ്ടു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിലും ഈവർഗ്ഗത്തിൽ പെട്ട ആരുംതന്നെ ഈപഞ്ചായത്തിലില്ല.

ദാരദ്ര്യരേഖയ്ക്ക് താഴെയുള്ള 58 കുടുംബങ്ങൾ പട്ടികജാതിയിൽ പെട്ടവരായുണ്ട്. ഇതിൽ 42 കുടുംബങ്ങൾക്ക് IRDP സ്കീമിൽ ഉൾപെട്ട വിവിധ ആവശ്യങ്ങൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

കൃഷിഭവനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 59 കുടുംബങ്ങൾക്ക് 1995-96 വർഷത്തിൽ തെങ്ങ് കൃഷിക്കുള്ളവളം സൗജന്യമായി അനുവദിച്ചു. കൃഷിഭവൻ മുഖേന പട്ടികജാതിക്കാർക്ക് ഓരോവർഷത്തിലും ഓരോസ്കീമുകൾ നടപ്പിലാക്കുന്നുണ്ട്

JRY പദ്ധതി അനുസരിച്ചു വിവിധഇനങ്ങളിൽ ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം

| | വീട് നിർമ്മാണം | വയറിങ്ങ് | കിണർനിർമാണം |
|---|---|---|---|
| 1995-96 | 2 | 4 | 4 |

വീടില്ലാത്തപട്ടികജാതിക്കാർ ഈപഞ്ചായത്തിലില്ല.

## വിദ്യാഭ്യാസം

പട്ടികജാതിയിൽപെട്ട എല്ലാകുട്ടികളും സ്ക്കൂളുകളിൽ പോയി പഠനം നടത്തുന്നവരാണ്. ഇപ്പോൾ വിവിധ സ്ക്കൂളുകളിലായി 17 കുട്ടികൾ പഠനം നടത്തുന്നുണ്ട്. എന്നാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു ഈപഞ്ചായത്തിൽ എസ്സ്. എസ്സ്. എൽ.സിക്കുശേഷം പഠനം നടത്തുന്നവർ വളരെ ചുരുക്കമാണ്. ഉന്നത വിദ്യാഭ്യാസമുള്ളവരായി നാലോ അഞ്ചോപേരേ പട്ടികജാതിക്കാരിൽ ഉള്ളൂ. പത്തിൽ താഴെ അംഗങ്ങൾ മാത്രമേ ഗവർമ്മെണ്ടിൽ നിന്നും ശമ്പളം പറ്റുന്നവർ ഉള്ളൂ. നവോദയ വിദ്യാലയത്തിൽ പഠനം നടത്തുന്ന ഒരു വിദ്യാർത്ഥിയുണ്ട്.

## തൊഴിൽ

ഈപഞ്ചായത്തിൽ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും വ്യത്യസ്തമേഖലകളിൽ തൊഴിലെടുക്കുന്നവരാണ്. പരുഷന്മാരിൽ ഭൂരിഭാഗവും നിർമ്മാണതൊഴിലുകളിൽ ഏർപ്പെട്ടവരാണ്. ഉത്തരകേരളസാംസ്ക്കാരിക പാരമ്പര്യത്തെ കാത്തുസൂക്ഷിക്കുന്ന തെയ്യം കലകളിൽ ഏർപ്പെട്ടവരും ഈ പഞ്ചായത്തിലുണ്ട്. പക്ഷെ ഉത്സവകാലം കഴിയുന്നതോടെ അവരുടെ തൊഴിലിനും വിശ്രമമായി. നിർമ്മാണ തൊഴിലാളികളാണെങ്കിൽ മഴക്കാലം വരുന്നതോടെ ജോലിയില്ലാതെ വലയുന്ന അവസ്ഥയും ഉണ്ട്. സ്ത്രീകളാണെങ്കിൽ, വരുമാനം കിട്ടുന്നയാതൊരുതൊഴിലിലും ഏർപ്പെടാത്തതുകൊണ്ടും ഇവരുടെ ദാരിദ്ര്യത്തിന്റെ ആഴംകൂടുന്നു. എസ്സ്.എസ്സ്.എൽ.സി പാസായ തൊഴിൽ രഹിതരായ ധാരാളം യുവാക്കൾ ഇവിടെയുണ്ട്.

## സാമൂഹ്യപുരോഗതി

സാമൂഹ്യപദവിയിൽ വമ്പിച്ച മാറ്റം ഉണ്ടായിട്ടുണ്ട് ജാതിപരമായ ഉച്ചനീചത്വങ്ങൾ ഈപഞ്ചായത്തിൽ നിലവി

ലില്ല. പട്ടികജാതിയിൽപെട്ടവരുടെ വിവാഹം തുടങ്ങിയച ടങ്ങുകളിൽ എല്ലാവിഭാഗക്കാരും പങ്കെടുക്കുകയും ആഹാരം കഴിക്കുകയും ചെയ്യുന്നുണ്ട്.

**പ്രശ്നങ്ങൾ**

1 ജാതിസർട്ടിഫിക്കറ്റ് കിട്ടാനുള്ള വിഷമം

2 വേണ്ടസമയത്ത് ആനുകൂല്യങ്ങൾ കിട്ടാത്ത അവസ്ഥ

3 കോളണികൾ ഇല്ലാത്തത്

4 വേണ്ടത്രബോധവൽക്കരണമില്ലാത്തത്

5 ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

**സാദ്ധ്യതകൾ**

1 പഞ്ചായത്ത് മുഖാന്തിരം ഒരുസ്ഥിരം ജാതി സർട്ടിഫിക്കറ്റ് കിട്ടാനുള്ള നടപടി ഉണ്ടാകണം

2 പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം അവർക്ക് എത്തിച്ച് വേണ്ടത്രപുരോഗതി ഉണ്ടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ശ്രമിക്കുകയാണെങ്കിൽ ഈ അവസ്ഥ പരിഹരിക്കാവുന്നതാണ്.

3 നിലവിൽ 10 വീടുകൾ ഉണ്ടെങ്കിലെ കോളനി സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയൂ. പെരിങ്ങളം ഗ്രാമപഞ്ചായത്തിൽ ഇങ്ങനെയുള്ള 10 പട്ടികജാതി കുടുംബങ്ങൾ സമീപഭാവിയിൽ ഉണ്ടാവുമെന്നുതോന്നുന്നില്ല. ആയതിനാൽ മൂന്നോനാലോ വീട്ടിൽ ഒന്നിച്ചുനിൽക്കുന്നവർക്കോ, വ്യക്തികൾക്കോ ഈസൗകര്യം ചെയ്തുകൊടുക്കാൻ പഞ്ചായത്ത്ബോർഡിനു അധികാരം വിട്ടുകൊടുക്കേണ്ടതാണ്.

4 എസ്സ്. എസ്സ്. എൽ.സി. പാസായ പട്ടികജാതിക്കാരായ യുവാക്കൾക്ക് വിവധ ജോലികളെപറ്റി അറിവ് പകരുന്ന Employment Guidance Bureau താലൂക്ക് പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുത്തി പ്രവർത്തനമാരംഭിച്ചാൽ ഇങ്ങനെയുള്ളവർക്ക് അത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം കിട്ടുന്നതാണ്.

5 ഇപ്പോൾ പഞ്ചായത്തിൽ താമസിക്കുന്ന ജോലിയുള്ളവരുടെ മക്കൾക്ക് യാതൊരു ആനുകൂല്യങ്ങളും ലഭിക്കാത്ത അവസ്ഥമാറ്റിയെടുക്കേണ്ടതാണ്. ജോലിയുള്ള വ്യക്തിക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചാലും കുട്ടികൾക്ക്, ട്രൈസം, കമ്യൂണിറ്റിപോളി തുടങ്ങിയവയിൽ ജോലിക്ക് പരിശീലനം കൊടുക്കേണ്ടതാണ്.

**ഒരേ മനസ്സും ലക്ഷ്യവുമായ് നാം**
**ഒന്നായ് നീങ്ങീടേണം**
**നമ്മുടെ നാട്ടിനു വളരാനുള്ളൊരു വഴി നാം തേടേണം**
**നൻമകൾ വിളയും നല്ലൊരു നാട്**
**നമ്മൾ തേടേണം**
**ഞാനും നീയും തന്നാൽ കഴിവതു നാടിനു നൽകേണം.**



# 12. വിഭവസമാഹരണം

വെരിങ്ങളം ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗം, കഴിഞ്ഞ കാലങ്ങളിൽ കാർഷികമേഖലയിൽ നിന്നായിരുന്നു. കാർഷികരംഗത്ത് നിലനിൽക്കുന്നപ്രശ്നങ്ങൾ വലിയ ഒരളവോളം ഉൽപാദനത്തെ പ്രതികൂലമായിബാധിച്ചിട്ടുണ്ട്. ഭൂപ്രകൃതിയും താരതമ്യേനഫലഭൂയിഷ്ടമായ മണ്ണും അനുയോജ്യമായ കാലവാസ്ഥയും ലഭിക്കുന്നെണ്ടെങ്കിലും ഉൽപാദന രംഗത്തെ ചിലവിന്റെ വർദ്ധനയും ഉല്പന്നങ്ങൾക്ക് ന്യായമായ വിലലഭിക്കാത്തതും ഈ രംഗത്ത് മാന്ദ്യം ഉണ്ടാക്കിയിട്ടുണ്ട് വർദ്ധിച്ചവരുന്ന കെട്ടിട നിർമ്മാണം കൃഷിയിടങ്ങളുടെ വിസ്തൃതി കുറയ്ക്കുന്നതും ശാസ്ത്രീയകൃഷി സമ്പ്രദായം ഉപയോഗപ്പെടുത്താത്തതും ഉൽപാദനംകുറയുവാനുള്ള കാരണങ്ങളാണ് ന്യായമായ വിലലഭിക്കുന്ന കാർഷികോൽപ്പന്ന സംഭരണകേന്ദ്രങ്ങൾ സ്ഥാപിച്ചും ശാസ്ത്രീയ കൃഷി രീതി സ്വീകരിക്കുവാൻ കർഷകരെ പ്രേരിപ്പിച്ചും കാർഷിക വായ്പക്കുള്ള തടസ്സങ്ങൾ നീക്കിയും ഈ രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും ഗവർമ്മേണ്ട് സഹായങ്ങളും സബ്സിഡികളും യഥാർത്ഥകർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

വിഭവസമാഹരണം സാദ്ധ്യമാകുന്ന മറ്റൊരു പ്രധാന മേഖല വ്യവസായമാണ്. ഈ പഞ്ചായത്തിൽ വൻകിട വ്യവസായസ്ഥാപനങ്ങളൊന്നുമില്ല. ആറോളം ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഉണ്ടെങ്കിലും ചുരുക്കും തൊഴിലാളികൾക്ക് മാത്രമെ തൊഴിൽ ലഭിക്കുന്നുള്ളൂ. സഹകരണ മേഖലയിൽ കൂടുതൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്ത്കൊടുത്ത് കൊണ്ട് ഈ രംഗത്ത് വിഭവസമാഹരണം സാദ്ധ്യമാക്കാം വൈദ്യുതിക്ഷാമം പരിഹരിച്ചും ലോഡ്ഷെഡ്ഡിംങ്ങ് ഒഴിവാക്കിയും ഗൾഫ് മലയാളികളുടെ നിക്ഷേപം സ്വീകരിച്ചും ഈരംഗത്ത് പുരോഗതികൈവരിക്കാം.

**പട്ടിക-1**

**ഇനം**

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വാഹന നികുതി | ലൈസൻസ് ഫീസ് | ഡപ്പോസിറ്റ് | പടുമരങ്ങൾ ഫലവൃക്ഷങ്ങൾ | ഷോപ്പിങ്ങ് കോംപ്ലക്സ് |
|---|---|---|---|---|---|---|---|
| 1085-86 | 58,296.26 | 15,208 | 207.00 | 4,279.75 | 5,378.44 | 623,00 | |
| 1986-87 | 61,603.76 | 16,289 | 191..25 | 3,799.00 | 3,970.09 | 293.30 | |
| 1987.88 | 87,098.55 | 18,556 | 256.50 | 4,928.50 | 14,829.00 | 634.00 | |
| 1988.89 | 91,216.15 | 20706 | 211.50 | 5,942.25 | 4,612.60 | 1227.50 | |
| 1989.90 | 99,386.06 | 23991 | - | 10,342.25 | 9,804.50 | 11830.00 | |
| 1990-91 | 104826.03 | 27320 | | 11014.75 | 2210.090 | 784 | |
| 1991.92 | 112276.60 | 30385 | | 10,836.00 | 9,565,20 | 1,370.00 | |
| 1992.93 | 1,57.702.41 | 31860 | | 10,445.75 | 3,020.25 | 555.00 | |
| 1993.94 | 1,71015.87 | 35150 | | 12,18525 | 43,696.53 | 2,241.00 | |
| 1994.95 | 1,78,611.56 | 46455 | | 12,553.00 | 20,124.45 | 5,438.00 | 17,650.00 |
| 1995.96 | 1,91.037,20 | 54,940 | | 12,798.00 | 20,150.00 | 1,835.00 | 47,776.05 |

ഈ ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനം വിവധ യിനം നികുതികളിൽ നിന്നുമാണ് തനത്‌വരുമാനം പഞ്ചാ യത്തിന്റെ ദൈനംദിന പ്രവർത്തനചിലവുകൾ നിർവ്വഹി ക്കാൻ പോലും പര്യാപ്തമല്ല. ഈതനത് വരുമാനങ്ങളെ ആശ്രയിച്ച് കൊണ്ട് മാത്രം വികസനപ്രവർത്തനങ്ങൾ അസാദ്ധ്യമാണ്. എന്നിരുന്നാലും ശാസ്ത്രീയമായ രീതി യിൽ നികുതിനിർണയിച്ച് നിർബന്ധബുദ്ധിയോടെ മുഴു വൻ നികുതിയും പിരിച്ചെടുത്തു തനത് വരുമാനത്തിൽ നല്ലൊരു ഉയർച്ച കൈവരിക്കാം.( പട്ടിക 1)

### കെട്ടിട നികുതി

ഈ ഇനത്തിലുള്ള നികുതി വരുമാനത്തിൽ കാലനു സൃതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും കെട്ടിടങ്ങ ളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഇത് അപര്യാ പ്തമാണെന്ന് കാണാം. 1985-86ൽ കെട്ടിട നികുതി ഇന ത്തിലുള്ള വരുമാനം 58,296 ആയിരുന്നത് 90-91ൽ 1,04,826 രൂപയായി വർദ്ധിച്ചു. കെട്ടിടനിർമ്മാണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടും 1995-96ൽ ഈ ഇനത്തി ലുള്ള വരുമാനം 1,91,037 രൂപമാത്രമാണ് നുകുതി ചുമ ത്തുന്നതിനുള്ള അശാസ്ത്രീയത മാറ്റേണ്ടിയിരിക്കുന്നു. നിർമ്മാണചിലവിനെ അടിസ്ഥാനമാക്കി നികുതിനിർണ്ണയം നടത്തുന്നില്ലെങ്കിലും തറയുടെ വിസ്തീർണ്ണവും വീടിന്റെ ആഡംബരവും കണക്കിലെടുത്തുവേണം നികുതി ചുമ ത്തുവാൻ വീട് നിർമാണത്തിലെ അനാവശ്യ ധൂർത്ത് ഒഴി വാക്കുവാൻ ഇത് ഉപകരിക്കും നികുതിനിർണ്ണയിച്ചത് എങ്ങ നെയെന്ന് ഉടമസ്ഥരെ ബോധ്യപ്പെടുത്താൻ ഉദ്യോഗ സ്ഥൻമാർക്ക് കഴിയണം. മാത്രമല്ല നികുതിനിർണയത്തിന് ഭരണസമതി ഒരു ഉപസമതി രൂപീകരിക്കുന്നത് ഈ രംഗത്തെ കാര്യക്ഷമമായ അസ്സസ്മെന്റിന്ന് ഉപകരിക്കും നികുതി സാമാന്യവൽക്കരിക്കുമ്പോൾ നികുതിദായകൻ അത് നൽകുന്നതിനുള്ള മനോഭാവം കൂടിവരും ജനപ്രതി നിധികൾ ഉൾപ്പെടുന്ന വാർഡ് തല ജനകീയ കമ്മറ്റിയുടേ സഹകരണം തേടിയും നികുതിപിരിച്ചെടുക്കുന്നത് ഊർജ്ജിതപ്പെടുത്താം. കാര്യക്ഷമമായ പ്രവർത്തനം നട ത്തിയാൽ ഈ ഇനത്തിലുള്ള വരുമാനം 1997-98ൽ 2.5 ലക്ഷം രൂപയായി ഉയർത്താൻ കഴിയും

### തൊഴിൽ നുകുതി

ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനം നാമമാത്രമാണ്. പട്ടിക 1ൽ സൂചിപ്പിക്കന്നതു പോലെ 85-86ൽ 15,208 രൂപയും 90-91ൽ 27,320 രൂപ യുമാണ് ഈ ഇനത്തിലുള്ളവരുമാനം 95-96ൽ പഞ്ചായ ത്ത്പരിധിയിലുള്ള സർക്കാർസ്ഥാപനങ്ങളിലെ ഉദ്യോഗ സ്ഥരിൽനിന്നും എയിഡഡ് സ്കൂൾ അദ്ധ്യാപകരിൽനി ന്നുമായി 36,150 രൂപയും തൊഴിൽ ഉടമകളിൽനിന്ന് 18,810 രൂപയുമാണ് പിരിച്ചെടുത്തത് നുകിതിനിർണ്ണയം കാര്യ ക്ഷമമാക്കിയാൽ 1977-98ൽ ഇത് യഥാക്രമം 46000 രൂപയും 30000രൂപയുമായി ഉയർത്താൻ കഴിയും പെരി ങ്ങത്തൂരിൽ പുതിയഹൈസ്കൂൾ നിലവിൽ വന്നതോടു കൂടി 6,000 രൂപയോളം അധികവരുമാനം ഈ ഇനത്തിൽ പ്രതീക്ഷിക്കാം ക്ഷേമനിധിയിൽ അംഗത്വമുള്ള മുഴുവൻ തൊഴിലാളികളിൽനിന്നും നികുതിപിരിച്ചെടുത്തും കച്ചവ ടക്കാരുടെ വിറ്റ്‌വരവ് ഭരണസമതി നേരിട്ട് പരിശോധിച്ച് നികുതി ചുമത്തിയും ഈ വിഭാഗത്തിൽ വിഭവസമാഹ രണം സാദ്ധ്യമാക്കാം.

### മറ്റ്നികുതികൾ

വാഹന നികുതിയിനത്തിൽ തുച്ഛമായസംഖ്യയാണ് ലഭിച്ചിരുന്നത് 1988- 89 ൽ സർക്കാർ ഈ നികുതി നിർത്താലാക്കിയിതിനാൽ ഈ വരുമാനം ഇപ്പോഴില്ല പഞ്ചാ യത്ത് പരിധിയിൽ ഹാൾട്ട് ചെയ്യുന്ന ബസ്സിന്റെ ഉടമക ളിൽനിന്നും തൊഴൽ നികുതി പിരിച്ചെടുക്കേണ്ടതാണ് അതുപോലെ പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിൽ പാർക്ക്,ചെയ്യുന്ന മുഴുവൻ ഓട്ടോ- ടാക്സി വാഹനങ്ങ ളിൽ നിന്നും സ്റ്റാൻഡ്ഫീ ഈടാക്കിയും നികുതി വർദ്ധ നവ് ഉണ്ടാക്കുവാൻ കഴിയുമെന്നാണ് ഗ്രാമസഭകളിൽനി ന്നുള്ള പൊതുഅഭിപ്രായം.

പഞ്ചായത്തിൽ സിനിമാശാലകൾ ഇല്ലാത്തതിനാൽ വിനോദനികുതിലഭിച്ചുവരുന്നില്ല അതിർത്തിക്കുള്ളിൽ പ്രദർശിപ്പിക്കുന്ന ബോർഡുകൾക്കും മറ്റും പരസ്യനികുതി ഈടാക്കാവുന്നതാണ്. കനകമല ടൂറിസ്റ്റ് കേന്ദ്രമാക്കിയും പെരിങ്ങത്തൂർ പുഴയിൽ ബോട്ട് സർവ്വീസ് ആരംഭിച്ചും വിനോദനികുതി ലഭ്യമാക്കാൻകഴിയും. ആഴ്ചചന്തകൾ നടത്തിയാൽ ആ ഇനത്തിൽ നികുതിയും പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കാർഷികോൽപ്പന്നങ്ങൾ വിറ്റഴി ക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നത്കൊണ്ട് വരുമാ നവർദ്ധനവ് പ്രതീക്ഷിക്കാം ലാന്റ് സെസ്സ് ഇപ്പോൾ പിരി ച്ചെടുക്കുന്നില്ല. അതിന് സാദ്ധ്യതയും വളരെകുറവാണ്

### ലൈസൻസ്ഫീസ്

ഇത് കാര്യക്ഷമമായി പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ലൈസൻസ് എടുക്കുന്നവ രെല്ലാം വർഷാവർഷങ്ങളിൽ പുതുക്കുന്നില്ല വായ്പ പോലുള്ള ആവശ്യം വരുമ്പോൾ മാത്രമാണ് പലരും പുതു ക്കുന്നത്. വായ്പക്കായി ലൈസൻസ് സമ്പാദിച്ചവരും കുറ വല്ല. 1990-91ൽ 11,104 ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിരുന്നത് 1995-96 ൽ 12,798 രൂപയായി മാത്രമേ ഉയർന്നുള്ളു. താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കുറ വാണെന്ന് കാണാം. പുതിയ പഞ്ചായത്ത് രാജ് നിയമ ത്തിലെ സ്ലാബ് സമ്പ്രദായ പ്രകാരം 80% ലൈസൻസ്ഫീ ഇളവിന് അർഹരാകുമ്പോൾ 20% മാത്രമേ നിലവിലുള്ള തിനേക്കാൾ ഫീസ് നൽകേണ്ടവരായിട്ടുള്ളു. ഈവിഭാഗ മാകട്ടെ പഞ്ചായത്തിൽ വളരെ കുറനാണ്.

പട്ടിക II

| YEAR | VTC | M1 | VRM | Basic Tax Grant | Establish Grant | Special Grant75% | Stamp duty75% | Stamp duty25% | United | JRY | Total |
|---|---|---|---|---|---|---|---|---|---|---|---|
| 84-85 | 3271 | 245 | 10560 | – | 20,000 | – | 27705 | – | – | – | 61,781 |
| 85-86 | 487 | 184 | – | – | – | – | 33792 | – | – | – | 34,463 |
| 86-87 | 2883 | 193 | 16980 | 20,489 | – | – | 57669 | 25,000 | – | – | 1,23,214 |
| 87-88 | 1359 | 652 | 9932 | – | 8235 | 5,000 | 40330 | – | – | – | 65, 508 |
| 88-89 | 398 | 571 | 2000 | – | 29031 | 25,000 | 4335 | – | – | – | 61,335 |
| 89-90 | – | 376 7011 | 15,361 | 36440 | 50,000 | 53,067 | 25,000 | – | 3,19,000 | 5,45,090 | |
| 90-91 | 4988 | 376 | 7332 | – | 33985 | 12500 | 74832 | 50,000 | 1,75,000 | 55,000 | 4,14013 |
| 91-92 | 10343 | 376 | 6418 | 5,223 | 70664 | 50,000 | 70926 | 73,734 | 1,96,000 | 1,71948 | 6,55,632 |
| 92-93 | 20465 | 376 | 8456 | 17,420 | 50544 | – | 65627 | 43973 | 1,98,100 | 1,59043 | 5,64,004 |
| 93-94 | – | 376 | 8333 | 17,450 | 25891 | – | 1,12,301 | 30059 | 1,63,000 | 1,81,252 | 5,38,662 |
| 94-95 | 23,000 | 366 | 8050 | 1,29,362 | 40,008 | 25,000 | – | 1,00,000 | 2,35000 | 1,21,372 | 6,82,158 |
| 95-96 | 1,56,708 | 366 | 8052 | 19,915 | 33,729 | 25,000 | | 1,17,556 | – 2,11,500 | 1,19,550 | 6,92,376 |

പഞ്ചായത്തിന്റെ നികുതി വരുമാനം ദൈനംദിന പ്രവർത്തന ചിലവിന് പോലും തികയുന്നില്ല. അപ്പോൾ വികസനപ്രവർത്തനത്തിന് സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുക മാത്രമേ മാർഗ്ഗമുള്ളൂ. കഴിഞ്ഞ വർഷങ്ങളിൽ JRY, ഉപാധിരഹിതഫണ്ട് ഇനങ്ങളിൽ ലഭിച്ച ഫണ്ട് ഉപയോഗിച്ചാണ് സാംസ്കാരിക നിലയം, ഷോപ്പിങ്ങ് കോംപ്ലക്സ്, റോഡ് താറിങ്ങ് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ എന്നിവ നടത്തിയത്. ഇനിയും വുകസനരംഗത്ത് ഏറെ കാര്യങ്ങൾ നടത്തുവാനുള്ള പഞ്ചായത്തിന് ആനുപാതികമായി ഗ്രാന്റുകൾ ലഭിക്കേണ്ടിയിരിക്കുന്നു. സ്വാധീനിച്ചു ഗ്രാന്റുകൾ സംഘടിപ്പിക്കുന്ന അവസ്ഥമാറ്റി ജനസംഖ്യ, വിസ്തീർണ്ണം, പട്ടികജാതി / പട്ടികവർഗ്ഗം എന്നിവ അടിസ്ഥാനമാക്കി ഗ്രാന്റുകൾ വിതരണം ചെയ്യണം JRY ഫണ്ട് ജനറൽ കാറ്റഗറിയിൽ കൂടുതൽ ചിലവഴിക്കുവാൻ അനുവദിക്കുകയും ജനകീയകമ്മറ്റികൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തികൾക്ക് നേരിടുന്ന സാങ്കേതിക തടസ്സങ്ങൾ നീക്കം ചെയ്യപ്പെടുകയും വേണം. ഭൂനികുതി പിരിവ് പൂർണ്ണമായും പഞ്ചായത്തുകളെ ഏല്പിക്കണം. സിവിക് എമനിറ്റീസ്* ഗ്രൂപ്പിൽ പെടുന്ന ആവശ്യങ്ങൾക്ക് പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിപ്പെടുത്തുന്നത് നിരുൽസാഹപ്പോടുത്തി പ്രത്യൽപാദന മേഖലകളിൽ കൂടുതൽ ചിലവഴിക്കപ്പടണം.

## മറ്റു വരുമാനങ്ങൾ

പെരിങ്ങത്തൂരിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 1994–95ൽ നിർമ്മിച്ച ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നും 95–96ൽ 47,776 രൂപ വരുമാനമുണ്ട് വായ്പതിരിച്ചടവ് ഇല്ലാത്തിനാൽ ഈ പണം പൂർണ്ണമായും പഞ്ചായത്ത ഫണ്ടായി ഉപയോഗപ്പെടുത്താൻ കഴിയുന്നു. ഈ ഇനത്തിൽ 85,000 രൂപയുടെ വരുമാനമാണ് വരും വർഷത്തിൽ പ്രതീക്ഷിക്കുന്നത്. ഡെപ്പോസിറ്റ് വകയിൽ ലഭിക്കകുന്ന സംഖ്യ വരുമാനമായി കണക്കാക്കാൻ കഴിയില്ല പടു മരങ്ങളിൽ നിന്നു ഫല വൃക്ഷങ്ങളിൽ നിന്നുമുള്ള വരുമാനം നാമമാത്രമാണ് പൂഴിലേലം വകയിലുള്ള വരുമാനം തുലോം കുറവായതിനാൽ ഈ വർഷം ലേലം നടത്തിയിട്ടില്ല. വ്യാപകമായ കരയിടിച്ചിൽ സംഭവിക്കുന്നതു കൊണ്ട് പുഴയുടെ പാർശ്വഭാഗം കെട്ടാതെ പൂഴി എടുക്കുന്നത് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് കനത്ത ഭീഷണിയാണ്. നിലവിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് വിപുലീകരിച്ചും മാർക്കറ്റ് റോഡിൽ സ്റ്റാളുകൾ സ്ഥാപിച്ചും പുതിയ വരുമാ മാർഗ്ഗം കണ്ടെത്താവുന്നതാണ്. വണ്ണാത്തി തോടിന്ന് സമീപം 110 kv ലൈൻ കടന്ന് പോകുന്ന പ്രദേശത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് പുതിയ ധനമാർഗ്ഗം

കണ്ടെത്താവുന്നതാണ്. പരസ്യനികുതി ചുമത്തിയും സഹകരണാടിസ്ഥാനത്തിൽ കൊപ്ര കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചും ക്ഷീര,സോപ്പ്, മെഴുകുതിരി, അഗർബത്തി, പപ്പടം, വീവിങ്ങ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തും കൊടുത്തും പഞ്ചായത്തിന്ന് കൂടുതൽ വരുമാനം ലഭ്യമാക്കാം ലഭ്യമായ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കാവുന്നതാണ്. മിനിസ്റ്റേഡിയം വരുന്നതോട് കൂടി പഞ്ചായത്തിന്ന് പ്രദർശന നികുതിയും ലഭിക്കും.

## ബാങ്കിങ്ങ് സംവിധാനം.

പെരിങ്ങളം ഗ്രാമപഞ്ചായത്തിൽ ഒരൊറ്റ സർവ്വീസ് സഹകരണ ബേങ്കും പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഈ രംഗത്തെ ശോചനീയമുഖം വ്യക്തമാക്കുന്നു. മുക്കിൽ പീടികയിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘവും പെരിങ്ങത്തൂരിലുള്ള നോർത്ത് മലബാർ ഗ്രമീണബാങ്കും കഴിഞ്ഞ വർഷം ആരംഭിച്ച CDC ബേങ്ക് എന്നിവയാണ് നിലവിലുള്ള ബാങ്കിങ്ങ് സ്ഥാപനങ്ങൾ.

NMG ബാങ്കിന്റെ പ്രവർത്തനം മുഖ്യമായും നമ്മുടെ പഞ്ചായത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കാർഷീക-വ്യവസായിക ആവശ്യങ്ങൾക്ക് വളരെ ഉദാരമായി വായ്പ നലകി വരുന്നുണ്ട്. സംസ്ഥാന നിക്ഷേപ വായ്പാ അനുപാതം 40% ആണെങ്കിൽ ഇവിടെ 130% ആണ് വായ്പകളിൽ 60% ദീർഘകാലവും 40% ഹൃസ്വകാലവുമാണ് ഐ. ആർ. ഡി.പി. വായ്പയായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ യഥാക്രമം 1.61 ലക്ഷം, 6.67 ലക്ഷം, 2.6 ലക്ഷം രൂപ നൽകിയെങ്കിലും ഇതിന്റെ 80% ഓവർഡ്യൂ ആണ് ഇത് ഈ രംഗത്ത് കൂടുതൽ വായ്പ കെടുക്കുന്നതിന്ന് താല്പര്യക്കുറവ് ഉണ്ടാകും. നിക്ഷേപത്തതിന്റെ 130% വായ്പയായി നമ്മുടെ പഞ്ചായത്തിൽ നൽകുന്ന NMG ബാങ്കിന്റെ നിക്ഷേപശതമാനം കഴിഞ്ഞ വർഷങ്ങളിൽ കുറഞ്ഞു വരുകയാണ്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം പേരും പഞ്ചായത്തിന്ന് പുറത്തുള്ള ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപകരാണ് ഈ നിക്ഷേപം മുഴുവൻ പഞ്ചായത്ത് പ്രദേശത്തുള്ള ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുകയാണെങ്കിൽ കാർഷീക കാർഷാകേതര രംഗത്ത് കൂടുതൽ വായ്പാ സൗകര്യം ലഭ്യമാക്കുവാൻ ബാങ്ക് സന്നദ്ധമാണ്. CDC ബാങ്ക് കാർഷികേതര മേഖലയിലാണ് വായ്പനൽകുന്നത്. 1996ൽ 35 ലക്ഷം രൂപ നിക്ഷേഹം വന്നപ്പോൾ 44 ലക്ഷം രൂപ വായ്പ നൽകി എന്നാൽ ഈ വായ്പകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നത് മറ്റ് പഞ്ചായത്തുകളിലാണ് 1992ൽ സ്ഥാപിതമായ പെരിങ്ങളം വനിതാ സഹകരണ സംഘത്തിന്റെ 1996ലെ മൊത്തം നിക്ഷേപം 12,09,448 രൂപയും വായ്പ 14,60,500 രൂപയുമാണ്. പൂർണ്ണമായും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന ഇവിടെ നിക്ഷേപം എല്ലാവരിൽ നിന്നും സ്വീകരിക്കുന്നുണ്ടെങ്കിലും വായ്പ വനിതകൾക്കു മാത്രമേ നൽകുന്നുള്ളൂ. ഇതിനു പുറമേ അമിത പലിശയ്ക്ക് വായ്പ നൽകുന്ന സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ഉണ്ട്. 120% പലിശ ഈടാക്കുന്ന ഇവരിൽ നിന്ന് കടം വീട്ടുന്നതിനും വീട്ടാവശ്യങ്ങൾക്കുമാണ് കടം എടുക്കുന്നത്. സാങ്കേതിക തടസ്സങ്ങൽകൂടാതെ എത്രയും പെട്ടെന്ന് പണം ലഭിക്കുന്നതിനാല്ണ് ആളുകൾ ഇവരെ സമീപിക്കുന്നത്. ഇവരിൽ നിന്ന് കടമെടുത്ത് ടാക്സി വാഹനങ്ങൾ വാങ്ങി ഉപജീവനം നടത്തുന്നവരുമുണ്ട് ബാങ്കിങ്ങ് മേഖലയിൽ കൂടി നിർലോഭമായി വായ്പകൾ ലഭിക്കുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന അവസ്ഥ മാറ്റിയെടുക്കപ്പെടേണ്ടതാണ് ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ സമ്പദ് വ്യവസ്ഥയെ താളം തെറ്റിക്കുന്നുണ്ട്. കൂടുതൽ സഹകരണസംഘങ്ങളും സർവീസ് സഹകരണ ബാങ്കുകളും സ്ഥാപിച്ചാൽ ഇതിന് ഒരുപരിധി വരെ പരിഹാരമാവുകയും വിഭവ സമാഹരണം സാദ്ധ്യമാവുയും ചെയ്യും.

## ചെലവുകൾ

പഞ്ചായത്തിന്റെ ഫണ്ടിന്റെ സിംഹഭാഗവും ഭരണചെലവിന്നാണ് ഉപയോഗിക്കുന്നത് ഇതിൽ തന്നെ നല്ലൊരു ഭാഗം എസ്റ്റാബ്ലിഷ്മെന്റ ചെലവാണ്. ഇത് കുറച്ച് കൊണ്ട് വരിക പ്രായോഗികമല്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പൊതുമരാമത്തിന്ന് നല്ലൊരു സംഖ്യ ചിലവായി റോഡ് ആവശ്യത്തിന്ന് മാത്രമായി ഉപയോഗപ്പെടുത്തേണ്ട ഗ്രാന്റുകളും മറ്റും ഇതിനായി ചിലവഴിക്കപ്പെട്ടു. പഞ്ചായത്തിലെ പ്രധാന മൂന്നുറോഡുകളുടെ താറിങ്ങ് ഈ കാലയളവിലാണ് നടന്നത്. റോഡിൽ മണ്ണ് ഇടുന്നതിന്ന് പണം ചിലവഴിക്കേണ്ടതില്ലെന്ന് ഭരണസമിതി തീരുമാനിച്ചതായി മനസ്സിലാക്കുന്നു. റോഡ് പ്രവർത്തികൾ കഴിയുന്നതും ജനകീയ കമ്മറ്റികളെയും റോഡ് സംരക്ഷണ കമ്മറ്റികളെയും ഏൽപ്പിക്കുന്നതാണ് ഗുണകരം. സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനും നല്ലൊരു തുക ചിലവായിട്ടുണ്ട്. തെരുവ് വിളക്കിന്റെ വൈദ്യുത ചാർജ്ജും ചെറുതല്ല. സാംസ്കാരിക നിലയങ്ങളിലും വായനശാലകളിലും പത്രമാസികകൾ വിതരണം ചെയ്യുന്ന വകയിലുള്ള ചെലവുകളാണ് വിദ്യാഭ്യാസ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെരിങ്ങത്തൂരിൽ ഓവ് ചാലുകൾ നിർമ്മിച്ച വകയിലുള്ളതാണ് 1995-96ൽ ഈ ഇനത്തിലുള്ള പ്രധാന ചിലവുകൾ

## ഗൾഫ് മേഖല

നമ്മുടെ പഞ്ചായത്തിൽ ഗൾഫിൽ ജോലിചെയ്യുന്നവരിൽ നിന്നുള്ള വരുമാനം ഉൽപ്പാദന മേഖലയിൽ ചിലവഴിക്കപ്പെടുന്നില്ല വീട് നിർമ്മാണത്തിന്നും നിലവിലുള്ളവ മോടി കൂട്ടുന്നതിനും ആഡംബര പൂർണ്ണമായ കല്ല്യാണ ആവശ്യങ്ങൾക്കുമാണ് ഇവർ പണം കൂടുതലായി വിനിയോഗിക്കുന്നത് . ഭൗതിക സൗകര്യങ്ങളിലുള്ള ഈ കുതിച്ചുചാട്ടം ജീവിത നിലവാരം സൂചിക ഉയർത്തിയിട്ടുണ്ട്. ഇടത്തരക്കാരെ ജീവിതച്ചിലവിന്റെ വളർച്ച സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും നിർമ്മാണ തൊഴിൽ രംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

മത-സാമൂഹ്യ-സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾക്ക് ഗൾഫ് മലയാളികൾ നിർലോഭമായി സഹകരിക്കാറുണ്ട്. അന്യസംസ്ഥാനങ്ങളിൽ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും വരുമാനം ഏറെകുറെ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്കുതന്നെയാണ് ചിലവഴിക്കപ്പെടുന്നത്. ഈരണ്ട് മേഖലയിലും പെട്ട ചെറിയശതമാനം ആളുകൾ നാട്ടിൽ ബിസിനസ്സിലും മറ്റും നിക്ഷേപിക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്. കേന്ദ്രം സംസ്ഥാനഗവർമെണ്ടകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻകൈഎടുത്ത് ഈ മേഖലയിൽ നിന്നുള്ള വരുമാനം ഉൽപാദനമേഖയിൽ ചിലവഴിക്കപ്പെടുന്നതിന്ന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയാൽ സാമ്പത്തിക രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും.

പുതിയ സംവിധാനത്തിൽ ഭാരിച്ചചിലവുകളാണ് പ്രതീക്ഷിക്കുന്നത്. തനത് വരുമാനവും സർക്കാർ ഗ്രാന്റും ഒപ്പം സന്നദ്ധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചാൽ ഏറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും. വിലമതിക്കുവാൻ കഴിയാത്ത മനുഷ്യ പ്രയത്നങ്ങൾ സന്നദ്ധപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ് സന്നദ്ധ സേവനത്തിൽക്കൂടി പഞ്ചായത്തിൽ നിരവധി റോഡുകൾ നിർമ്മിച്ചിട്ടുണ്ട് കൂടുതൽ റോഡുകളും തടയണകളും നിർമ്മിക്കുന്നതിനും പഞ്ചായത്തിലെ മറ്റ് നിർമ്മാണപ്രവർത്തനങ്ങൾക്കും കുറഞ്ഞചിലവിൽ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

1 തറ വിസ്തീർണവും ആഢംബരത്തവും കണക്കിലെടുത്ത് കെട്ടിട നികുതി ചുമത്തുക.

2 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നത് നിരുത്സാഹപ്പെടുത്തി ട്യൂബ്, ബൾബ് ഉപയോഗിക്കുക.

3 കാർഷിക വ്യവസായിക മേഖല അഭിവൃദ്ധിപ്പെടുത്തുക.

4 കനകമല ടൂറിസ്റ്റ് കേന്ദ്രമാക്കുക.

5 പെരിങ്ങത്തൂർ പുഴയിൽ കൂടി ബോട്ട് സർവ്വീസ് ആരംഭിക്കുക.

6 കച്ചവടക്കാരുടെ വിറ്റ് വരവ് ഭരണ സമിതി നേരിട്ട് പരിശോധിച്ച് നികുതി ചുമത്തുക.

7 ക്ഷേമനിധികളിൽ അംഗമായ എല്ലാ തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കുക.

8 പാർക്ക് ചെയ്യുന്ന ഓട്ടോ-ടാക്സികളിൽ നിന്നും സ്റ്റാന്റ്ഫീ ഈടാക്കുക.

9 പരസ്യനികുതി ഈടാക്കുക.

10 ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന്ന് കാര്യക്ഷമമാക്കി ലൈസൻസ് എടുക്കുന്ന മുഴുവൻ ആളുകളും കൃത്യമായി അടക്കുന്നുമെന്ന് ഉറപ്പ് വരുത്തുക.

11 ഭൂനികുതി പിരിവ് പൂർണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുക.

12 മാനദണ്ഡം അടിസ്ഥാനമാക്കി വിവേചനമില്ലാതെ ഗ്രന്റുകൾ വിതരണം ചെയ്യുക.

13 JRY ഫണ്ട് ജനറൽ കാറ്റഗറിയിൽ കൂടുതൽ ചിലവഴിക്കുവാൻ അനുവദിക്കുക.

14 സിവിക് എമനിറ്റീസ് ഇനങ്ങൾക്ക് ചെലവഴിക്കപ്പെടുന്നത് നിരുൽസാഹപെടുത്തുകയും പ്രത്യുൽപാദന പ്രവർത്തനങ്ങൾക്ക് മുൻഗണനനൽകുകയും ചെയ്യുക.

15 വണ്ണാത്തിതോടിന്ന് സമീപം കമ്മ്യൂണിറ്റി ഹാൾ, പെരിങ്ങത്തൂരിൽ PWD പുറമ്പോക്കിൽ ഷോപിങ് കോംപ്ലക്സ് നിർമ്മിക്കുക.

16 നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ നിക്ഷേപം വർദ്ധിപ്പിച്ച് കൂടുതൽ വായ്പാ സാദ്ധ്യത കണ്ടെത്തുക

17 അമിതപലിശയ്ക്ക് വായ്പനൽകുന്ന സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയും കർശനമായി നിയന്ത്രിക്കുക.

18 പൊതുമരാമത്ത് പ്രവൃത്തികൾ കഴിവതും ജനകീയകമ്മറ്റികളെയും റോഡ് സംരക്ഷണകമ്മിറ്റിയെയും ഏൽപ്പിക്കുക.

19 ഗൾഫ്-അന്യസംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവരുടെ വരുമാനം പ്രത്യുൽപ്പാദന പ്രവർത്തനത്തിന്ന് ഉപയോഗപ്പെടുത്തുകയും ധൂർത്ത് നിയന്ത്രിക്കുകയും ചെയ്യുക

20 പരമാവധി മനുഷ്യ പ്രയത്നങ്ങൾ ഉപോഗപ്പെടുത്തി സന്നദ്ധ പ്രവർത്തനത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടത്തുക.

21 മണൽ തൊഴിലാളി സഹകരണ സംഘം സ്ഥാപിച്ച് പൂഴി ലേലം നടത്തുക

22 ലേബർ കോൺട്രാക്ട് സൊസൈറ്റിസ്ഥാപിക്കുക.,

23 വില്ലേജ് ആഫീസ് പഞ്ചായത്ത് ആഫീസിന്ന് മുകളിൽ സ്ഥാപിക്കുക.

**ഗൾഫിലും മറ്റു സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്നവരുടെ കണക്ക്**

| വാർഡുകൾ | I | II | III | IV | V | VI | VII | VIII | IX | Total |
|---|---|---|---|---|---|---|---|---|---|---|
| ഗൾഫ് | 128 | 91 | 110 | 70 | 134 | 78 | 114 | 18 | 36 | 779 |
| അന്യസംസ്ഥാനം | 74 | 107 | 188 | 119 | 200 | 65 | 103 | 40 | 42 | 938 |
| ഗൾഫിൽ നിന്നും തിരിച്ച് വന്നവർ | 9 | 13 | 8 | 16 | 18 | 6 | 17 | 3 | 8 | 98 |

| ചെലവ് സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഇനം | തുക | | | | | | | | | | |
| | വർഷം | | | | | | | | | | |
| | 85-86 | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
| ഭരണം | 80664 | 91149 | 112836 | 121304 | 129524 | 186660 | 185936 | 218592 | 238741 | 279478 | 315587 |
| പൊതുമരാമത്ത് | 69459 | 26899 | 10432 | 5417 | 25127 | 8293 | 8566 | 20463 | 264673 | 248318 | 172753 |
| വിദ്യാഭ്യാസം | 1543.50 | 1481.25 | 1451 | 1205 | 2895.90 | 5204.55 | 7490 | 9702.55 | 10094.75 | 11210.75 | 2666.70 |
| ജലവിതരണം,ഓടകൾ, പൊതുജനാരോഗ്യം | 5857.50 | 5190.80 | 14347.70 | 13855.35 | 13140.30 | 23661.35 | 22941.20 | 53356.25 | 29052.45 | 37516.20 | 81899.20 |
| തെരുവുവിളക്കുകൾ കത്തിക്കുന്നത് | 14672.74 | 20862.95 | 12395.70 | 11378.55 | 14876.40 | 14876.40 | 17843.80 | 22961.00 | 23115 | 26028 | 20194.50 |
| മറ്റുള്ളവ | 30420.84 | 39717.60 | 79476.45 | 74401.35 | 67829.15 | 303324.70 | 294711.20 | 419738.55 | 110025.72 | 148551.55 | 444710.75 |
| ആകെ | 202617.58 | 185301.60 | 230538.85 | 227561.25 | 253392.75 | 542020. | 537488.20 | 744813.35 | 675701.47 | 751102.50 | 1037811.15 |

VI

# ഉപസംഹാരം

ജാതി മത ചിന്തകൾക്കും കക്ഷി രാഷ്ട്രീയത്തിനും അതീതമായ ഒരു പുതിയ വികസനസംസ്കാരത്തിൻെറ ഉണർത്തുപാട്ടുമായി നാമിനി കർമ്മരംഗത്തിറങ്ങുകയാണ്. നമ്മുടെ പഞ്ചായത്തിൻെറ വികസന മേഖലകളിലെ സമകാലീന അവസ്ഥകളുടെ വസ്തുനിഷ്ഠമായ ഒരു രേഖയാണ് ഈ റിപ്പോർട്ട്. നമ്മുടെ പ്രകൃതി വിഭവങ്ങളും ജനവിഭവങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തി കൃഷി, വ്യവസായം എന്നീ ഉൽപാദന മേഖലകൾ ഊർജ്ജസ്വലമാക്കുകയും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവനമേഖലകൾ വികസിച്ച് അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഒമ്പതാം പദ്ധതികാലത്തെ നമ്മുടെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ നാം മുമ്പെങ്ങോ വഴിയിലുപേക്ഷിച്ച സ്വാശ്രയബോധവും സന്നദ്ധപ്രവർത്തനങ്ങളും തിരിച്ചുകൊണ്ടു വരേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ വികസനസെമിനാറിൽ വിശകലനം ചെയ്യപ്പെടുകയും അവ പിന്നീട് സ്കീമുകളായി രൂപപ്പെടുകയും ചെയ്യും. മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ പദ്ധതിയുടെ പ്രായോഗിക ക്ഷമതയും ഭൂരിപക്ഷം ജനങ്ങളുടെ ആവശ്യ നിർവ്വഹണവും ആധാരമാക്കണം. ഈ വികസന റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രശ്നങ്ങളും സാദ്ധ്യതകളും വികസന സെമിനാറിൽ നടക്കുന്ന ചർച്ചകളിലൂടെ ഉന്നയിച്ചുകൊണ്ട് ഇതിനെ പരിപുഷ്ടമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*19-11-96ന് പെരിങ്ങളം ഗ്രാമപഞ്ചായത്ത് 334/96 തീരുമാനപ്രകാരം പ്രസിദ്ധീകരിക്കുന്നത്.*



# Q-FLEX

# HOUSE WIRING CABLES OF HIGH PERFORMANCE WITH ISI MARK.

IS:6538 ISI

IS:694 ISI



- ★ **ISI** മുദ്രയുള്ള ഇന്ത്യയിലെ ആദ്യത്തെ ഗൃഹവൈദ്യുതീകരണ കേബിൾ.
- ★ ഗുണമേന്മയിൽ അന്തരാഷ്ട്ര നിലവാരമുള്ളത് (IEC)
- ★ 1100 വോൾട്ടേജ് വരെ സുരക്ഷിതമായി താങ്ങാൻ ശേഷിയുള്ളത്.
- ★ സുരക്ഷിത വോൾട്ടേജിൻെറ ആറുമടങ്ങ് വോൾട്ടേജിൽ പരിശോധനാ വിധേയമായത്.

**ശുദ്ധമായ കോപ്പർ, കലർപ്പില്ലാത്ത ഇൻസുലേഷൻ തികവാർന്ന സാങ്കേതികമേന്മ ഇവ മൂന്നിൻെറയും ഒത്തുചേരൽ.**

- ★ നിങ്ങളുടെ വൈദ്യുതി ഉപഭോഗം കാര്യമായി കുറയ്ക്കുന്നു.
- ★ വിദ്യുത് സംരക്ഷണവും നിങ്ങളുടെ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നു
- ★ വിദ്യുത് ശൃംഖലയുടെ ആയുസ്സ് ദീർഘിപ്പിക്കുന്നു.
- ★ വോൾട്ടേജിലും കറൻറിലുമുണ്ടാകുന്ന അപ്രതീക്ഷിത വ്യതിയാനങ്ങളെ അതിജീവിക്കുന്നു.

**Be Indian**
**Bring Quality**
**Buy Quality**

**ഓർമ്മിക്കുക – ക്യൂഫ്ലക്സ് കേബിളുകൾ മാത്രമാണ് നിങ്ങൾക്കും നിങ്ങളുടെ തലമുറകൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത്**

Q FLEX ®

SIGN OF HIGH QUALITY
&
FINEST IN FLEXIBILITY

FROM THE HOUSE OF

## ASIA CABLES & CONDUCTORS

237, 238, SIDCO INDUSTRIAL ESTATE, AMBATTUR, MADRAS - 600 098
PH. 652549, 655398, FAX : (91) 044-6257580 Telegram "CABLE LAND"

**Q-FLEX Safety for You and Your Generations**

*അംഗീകൃത വിതരണക്കാർ*

## ഹൈഡൽ കോർപ്പറേഷൻ

ലോഗൻസ് റോഡ്, തലശ്ശേരി

**Phone : 231908, R: 393321,222971**